

# സത്യദൂതൻ

2020 സെപ്തംബർ | ലക്കം 09

വില ₹ 30

## ഹദ്റത്ത് ഇമാം ഹുസൈൻ(റ): ശഹാദത്തും ചരിത്ര പശ്ചാത്തലവും

## യു എ ഇ – ഇസ്രയേൽ സമാധാന കരാർ

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy Yassarnal Quran Font




**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages




**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at
alislam.org/apps
or scan the QR code below





The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2020 സെപ്തംബർ
ഹി.ശ.1400 - തബൂഖ്
1442 മുഹറം - സഫർ
പുസ്തകം 92 ലക്കം 09
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ സംഗ്രഹം
**അഹ്മദിയ്യാ ജമാഅത്ത് : റസൂൽ തിരുമേനി(സ)യുടെ സത്യ ജമാഅത്ത്**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2020 ജൂലൈ 31-ാം തീയതി യുകെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**10**
**നിരീശ്വരവാദം വിചാരണ ചെയ്യപ്പെടുന്നു**
സബാഹത്ത് അലി രജ്പുത്

**13**
**ഹദ്റത്ത് ഇമാം ഹുസൈൻ(റ): ശഹാദത്തും ചരിത്ര പശ്ചാത്തലവും**
റഫീക്ക് അഹ്മദ് മാത്തോട്ടം

**20**
**നീതിയുടെ ലംഘനങ്ങൾ**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**25**
ഭാഗം - 9
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**32**
ഇസ്‌ലാമും സെക്കുലർ ഡെമോക്രസിയും 6
**മതത്തെ രാഷ്ട്രമാക്കി മാറ്റുവാൻ സാദ്ധ്യമാണോ?**
എ.എം. മുഹമ്മദ് സലീം

**37**
**ഔഷധങ്ങളെക്കുറിച്ചുള്ള അറിവ്**
ഖലീൽ അഹ്മദ്

**40**
കുറിപ്പുകൾ
**യു എ ഇ - ഇസ്രയേൽ സമാധാന കരാർ**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

വിശ്വസിച്ചവരേ നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന്ന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ എപ്പോഴും നീതി പാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവുമടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് നന്നായി അറിയുന്നവനാണ്.(5:9)





## നബിവചനം

ദീനിന്റെ കാര്യത്തിൽ നിങ്ങൾ തീവ്രത സൂക്ഷിക്കുക. നിങ്ങൾക്ക് മുമ്പുള്ളവർ നശിച്ചത് തീവ്രത മൂലമാണ്. (മുസ്നദ് അഹ്മദ്)

## വാഗ്ദത്ത മസീഹിന്റെ വചനം

ഇസ്‌ലാമിന് അതിന്റെ ആരംഭഘട്ടത്തിൽ യുദ്ധങ്ങൾ ചെയ്യേണ്ടി വന്നിട്ടുണ്ട് എന്നത് എന്തിനാണെന്നന്നും എന്ത് കാരണത്താലായിരുന്നുവെന്നും ഉള്ള രഹസ്യം അറിയാത്തവരാണ് അവിവേകികളും സ്വാർത്ഥംഭരികളുമായ ആളുകളാൽ അന്യായമായ കൊലകൾ നടത്തപ്പെടുന്നതിന് കാരണക്കാരെന്ന് എനിക്ക് നല്ലത് പോലെ അറിയാം. ഇതിന്റെയെല്ലാം പാപഭാരം അത്തരം സംഗതികൾ ഗൂഢമായി പഠിപ്പിച്ചുപോന്ന മൗലവിമാരുടെ ചുമലിലാണ് ഉള്ളത്. അതിന്റെ ഫലമായിട്ടാണ് ഈ വേദനാപൂർണ്ണമായ രക്തചൊരിച്ചിലുകൾ സംഭവിച്ചത്. ഇവർ ഭരണാധികാരികളുടെ മുമ്പിലെത്തുമ്പോൾ അവർക്ക് കുമ്പിടാൻ പോലും തയ്യാറെന്ന നിലയിൽ അവരെ അഭിവാദ്യം ചെയ്യാൻ കുനിയുന്നു. എന്നാൽ അവരുടെ കൂട്ടുകാരുടെ സദസ്സിലിരിക്കുമ്പോൾ ഈ രാജ്യം ദാറുൽ ഹർബാണെന്നും ഇവർക്കെതിരായി ജിഹാദ് ചെയ്യേണ്ടത് നമ്മുടെ കർത്തവ്യമാണെന്നുമുള്ള കാര്യമാണ് അടിക്കടി ഊന്നിപറയുന്നത്. (ജിഹാദ്)



# മുസ്‌ലിംകളും യഹൂദരും

മനുഷ്യരാശിയുടെ നരവംശപാരമ്പര്യവും അദ്ധ്യാത്മിക പാരമ്പര്യവും ഒരേ മൂലത്തിൽ നിന്നും ഒരേ സ്‌റോതസ്സിൽ നിന്നും ഉത്ഭവിച്ചതാണെന്ന് വിശുദ്ധ ഖുർആൻ പറയുന്നു.

**'അല്ലയോ മനുഷ്യ സമൂഹമേ, നിങ്ങളെ ഒരേയൊരു സത്തയിൽ നിന്ന് സൃഷ്ടിക്കുകയും അതിൽ നിന്നു അതിന്റെ ഇണയെ സൃഷ്ടിക്കുകയും അവ രണ്ടിൽ നിന്നുമായി നിരവധി പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്ത നിങ്ങളുടെ നാഥനോട് നിങ്ങൾക്കുള്ള കടമയെ കുറിച്ച് ബോധവാന്മാരായിരിക്കുവീൻ.'(സൂറ: അന്നിസാഅ് 4:2) 'ഒരു ദൈവിക മുന്നറിയിപ്പുകാരൻ വന്നിട്ടില്ലാത്ത ഒരു സമൂഹവുമില്ല'(അൽഫാതിർ 35:25)**

ഖുർആനിക വീക്ഷണത്തിൽ ലോകത്തുള്ള എല്ലാ സമൂഹങ്ങളിലും ദൈവിക വെളിപാടുകൾകൊണ്ട് അനുഗൃഹീതരായ പുണ്യാത്മാക്കൾ അവതരിച്ചിട്ടുണ്ട്. അവരിലും അവർ കൊണ്ടുവന്ന യഥാർത്ഥ വേദ പ്രമാണങ്ങളിലും വിശ്വസിക്കൽ ഒരു മുസ്ലിമിന്റെ കടമയാണെന്നാണ് ഇസ്‌ലാം അനുശാസിക്കുന്നത്. ഈ പൊതു അദ്ധ്യാത്മിക പാരമ്പര്യത്തെ ഇസ്‌ലാംമതം ആദരിക്കുകയും സ്വാംശീകരിക്കുകയും ചെയ്യുന്നു.

ലോകത്ത് അറിയപ്പെടുന്ന മൂന്ന് പ്രമുഖ അദ്ധ്യാത്മിക പാരമ്പര്യങ്ങളാണ് സെമിറ്റിക് പാരമ്പര്യം അഥവാ അബ്റഹാമിക പാരമ്പര്യം, ഭാരതീയ പാരമ്പര്യം, കിഴക്കനേഷ്യയിലെ താവോ പാരമ്പര്യം. അതിൽ സെമിറ്റിക് പാരമ്പര്യത്തിലെ മുഖ്യമതങ്ങളാണ് യഹൂദമതം, ക്രിസ്തുമതം, ഇസ്‌ലാംമതം. ഇബ്റാഹിം നബി (അ) യുടെ സന്താനങ്ങളായ ഇസ്മായിൽ (അ)ൽ നിന്നും ഇസ്ഹാഖ് (അ)ൽ നിന്നുമാണ് അറബികളുടെയും ഇസ്‌റയേൽ ജനതയുടെയും ഗോത്രപരമ്പര കണക്കാക്കപ്പെടുന്നത്. ആ അർത്ഥത്തിൽ അവർ സഹോദര സമുദായങ്ങളാണ്. ഇബ്റാഹിം നബി(അ)യുടെ ആത്മീയ പാരമ്പര്യത്തെ ഇസ്‌ലാംമതം സ്വാംശീകരിക്കുകയും അങ്ങേയറ്റം ആദരിക്കുകയും ചെയ്യുന്നു. ഖുർആൻ പറയുന്നു:

**'സൽക്കർമ്മങ്ങൾ ചെയ്യുന്നവനായിരിക്കെ തന്നത്താൻ അല്ലാഹുവിൽ അർപ്പിക്കുകയും ഋജുമാനസനായ ഇബ്റാഹിമിന്റെ മതത്തെ പിൻപറ്റുകയും ചെയ്യുന്ന ഒരുത്തനെക്കാൾ ഉത്തമനായ മതവിശ്വാസി ആരാണ്? ഇബ്റാഹിമിനെ അല്ലാഹു തന്റെ ഉറ്റ സുഹൃത്താക്കിയിരിക്കുന്നു' (അന്നിസാഅ് 4: 126)**

ഇസ്രയേൽ സമൂഹവും മുസ്‌ലിംകളും ആജന്മ ശത്രുക്കളാണ് എന്ന രീതിയിലുള്ള പ്രചാരണം വിശുദ്ധ ഖുർആന്റെ അദ്ധ്യാപനത്തിന്ന് വിരുദ്ധമാണ്. യഹൂദ സമുദായത്തിൽ നല്ലമനുഷ്യരുണ്ട് എന്നാണ് ഖുർആൻ പറയുന്നത്. **'സത്യമനുസരിച്ചു വഴികാട്ടുകയും അതുമുഖേന നീതി പാലിക്കുകയും ചെയ്യുന്ന ഒരു സമുദായം മൂസായുടെ ജനങ്ങളിലുണ്ട്'(അൽ അഅ്റാഫ് 7:160)** എന്നാൽ ആ സമൂഹത്തിലെ അക്രമകാരികളെ പറ്റിയും ഖുർആൻ സൂചിപ്പിക്കുന്നു. **'തൗറാത്തും ഇഞ്ചീലും അവരുടെ നാഥനിൽ നിന്ന് ഇറക്കപ്പെട്ടതും അവർ മുറപ്രകാരം പ്രയോഗത്തിൽ വരുത്തിയിരുന്നുവെങ്കിൽ അവർ തങ്ങളുടെ മേൽ ഭാഗത്ത് നിന്നും അവരുടെ കാലുകളുടെ കീഴെ നിന്നും (നല്ല വസ്തുക്കൾ ശേഖരിച്ച്) ഭക്ഷിക്കുമായിരുന്നു. മിതത്വം സ്വീകരിക്കുന്ന ഒരു കൂട്ടർ അവരിലുണ്ട്. പക്ഷേ അധിക പേരും പ്രവർത്തിക്കുന്നത് എത്രയും ചീത്തയായിട്ടുള്ളതാണ്.'(അൽ മായിദ 5:67)**

ആധുനിക കാലത്ത് ഇസ്രയേൽ രൂപീകരണവുമായി ബന്ധപ്പെട്ട് സിയോണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആവിർഭാവത്തിന്ന് ശേഷമാണ് യഹൂദ-മുസ്‌ലിം ശാത്രവം കൂടുതൽ തീക്ഷ്ണമായത്. സാമ്രാജ്യത്വവും കോളോണിയൽ ചൂഷണവും കൂടി ആ സംഘർഷാവസ്ഥ നിലനിർത്തുകയും ചെയ്യുന്നു. കഴിഞ്ഞ നൂറ്റാണ്ടുവരെ യൂറോപ്പിൽ വ്യാപകമായ യഹൂദ പീഢനങ്ങളുണ്ടായപ്പോൾ മുസ്‌ലിം നാടുകളിലായിരുന്നു യഹൂദർ ഏറ്റവും സുരക്ഷിതരായി ജീവിച്ചത്. ഇത് ഒരു ചരിത്ര യാഥാർത്ഥ്യമാണ്. ഏതായാലും അല്ലാഹുവിന്റെ ഖലീലായ ഇബ്രാഹിം നബി (അ) യെ ഗോത്രപിതാവായും ആത്മീയ നേതാവായും കരുതുന്ന മുസ്‌ലിം യഹൂദ സമൂഹങ്ങൾ സമാധാനത്തിൽ വർത്തിക്കുമാറാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.



ഹദ്റത്ത് അഹ്മദ് (അ)

# മനുഷ്യസമൂഹത്തിന്റെ ഐക്യം

അല്ലാഹുവിന്റെ സത്തയിൽ ഏകത്വം ഉള്ളത് പോലെ ശാശ്വതമായ ദൈവിക ദാസ്യത്തിന്ന് വേണ്ടി സൃഷ്ടിക്കപ്പെട്ട മനുഷ്യ സമുദായത്തിന്നും ഏകത്വം തന്നെയാണ് അവൻ വിധിച്ചിരിക്കുന്നത്. വംശവർദ്ധന കാരണം മനുഷ്യ സമുദായത്തിൽ രൂപപെട്ടിട്ടുള്ള വൈവിധ്യങ്ങൾ തന്നെയും പൂർണ്ണമായ മനുഷ്യൈക്യത്തിന്ന് വേണ്ടിയുള്ള മുന്നൊരുക്കമായിരുന്നു. ആദ്യം മനുഷ്യ സമുദായത്തിൽ ഏകതയുടെ വിഭിന്ന ശാഖകൾ സ്ഥാപിച്ചുകൊണ്ട് പിന്നീട് പൂർണ്ണമായ ഐക്യവൃത്തത്തിൽ ഏകോപിപ്പിക്കുവാനായിട്ടാണ് ദൈവം ഇച്ഛരിക്കുന്നത്. ആകയാൽ ദൈവം സമുദായങ്ങളുടെ വ്യത്യസ്ത ശാഖകൾ ഏർ പ്പെടുത്തുകയും ഓരോ സമുദായത്തിന്നും ഓരോ ഏകത സൃഷ്ടിക്കുകയും ചെയ്തു. സമുദായങ്ങൾ പരസ്പരം പരിചയപ്പെടുന്നതിന്ന് സൗകര്യവും എളുപ്പവും ഉണ്ടാക്കുകയും അവർ പരസ്പരം ബന്ധപ്പെടുന്നതിന്ന് താമസം സംഭവിക്കാതിരിക്കുകയും വേണമെന്നതാണ് ഇതിന്റെ രഹസ്യം. സമുദായങ്ങളുടെ ചെറിയ ചെറിയ ഘടകങ്ങൾ തമ്മിൽ പരിചയപ്പെടുന്നതോടെ മുഴുവൻ സമുദായങ്ങളെയും ഒരു സമുദായമാക്കി ഒന്നിപ്പിക്കുവാനാണ് ദൈവം ഇച്ഛരിക്കുന്നത്. ഉദാഹരണമായി ഒരാൾ ഒരുതോട്ടം നിർമ്മിക്കുവാൻ ഇച്ഛരിക്കുന്നുവെന്നിരിക്കട്ടെ, തോട്ടത്തിൽ വ്യത്യസ്തങ്ങളായ ചെടികളെ വ്യത്യസ്തങ്ങളായ ഗണങ്ങളായി വേർതിരിക്കുകയും അതിൽ പിന്നെ തോട്ടത്തിന്ന് ചുറ്റുമായി മതിൽ കെട്ടി വൃക്ഷങ്ങളെയെല്ലാം ഒരൊറ്റ വൃത്തത്തിൽ ഒതുക്കുകയും ചെയ്യുന്നു. ഇതിലേക്ക് തന്നെയാണ് വിശുദ്ധ ഖുർആൻ സൂചന നൽകിയിരിക്കുന്നത്.

***'ഓ ലോകത്തിന്റെ വിവിധ നബിമാരെ വിവിധ സമുദായങ്ങളിൽ നിന്ന് ലോകത്ത് ഒരുമിച്ച്കൂട്ടി യിട്ടുള്ള ഈ മുസ്‌ലിംകളായ നിങ്ങളെല്ലാവരും ചേർന്ന് ഒരു സമുദായമാകുന്നു. അവർ എല്ലാവരി ലും വിശ്വസിക്കുന്നു. ഞാൻ നിങ്ങളുടെ ദൈവം ആയിരിക്കയാൽ നിങ്ങളെല്ലാവരും ചേർന്ന് എന്നെ ആരാധിക്കുവീൻ.'*** *(21: 93)*

ഈ അനുക്രമങ്ങളായ ഐക്യത്തിന്റെ ഉദാഹരണം ഇതാണ്. ഓരോ മഹല്ലുകളിലേയും ആളുകൾ തങ്ങളുടെ മഹല്ലുകളിലെ പള്ളികളിൽ അഞ്ചു നേരം ഒരുമിച്ചു കൂടുന്നതിന്ന് കൽപ്പിച്ചു. പിന്നീട് ഈ പട്ടണത്തിലെ മുഴുവൻ ജനങ്ങളും ഏഴാം ദിവസം ജാമിയാ മസ്ജിദിൽ എന്ന് വെച്ചാൽ എല്ലാവർക്കും ഒരുമിച്ചു കൂടാൻ സൗകര്യമുള്ള വലിയൊരു പള്ളിയിൽ ഒന്നിച്ചു ചേരാൻ കൽപ്പിച്ചു. പിന്നെ കൊല്ലത്തിലൊരിക്കൽ മുഴുവൻ നഗരത്തിലേയും ചുറ്റുവട്ടത്തിലെ ഗ്രാമങ്ങളിലേയും ജനങ്ങൾ ഈദ് ഗാഹിൽ ഒന്നിച്ചു ചേരാൻ കൽപിച്ചു. പിന്നെ ജീവിതത്തിൽ ഒരിക്കൽ ലോകത്ത് മുഴുവനുമുള്ള ജനങ്ങൾ ഹജ്ജിന്റെ അവസരത്തിൽ ഒരിടത്ത് അതായത് പരിശുദ്ധ മക്കയിൽ സമ്മേളിക്കുവാനും കൽപ്പിച്ചു. അങ്ങനെ അല്ലാഹു ക്രമത്തിൽ ക്രമത്തിലായി സമുദായത്തിന്റെ ഐക്യം ഹജ്ജ് വേളയിൽ പരിപൂർണ്ണതയിൽ എത്തിച്ചു.

(ചശ്മെ മഅ്രിഫ 137)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2020 ജൂലൈ 31-ാം തീയതി യുകെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

# അഹ്മദിയ്യാ ജമാഅത്ത്:
# റസൂൽ തിരുമേനി(സ)യുടെ സത്യ ജമാഅത്ത്




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ആഗമനോദ്ദേശ്യം ഇപ്രകാരം വിവരിക്കുന്നു. തന്റെ ജമാഅത്ത് തിരുനബി(സ)നെ ഖാത്തമുന്നബിയ്യീൻ ആണെന്ന് അംഗീകരിക്കുകയും, യഥാർഥത്തിൽ തിരുനബി(സ) ജീവൽ നബി ആണെന്നതു സംബന്ധിച്ചും വളരെ മഹത്തായ, ജ്ഞാനനിർഭരമായ പാഠങ്ങൾ നൽകിയിരിക്കുന്നു. തിരുനബി (സ)ന്റെ സ്ഥാനമാഹാത്മ്യ

ത്തെ വിവരിച്ചിരിക്കുന്നു. നമ്മുടെ എതിരാളികൾ, നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) നെ സ്വീകരിച്ചുകൊണ്ട് (നഊദുബില്ലാഹ്) തിരുനബി(സ) ന്റെ സ്ഥാനമഹാത്മ്യത്തെ ഇകഴ്ത്തുന്നുവെന്ന് ആക്ഷേപിക്കുന്നു. നമ്മുടെ എതിരാളികൾ പാകിസ്ഥാൻ അസംബ്ലികളിൽ, പ്രമേയങ്ങൾ പാസ്സാക്കിക്കൊണ്ട് തങ്ങൾ വലിയകാര്യം ചെയ്തുവെന്ന് മിഥ്യാഭിമാനം പുലർത്തുന്നു. അവർ പറയുന്നു, നോക്കുക, ഞങ്ങൾ തിരുനബി(സ)ന്റെ നാമത്തോടൊപ്പം ഖാത്തമുന്നബിയ്യീൻ എന്നെഴുതുന്നത് നിർബന്ധമാക്കി കൊണ്ട് വളരെ നല്ല രീതിയിൽ തിരുനബി(സ)യോടുള്ള സ്നേഹവും തിരുനബി(സ)യുടെ മഹത്വവും പ്രകടമാക്കിയിരുന്നു. ഇനി അവരുടെ ഹൃദയവും യഥാർഥത്തിൽ അവരുടെ ഈ വാക്കുകൾക്ക് സാക്ഷ്യം നൽകിക്കൊണ്ട്, അവരെ തിരുനബി(സ)ന്റെ പരിശുദ്ധ മാതൃകകളെ പ്രാവർത്തികമാക്കുന്നവരാക്കുകയാണെങ്കിൽ, തീർച്ചയായും ഇത് വളരെ നല്ലകാര്യം തന്നെ. എന്നാൽ അവരുടെ കർമങ്ങൾ അവരെ നബി(സ) നൽകിയ അധ്യാപനത്തിൽ നിന്ന് ബഹുകാതം വിദൂരതയിലാക്കിയിരിക്കുന്നു. ഇവർ മനസിലാക്കുന്നത് ഖാത്തമുന്നബിയ്യീൻ എന്ന പദം എഴുതുന്നത് നിർബന്ധമാക്കികൊണ്ട് വളരെ മഹത്തായ കർമം ചെയ്തിരിക്കുന്നുവെന്നും അഹ്മദികളുടെ മാർഗത്തിൽ തടസ്സമുണ്ടാക്കി എന്നുമാണ്. എന്നാൽ ബുദ്ധിശൂന്യരായ ഇവർക്ക്, അഹ്മദികളാണ് ഏറ്റവുമധികം ഖാത്തമുന്നബിയ്യീന്റെ യാഥാർഥ്യം മനസിലാക്കുന്നവർ എന്നറിയില്ല. അത് നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആണ് നൽകിയത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ വാക്കുകളിലുള്ള ദൃഢതയുടെ അടുത്ത് പോലും എത്താൻ ഇവർക്ക് സാധ്യമല്ല. അദ്ദേഹത്തിന്റെ ഒരോരോ നിമിഷവും കർമവും ഖാത്തമുൽ അമ്പിയാഅ് തിരുനബി(സ) യോടുള്ള അനുരക്തിയും സ്നേഹവും പ്രകടമാക്കുന്നതാണ്. ഇവരുടെ ചിന്തകൾക്ക് അവിടെ എത്താൻ സാധ്യമല്ല. തന്റെ ആഗമനോദ്ദേശ്യവും പ്രസ്ഥാനത്തിന്റെ പുരോഗതിയേയും വിവരിച്ചുകൊണ്ട്, എതിരാളികളെ സംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറയുന്നു:

എന്റെ ആഗമനത്തിന് രണ്ട് ലക്ഷ്യങ്ങളുണ്ട്. മുസ്ലിംകളെ സംബന്ധിച്ചിടത്തോളം അത് ഇപ്രകാരമാണ്, അവർ യഥാർഥ ഭയഭക്തിയിലും പരിശുദ്ധിയിലും നിലനിൽക്കണം. മുസ്ലിം എന്ന വിവക്ഷയിൽ അല്ലാഹു ഇച്ഛിക്കുന്ന വിധമുള്ള മുസ്ലിമാകണം. സമ്പൂർണ അനുസരണത്തോടെ അല്ലാഹുവിന്റെ കൽപനകളെ അനുസരിക്കുക. ഇനി ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം, കുരിശ് ഉടക്കുക. അവരുടെ കൽപിത ദൈവത്തെ കാണാതാക്കണം. ലോകം അതിനെ പൂർണമായും വിസ്മരിക്കുമാറാകണം. ഏകദൈവത്തെ ആരാധിക്കുന്നവരായി മാറണം. പറയുന്നു: അല്ലാഹു ഒരു പ്രവൃത്തി ചെയ്യാൻ തുടങ്ങിയാൽ അവന്റെ മലക്കുകൾ അതിന് സംരക്ഷണം നൽകുന്നു. ആർക്കാണ് അതിനെ ഇല്ലാതാക്കാൻ കഴിയുക? ഓർക്കുക, എന്റെ പ്രസ്ഥാനം കേവലം കച്ചവടമാണെങ്കിൽ അതിന്റെ പേരുംചൂരും പോലും ഇല്ലാതാകുന്നതാണ്. എന്നാൽ ഇത് അല്ലാഹുവിൽ നിന്നാണെങ്കിൽ, അതേ തീർച്ചയായും അല്ലാഹുവിൽ നിന്നാകുന്നു. മുഴുവൻ ലോകവും ഇതിനെ എതിർത്താലും ഇത് വലുതാവുകയും പരക്കുകയും മലക്കുകൾ ഇതിനെ സംരക്ഷിക്കുകയും ചെയ്യുന്നതാണ്. ഇനി ഒരാളും എന്നോടൊപ്പമില്ലെങ്കിലും ശരി. പറയുന്നു, ഇനി ഒരാളുംഎന്നോടൊപ്പമില്ലെങ്കിലും ആരും എനിക്ക് സഹായം നൽകിയില്ലെങ്കിലും ഞാൻ ഉറച്ചു വിശ്വസിക്കുന്നു, ഈ പ്രസ്ഥാനം വിജയിക്കുക തന്നെ ചെയ്യുന്നതാണ്.

തുടർന്ന് തന്റേയും തന്റെ ജമാഅത്തിന്റേയും പരിപൂർണ വിശ്വാസവും റസൂൽതിരുമേനി(സ)ന്റെ സത്യസന്ധമായ അനുസരണവും പ്രഖ്യാപിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു,

ഞാൻ സത്യമായും പറയുന്നു, അല്ലാഹുവിനെ ആണയിട്ടുകൊണ്ട് പറയുന്നു, ഞാനും എന്റെ ജമാഅത്തും മുസ്ലിംകളാകുന്നു. ഒരു സത്യസന്ധനായ മുസ്ലിം വിശ്വസിക്കേണ്ടതുപോലെ തിരുനബി(സ)യിലും വിശുദ്ധ ഖുർആനിലും വിശ്വസിക്കുന്നു. ഞാൻ ഇസ്ലാമിൽ നിന്ന് കടുകളവെങ്കിലും പുറത്തേക്ക് ചുവടു വെക്കുന്നത് നാശഹേതുവാണെന്ന് ഉറപ്പായും വിശ്വസിക്കുന്നു. എന്റെ വീക്ഷണം, ഒരു വ്യക്തിക്ക്

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹു ഒരു പ്രവൃത്തി ചെയ്യാൻ തുടങ്ങിയാൽ അവന്റെ മലക്കുകൾ അതിന് സംരക്ഷണം നൽകുന്നു. ആർക്കാണ് അതിനെ ഇല്ലാതാക്കാൻ കഴിയുക? ഓർക്കുക, എന്റെ പ്രസ്ഥാനം കേവലം കച്ചവടമാണെങ്കിൽ അതിന്റെ പേരും ചൂരും പോലും ഇല്ലാതാകുന്നതാണ്. എന്നാൽ ഇത് അല്ലാഹുവിൽ നിന്നാണെങ്കിൽ, അതേ തീർച്ചയായും അല്ലാഹുവിൽ നിന്നാകുന്നു. മുഴുവൻ ലോകവും ഇതിനെ എതിർത്താലും ഇത് വലുതാവുകയും പരക്കുകയും മലക്കുകൾ ഇതിനെ സംരക്ഷിക്കുകയും ചെയ്യുന്നതാണ്. ഇനി ഒരാളും എന്നോടൊപ്പമില്ലെങ്കിലും ശരി. പറയുന്നു, ഇനി ഒരാളുംഎന്നോടൊപ്പമില്ലെങ്കിലും ആരും എനിക്ക് സഹായം നൽകിയില്ലെങ്കിലും ഞാൻ ഉറച്ചു വിശ്വസിക്കുന്നു, ഈ പ്രസ്ഥാനം വിജയിക്കുക തന്നെ ചെയ്യുന്നതാണ്.

ആർജിക്കാൻ കഴിയുന്ന എത്ര മാത്രം അനുഗ്രഹങ്ങളും ആശിസുകളും, എത്രമാത്രം ദൈവ സാമീപ്യം പ്രാപിക്കാൻ കഴിയുമോ അതും കേവലം തിരുനബി(സ)നെ സത്യസന്ധമായി അനുസരിക്കുകയും പരിപൂർണമായി സ്നേഹിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ കരഗതമാകുകയുള്ളൂ എന്നാണ്. നബി(സ) അല്ലാതെ നന്മയിലേക്കുള്ള ഒരു മാർഗവുമില്ല. അതേ, ഈസാനബി(അ) തന്റെ സ്ഥൂലശരീരത്തോടുകൂടി ആകാശത്തേക്ക് പോയെന്നും ഇപ്പോഴും ജീവിച്ചിരിക്കുന്നു എന്നും ഒരിക്കലും എനിക്ക് അംഗീകരിക്കാൻ സാധ്യമല്ലെന്നതും സത്യമാകുന്നു. കാരണം ഈ കാര്യം അംഗീകരിക്കുമ്പോൾ നബി(സ)തിരുമേനിയെ നിന്ദ്യമായി അവഹേളിക്കുകയും അവമതിക്കുകയുമാണ് ചെയ്യുന്നത്. എനിക്ക് ഒരു നിമിഷനേരത്തേക്ക് പോലും ഈ വീൺവാക്ക് സഹിക്കാൻ സാധ്യമല്ല  ഇനി ഈസാ നബിയെ സംബന്ധിച്ച് മരണപ്പെട്ടുവെന്ന് വിശ്വസിക്കുകയും അദ്ദേഹത്തിന് മരണം ഉണ്ടായെന്ന് പറയുകയും ചെയ്യുന്നത് അപമര്യാദയാണെങ്കിൽ ഞാൻ പറയുന്നു, നബി(സ)നെ സംബന്ധിച്ച് ഈ അവഹേളനവും അപമര്യാദയും എന്തു കൊണ്ട് വിശ്വസിക്കപ്പെടുന്നു? മൗലൂദ് പാരായണം ചെയ്യുന്നവർ വളരെ മനോഹരമായി നബി(സ)ന്റെ മരണവൃത്താന്തങ്ങൾ അനുസ്മരിക്കുന്നു. നിഷേധികൾക്ക് മുന്നിൽ നിങ്ങൾ വിടർന്ന നെറ്റിത്തടവുമായി തിരുനബി(സ) മരണപ്പെട്ടുവെന്ന് സമ്മതിക്കുന്നു. പറയുന്നു, പിന്നെ ഈസാ നബി(അ) മരിച്ചുവെന്ന് പറയുമ്പോൾ കണ്ണുരുട്ടിക്കാണിക്കാൻ എന്ത് അസ്വസ്ഥതയാണ് നിങ്ങൾക്ക് ഉണ്ടാകുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഞാൻ സത്യം സത്യമായും പറയുന്നു, നബി(സ)ന്റെ അസ്തിത്വത്തിന്റെ എത്രമാത്രം ആവശ്യകത, ഈ ലോകത്തിനും മുസ്‌ലിംകൾക്കും ഉണ്ടായിരുന്നോ അത്രമാത്രം ആവശ്യം ഈസാ നബിയുടെ അസ്തിത്വത്തിന് ഉണ്ടായിരുന്നില്ല. നബിതിരുമേനി(സ)യുടെ വ്യക്തിത്വം പരിശുദ്ധ വ്യക്തിത്വമായിരുന്നു. തിരുനബി(സ) വഫാത്തായപ്പോൾ സ്വഹാബാക്കളുടെ അവസ്ഥ അവർ ഭ്രാന്ത്പിടിച്ചപോലെ ആയി എന്നതാണ്. ഉമർ(റ) വാൾ ഉറയിൽ നിന്ന് പുറത്തെടുത്തുകൊണ്ട് പറഞ്ഞു, ആരെങ്കിലും തിരുനബി(സ) മരിച്ചുവെന്ന് പറഞ്ഞാൽ ഞാൻ അവന്റെ തലകൊയ്യുന്നതാണ്. ഈ ആവേശത്തിന്റെ സമയത്ത് ഹദ്റത്ത് അബൂബക്കർ(റ) എല്ലാവരേയും വിളിച്ചുകൂട്ടി പ്രഭാഷണം നടത്തി. അവിടെ *വഹ്‌ലിഹിറുസുൽ* എന്ന ആയത്ത് ഓതികേൾപ്പിച്ചു. അതായത്, തിരുനബി(സ) ഒരു പ്രവാചകനാകുന്നു. തിരുനബി(സ)ക്ക് മുമ്പേ വന്ന പ്രവാചകന്മാരെല്ലാം വഫാത്തായിരിക്കുന്നു. അത്തരം സന്ദർഭത്തിൽ ഹദ്റത്ത് ഉമർ(റ)നെപ്പോലുള്ള ഉന്നത സ്വഹാബിവര്യൻ ആവേശഭരിതനായിരുന്നു. അത്തരം സന്ദർഭത്തിൽ ഈ ആയത്ത് അദ്ദേഹത്തിന്റെ സമാധാനത്തിന് നിമിത്തമായില്ലായിരുന്നുവെങ്കിൽ അദ്ദേഹ ത്തിന്റെ കോപം തണുക്കില്ലായിരുന്നു. ഈസാ(അ) ജീവനോടെ ഉണ്ടെന്ന് അദ്ദേഹം വിശ്വസിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ അദ്ദേഹം അവിടെ ജീവച്ഛവമാകുമായിരുന്നു. ആ സമയത്ത് സ്വഹാബാക്കൾ ഈ ആയത്ത് ഉരുവിട്ടുകൊണ്ട് നടന്നിരുന്നു. ആ ആയത്ത് അന്ന് ഇറങ്ങിയത് പോലെയാണ് അവർക്ക് അനുഭവപ്പെട്ടത്. അങ്ങനെ തിരുനബി(സ)ന്റെ മരണത്തെ സംബന്ധിച്ച് ലോകത്ത് ഉണ്ടായ ആദ്യത്തെ ഐകകണ്ഠ്യേനയുള്ള അഭിപ്രായമായിരുന്നു ഇത്. മാത്രമല്ല ഹദ്റത്ത് ഈസ(അ)ന്റെ മരണത്തെ പറ്റിയും പൂർണമായും തീരുമാനം ആയി.

വീണ്ടും തിരുനബി(സ)ന്റെ ഉന്നത സ്ഥാനമാഹാത്മ്യത്തെ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു,സമ്പൂർണ പ്രവാചകനും സമ്പൂർണ അനുഗ്രഹങ്ങളുമായിവന്നവനുമായ ആ മഹാൻ ആഗതനായപ്പോൾ ആത്മീയ ഉയർത്തേഴുന്നേൽപ്പും മഹ്ശറയും കാരണമായി ലോകത്ത് ആദ്യത്തെ ഖിയാമത്ത് വെളിപ്പെട്ടു. പൂർണമായും മൃതമായിരുന്ന ഒരു ലോകം ആ മഹാത്മാവ് ആഗതരായപ്പോൾ ജീവനുള്ളതായി മാറി. ആ പരിശുദ്ധ പ്രവാചകൻ, ഖാത്തമുൽ അമ്പിയായും ഖാത്തമുൽ അസ്ഫിയായും ഖാത്തമുൽമുർസലിനുമായ ജനാബ് മുഹമ്മദ് മുസ്തഫാ(സ) ആകുന്നു. അല്ലയോ പ്രിയപ്പെട്ട നാഥാ! ലോകാരംഭം മുതൽ ഇന്നേവരെ വർഷിക്കാത്തത്രയും അനുഗ്രഹങ്ങളും ആശിസുകളും നീ ഈ പ്രവാചകനു മേൽ വർഷിക്കേണമേ! ഈ മഹാനായ പ്രവാചകൻ വന്നില്ലായിരുന്നുവെങ്കിൽ യൂനുസ്, അയ്യൂബ്, ഈസബ്നുമർയം, മാലാക്കി, യഹ്‌യ, സക്കരിയ്യാ തുടങ്ങി ലോകത്ത് വന്ന ചെറിയ ചെറിയ പ്രവാചകന്മാർ, അവരെല്ലാവരും ദൈവസാമിപ്യമുള്ളവരും ശോഭയാർന്നവരും അല്ലാഹുവിന്റെ പ്രിയപ്പെട്ടവരുമാണെങ്കിൽ പോലും അവരുടെ സത്യസന്ധതക്ക് നമ്മുടെ പക്കൽ യാതൊരു തെളിവും ഉണ്ടാകുമായിരുന്നില്ല.ഇവരെല്ലാം ലോകത്ത് സത്യസന്ധരായി ഗണിക്കപ്പെടുന്നത് ഈ നബി(സ)യുടെ ഔദാര്യമാകുന്നു.

അല്ലാഹു നമുക്ക് എപ്പോഴും നബി(സ)ന്റെ സ്ഥാനമാഹാത്മ്യത്തിന്റെ യാഥാർഥ്യം മനസ്സിലാക്കിത്തന്നുകൊണ്ട് തിരുനബി(സ)ക്ക് മേൽ സ്വലാത്ത് ചെല്ലാൻ തൗഫീഖ് നൽകുമാറാകട്ടെ. നമുക്ക് അല്ലാഹുവിന്റെ സവിധത്തിൽ നേരത്തേതിലും അധികം കുനിയുവാൻ കഴിയുമാറാകട്ടെ. ഈ മാർഗത്തിലൂടെ, നാം നമ്മുടെ കർമങ്ങൾ മുഖേന തിരുനബി(സ)യോടുള്ള സ്നേഹം സ്ഥാപിക്കുന്നവരാക ണം. നമ്മുടെ ഹൃദയങ്ങളിൽ ഇക്കാര്യങ്ങൾ കുടിയിരുത്തുകയാണെങ്കിൽ എതിരാളികൾക്ക് മറുപടി നൽകാൻ നമുക്ക് കഴിയുന്നതാണ്. അതായത് നമ്മുടെ കർമങ്ങളുടെ അവസ്ഥ ഈ എതിരാളികൾക്ക് മറുപടി നൽകുന്നതാണ്. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

# നിരീശ്വരവാദം വിചാരണ ചെയ്യപ്പെടുന്നു

നവ നാസ്തികർ ആരംഭിച്ച യുക്തി വിചിന്തനങ്ങളും ധൈഷണിക സംവാദങ്ങളും പ്രപഞ്ചാസ്തിത്വത്തിന്റെ നിഗൂഢ യഥാർത്ഥ്യങ്ങൾക്ക് യാതൊരു ഉത്തരവും നൽകുന്നില്ല. അയുക്തികമായ ദൈവനിഷേധത്തിന്റെ വൈകാരികത ഉത്തേജിപ്പിക്കാനുള്ള പൊള്ളയായ വാചക കസറത്തുകൾ മാത്രമാണതെല്ലാം.

**സബാഹത്ത് അലി രജ്പുത്,**
(മിഷനറി, മെക്സിക്കോ)
**വിവർത്തനം: താരിഖ് അലനല്ലൂർ**

ചരിത്രത്തിലെ സമാനതകളില്ലാത്ത ദൈവനിഷേധത്തിന് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ് ഇരുപത്തിയൊന്നാം നൂറ്റാണ്ട്. കെട്ടുകഥകളെയും യാഥാർഥ്യങ്ങളെയും തമ്മിൽ വേർതിരിക്കാനോ സത്യത്തെ വെളിച്ചത്തുകൊണ്ടുവരാനോ സാധാരണക്കാരനെക്കൊണ്ട് സാധിക്കാത്ത വിധം, വിവിധതരം വിശ്വാസങ്ങളെ പിന്തുടരുന്നവരാൽ ദൈവസങ്കൽപ്പം വക്രീകരിക്കപ്പെടുകയും തെറ്റിദ്ധരിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു.

ചിതറിയ ചിന്തകളുടെ അറ്റമില്ലാത്ത കുരുക്കിലകപ്പെട്ട മനുഷ്യന്, അവന്റെ സ്രഷ്ടാവിനെ മുൻപത്തേക്കാളേറെ നഷ്ടപ്പെട്ട് കഴിഞ്ഞിരിക്കുന്നു. പൊതുമാധ്യമങ്ങളിലൂടെ തീവ്രമതചിന്താഗതി നേടിയെടുത്ത കുപ്രസിദ്ധിയുടെയും, മുൻവിധിയിലൂടെ മതവിശ്വാസികൾക്ക് അവർ നൽകിവരുന്ന പരിവേഷത്തിന്റെയും ഒരു അപകടകരമായ മിശ്രിതമാണ് കൂടുതൽ ഭീതിപ്പെടുത്തുന്നത്.

സ്വിറ്റ്സർലണ്ടിലെ സേണിൽ (CERN) നടക്കുന്ന വിസ്മയകരമായ അണുപരീക്ഷണങ്ങളും പ്രപഞ്ചസൃഷ്ടിടിപ്പിനെയും പരിണാമത്തെയും മനസിലാക്കാൻ ശ്രമിക്കുന്ന നാസയിലെ (NASA) ശാസ്ത്രജ്ഞരുടെ പരിശ്രമവും, മറ്റു പല ശാസ്ത്രീയപുരോഗതികളുമെല്ലാം കാണുമ്പോൾ, ഒരുപാട് ആളുകൾക്ക് സ്രഷ്ടാവായ ദൈവത്തിന്റെ അസ്തിത്വത്തിലുള്ള താൽപര്യം ഒരു പഴഞ്ചൻ കാര്യമായി മാറുന്നു. ശാസ്ത്രസാങ്കേതികവിദ്യയുടെ ഈ കണ്ണഞ്ചിപ്പിക്കുന്ന നേട്ടങ്ങളെ ദൈവത്തിനുള്ള ഒരു ബദലായി കരുതുന്ന 'പുതിയ നാസ്തികർ' ക്ക് പ്രത്യേകിച്ചും. അവർക്ക് ദൈവമെന്നാൽ പ്രാകൃതവും, അശാസ്ത്രീയവും, ഭയമുളവാക്കുന്നതുമായ ഒരു കാര്യമാണ്

### നിരീശ്വരവാദം: പരമ്പരാഗതവും ആധുനികവും

വിക്ടോറിയൻ ഇംഗ്ലണ്ടിലെ ഏറ്റവും സ്വാധീനമുള്ള നാസ്തികനായി കരുതപ്പെടുന്ന ചാൾസ് ബ്രാഡ്ലോ (Charles Bradlaugh: 1833–1891) ഇപ്രകാരം വിവരിക്കുന്നു:

'ദൈവമില്ലാത്തതാണ് നിരീശ്വരവാദം. അത് ഒരു തരത്തിലുള്ള ദൈവത്തെയും സ്ഥാപിക്കുന്നില്ല.' (The Freethinkers Textbook, 1879)ഒരു ബാഹ്യാസ്തിത്വമുള്ള ദൈവീകസത്യത്തെ ജീവിതത്തിൽ പിൻപറ്റാതെ ജീവിക്കാനുള്ള സ്വാതന്ത്ര്യം വ്യക്തികൾക്കുണ്ടെന്ന ആശയത്തിനുമേലാണ് പരമ്പരാഗത നിരീശ്വരവാദം കെട്ടിപ്പൊക്കിയിരിക്കുന്നത്. ദൈവവിശ്വാസികളെ തുറന്ന രീതിയിൽ വിമർശിക്കാനോ നിരുത്സാഹപ്പെടുത്താനോ പരമ്പരാഗത നാസ്തികർ പൊതുവെ തയ്യാറാവാറില്ല.

9/11 ലെ ദുരന്തത്തിനോടുള്ള വിവേകപരമായ തീവ്രപ്രതികരണങ്ങളിൽ നിന്ന് 'പുതിയ നിരീശ്വരവാദം' ശക്തമായി പുറത്തേക്ക് വരികയും, ആ അഭൂതപൂർവമായ ദുരന്തത്തിന് മതങ്ങളെ കുറ്റപ്പെടുത്തുകയും ചെയ്തു. (അമേരിക്കയിലെ ലോകവ്യാപാര കേന്ദ്രത്തിന്റെ (World Trade Centre) ഇരട്ട കെട്ടിട സമുച്ചയങ്ങൾ തകർത്തുകൊണ്ട് തീവ്രവാദസംഘടനയായ അൽഖയ്ദ 2011 സെപ്തംബർ 11 നു നടത്തിയ ഭീകരാക്രമണത്തെയാണ്

9/11 എന്ന് വിശേഷിപ്പിക്കുന്നത്)

ആ ദുരന്തത്തിന് 19 വർഷങ്ങൾക്കിപ്പുറവും, പുതിയ നിരീശ്വരവാദത്തെപ്പറ്റി ഒരു പൊതു വിശദീകരണം നല്കപ്പെട്ടിട്ടില്ല. ഇന്റർനെറ്റ് എൻസൈക്ലോപീഡിയ ഓഫ് ഫിലോസഫി (Internet Encyclopedia of Philosophy) ഇപ്രകാരം എഴുതുന്നു:

'നിരീശ്വരവാദത്തെ പിന്തുണക്കുന്ന ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ഗ്രന്ഥങ്ങളുടെ രചയിതാക്കളാണ് പുതിയ നാസ്തികർ. സാം ഹാരിസ് (Sam Harris), റിച്ചാർഡ് ഡോക്കിൻസ് (Richard Dawkins), ഡാനിയേൽ ഡെന്നെറ്റ് (Daniel Dennett), ക്രിസ്റ്റഫർ ഹിച്ചെൻസ് (Christopher Hitchens) എന്നിവർ ഈ ഗണത്തിൽ പെടുന്നവരാണ്. ഈ രചയിതാക്കളൊക്കെ തന്നെ അവരുടെ നിലപാടുകൾ പ്രദർശിപ്പിക്കുന്നതിൽ അസാധാരണമാം വിധം ആത്മവിശ്വാസം പുലർത്തിയിരുന്നു.'

പരമ്പരാഗത നിരീശ്വരവാദികളേക്കാൾ ദൈവവിശ്വാസത്തെ നിന്ദിക്കുന്നതിൽ വർധിച്ച വീര്യമാണ് പുതിയ നിരീശ്വരവാദികൾക്കുള്ളത്. അവരെ 'മൗലികവാദി' കളെന്നും 'തീവ്രഗതിക്കാരെ'ന്നും ചില വിമർശകർ വിശേഷിപ്പിക്കുന്നു.

പരമ്പരാഗത നിരീശ്വരവാദികൾ ദൈവവിശ്വാസത്തോട് മൃദുവായ സമീപനം സ്വീകരിക്കുമ്പോൾ, ശാസ്ത്രത്തിന്റെ താങ്ങില്ലാതെ നിൽക്കുന്ന വാദമായിട്ടാണ് പുത്തൻ വാദികൾ അവയെ വിശേഷിപ്പിക്കുന്നത്. മതവിശ്വാസങ്ങളെ നിന്ദിക്കുകയും അപകീർത്തിപ്പെടുത്തുകയും തരംതാഴ്ത്തി കാണിക്കുകയും ചെയ്യുന്ന സമീപനം സ്വീകരിക്കുന്ന പുതിയ നാസ്തികർ, ദൈവാസ്തിക്യത്തെ ശക്തമായി എതിർക്കുകയും ചെയ്യുന്നു. അവർ മതങ്ങളെ നിന്ദിക്കുന്നതോടൊപ്പം, ലോകത്ത് നിലനിൽക്കുന്ന ഒട്ടുമിക്ക തിന്മകളുടെയും ഉറവിടം മതമാണെന്ന് അവകാശപ്പെടുകയും ചെയ്യുന്നു.

## നവ നിരീശ്വരവാദത്തിന്റെ ചുറ്റുപാട്

നവ നാസ്തികരെന്ന് വിശേഷിക്കപ്പെടുന്നവരുടെ ഗ്രന്ഥങ്ങളെല്ലാം പുറത്തുവന്നത് 9/11 ലെ ദുരന്ത സംഭവങ്ങളുടെ പശ്ചാത്തലത്തിലാണ് എന്നതാണ് ആദ്യത്തെ കാര്യം. ഉദാഹരണമായി, 'വിശ്വാസത്തിന്റെ അന്ത്യമെന്ന (The End of Faith)' ഗ്രന്ഥത്തിന്റെ രചന അക്രമത്തിന്റെ പിറ്റേന്ന് തന്നെ(12 September 2011) താൻ ആരംഭിച്ചുവെന്ന് സാം ഹാരിസ് വ്യക്തമാക്കുന്നു.

രണ്ടാമതായി, പരമ്പരാഗത നാസ്തികരിൽ നിന്ന് വിഭിന്നമായി 'നോമ സന്ധി' അഥവാ 'പരസ്പരം അതിവർത്തിക്കാത്ത അധികാര' ത്തെ (NOMA Compromise–NonOverlapping Magisterium) സ്പഷ്ടമായി എതിർക്കുന്നവരാണ് നവ നാസ്തികർ. ശാസ്ത്രവും വിശ്വാസവും മുന്നോട്ടുവെക്കുന്ന ചോദ്യങ്ങളും ഉത്തരങ്ങളുമെല്ലാം വിഭിന്നമായതിനാൽ അവ രണ്ടിനും സ്വതന്ത്രമായി സഹവർത്തിക്കാമെന്നാണ് ഈ നോമ സന്ധി എന്ന സംക്ഷേപ വാക്യത്താൽ വ്യക്തമാക്കുന്ന സിദ്ധാന്തം അർത്ഥമാക്കുന്നത്. നോമ സന്ധിയുടെ ഉപജ്ഞാതാവായ സ്റ്റീഫൻ ജയ് ഗോൾഡിനെ (Stephen Jay Gould) ഉദ്ധരിച്ച് കൊണ്ട് ഡോക്കിൻസ് തന്റെ 'മിഥ്യയായ ദൈവ'മെന്ന (The God Delusion) ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു:

'പ്രപഞ്ചം എന്തിനാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നും (വസ്തുതാ പരം) എന്ത്കൊണ്ട് ഇങ്ങനെ പ്രവർത്തിക്കുന്നുവെന്നുമുള്ള (സിദ്ധാന്തപരം) അനുഭവസിദ്ധമായ വിഷയങ്ങൾ ശാസ്ത്രത്തിന്റെ മണ്ഡലത്തിൽ വരുന്നതാണ്. അന്തിമോദ്ദേശ്യത്തെയും ധാർമ്മിക മൂല്യങ്ങളെയും പറ്റിയുള്ള ചോദ്യങ്ങളാണ് മതത്തിന്റെ മണ്ഡലത്തിൽ വരുന്നത്. ഈ രണ്ട് മണ്ഡലങ്ങളും പരസ്പരം അതിവർത്തിക്കുകയോ എല്ലാ അന്വേഷണത്തെയും ഉൾകൊള്ളുകയോ ചെയ്യുന്നില്ല (ഉദാഹരണത്തിന്, കലയുടെ മണ്ഡലവും സൗന്ദര്യത്തിന്റെ വ്യാഖ്യാനവും പോലെ). പറഞ്ഞു പതിഞ്ഞ പഴമൊഴിപോലെ 'ശാസ്ത്രം പാറയുടെ പ്രായം നൽകുമ്പോൾ, മതം ശാശ്വതമായ വിശ്വാസസുരക്ഷ നൽകുന്നു. ശാസ്ത്രം എങ്ങനെ ആകാശത്തേക്ക് പോകാം എന്ന് പഠിപ്പിക്കുമ്പോൾ സ്വർഗ്ഗത്തിലേക്ക് എങ്ങനെ പോകാമെന്നാണ് മതം പഠിപ്പിക്കുക.'(Science gets the age of rock, and religion the rock of ages, science studies how the haven go, religion how to go heaven)

നവ നാസ്തികരുടെ ഉദ്ദരണിയിലെ പൊള്ളയായ വാക്കുകൾ ഒരുതരത്തിലുള്ള ആശയങ്ങൾക്കും സ്വീകാര്യയോഗ്യമായ ബദലല്ല. ഏതായാലും, ഈ അക്കാദമീയമായ അനുരഞ്ജനത്തെ നവ നാസ്തികർ എതിർക്കുന്നു. മതചിന്തകൾ ശാസ്ത്രയുക്തിയുമായി അകലം പാലിക്കുകയും അവയ്ക്ക് പരസ്പരവിരുദ്ധമായി നിലകൊള്ളുകയും ചെയ്യുന്നുവെന്ന് തന്നെയാണ് അവരുടെ അഭിപ്രായം. പൊതുമധ്യത്തിൽ അമര്യാദയോടെയും ധൈര്യത്തോടും കൂടി വാചാടോപം നടത്താനുള്ള പാടവമാണ് നവ നാസ്തികരുടെ മൂന്നാമത്തെ പ്രത്യേകത. ഭാഷാനൈപുണ്യത്തിലൂടെ തങ്ങളുടെ ഉറപ്പുകളെ അവർ ഊട്ടിയുറപ്പിക്കുകയും, അവ അവരുടെതന്നെ തർക്കരീതികളുടെയും യുക്തിരീതികളുടെയും പ്രയോഗത്തെ പിന്നിലാക്കുകയും ചെയ്യുന്നു. യഥാർത്ഥ വിഷയത്തിൽ നിന്ന് ശ്രദ്ധതിരിക്കുന്ന രീതിയിലുള്ള വാചക കസറത്ത് നടത്തുന്നതിലൂടെ, വായനക്കാരെയും ആസ്വാദകരെയും വൈകാരികമായി മെരുക്കിയെടുക്കുകയും, മതത്തിലും ദൈവത്തിലുമുള്ള അവരുടെ വിശ്വാസത്തെ പൈശാചി

കവത്കരിക്കുകയുമാണ് ചെയ്യുന്നത്.

## നവനിരീശ്വരവാദത്തിന്റെ ഊരാക്കുടുക്ക്

'യഥാർത്ഥത്തിൽ എന്തിനീ പ്രപഞ്ചം നിലനിൽക്കുന്നു?' വെന്ന ബുദ്ധിപരമായ മറ്റൊരു തടസ ചോദ്യത്തെയും നവ നാസ്തികർ എതിർക്കുന്നു. ഈ ചോദ്യത്തിൽ നിന്ന് രക്ഷപ്പെടാൻ ഒരുപാട് ഭ്രമാത്മകമായ യുക്തിവാദങ്ങളും പിന്തിരിപ്പൻ നയങ്ങളും രൂപപ്പെടുത്തി ഇതിനോട് പ്രതികരിക്കേണ്ട ബാധ്യതയിൽ നിന്ന് അവർ തടിയൂരുന്നു. അവരുടെ എല്ലാ പരിശ്രമങ്ങൾക്ക് ശേഷവും, ഈ ബ്രഹ്മാണ്ഡ ചോദ്യം ഉത്തരം നല്കപ്പെടാതെ അവശേഷിക്കുന്നു. നിരീശ്വരവാദികളെ സംബന്ധിച്ചിടത്തോളം, യുക്തിയുടെയും വിവേകത്തിന്റെയും ഒഴിച്ചുകൂടാനാവാത്ത പരിമിതികളെ തുറന്ന് കാണിക്കുന്ന ഒരു തടസമായി ഈ ചോദ്യം അവശേഷിക്കുകയും ചെയ്യുന്നു. തൃപ്തികരമായ മറുപടി നൽകാതെ, 'ഒരു കേവല ദുരൂഹത' യെന്ന് മാത്രം വിശേഷിപ്പിച്ചുകൊണ്ട് ഈ ചോദ്യത്തിൽ നിന്ന് വഴുതിമാറുന്ന സാം ഹാരിസ് തന്നെ ഇതിനൊരുദാഹരണമാണ്.

'എന്തിന് പ്രപഞ്ചം നിലനിൽക്കുന്നു? ഒരു അസ്തിത്വസംബന്ധിയായ അന്വേഷണ കഥ (Why Does the World Exist? An Existential Detective Story)' യെന്ന ഗ്രന്ഥത്തിന്റെ രചയിതാവായ ജിം ഹോൾട്ട് (Jim Holt)മാത്രമാണ് ഈ ചോദ്യവുമായുള്ള ഒരു വിദഗ്ധമായ ഏറ്റുമുട്ടലിന് ധൈര്യപ്പെട്ടിട്ടുള്ളത്. പല ദൈവശാസ്ത്ര പണ്ഡിതരോടും തത്വചിന്തകരോടും ശാസ്ത്രജ്ഞരോടും സംവദിച്ച ശേഷം, ഈ ചോദ്യത്തിന് 'ഒരു ഉത്തരം' ഉണ്ടായേക്കുമെന്ന് അദ്ദേഹം അനുമാനിക്കുന്നു. എങ്കിലും, നിരാശാജനകമെന്ന് പറയട്ടെ, ഒരു അന്തിമമായ തീർപ്പിലേക്ക് എത്തിച്ചേരാൻ അദ്ദേഹത്തിന് സാധിക്കുന്നില്ല. ഓക്സ്ഫോർഡ് (Oxford) സർവ്വകലാശാലയിലെ അറിയപ്പെടുന്ന ശാസ്ത്രജ്ഞനായ ഡേവിഡ് ഡച്ചിന് (David Deutsch) മുന്നിൽ ഹോൾട്ട് ഈ ചോദ്യം വെക്കുന്നു. 'യാഥാർഥ്യത്തിന്റെ പരമമായ ഒരു വിശദീകരണം സാധ്യമാണെന്ന് എനിക്ക് തോന്നുന്നില്ല' എന്നാണ് ഹോൾട്ടിന് മറുപടി ലഭിച്ചത്.

വൈദ്യുതകാന്തികതയിലും (Electromagnetism), ദുർബല ശക്ത ബലങ്ങളിലും (Weak and Strong Forces), അടിസ്ഥാന ബലങ്ങളുടെ ഏകീകരണങ്ങളിലും (Unification of Fundamental Forces) പഠനം നടത്തിയ പ്രശസ്ത ശാസ്ത്രജ്ഞനും 1979 ലെ നോബൽ സമ്മാനജേതാവും, സുപരിചിതനുമായ സ്റ്റീവൻ വെയ്ൻബെർഗിനോട് (Steven Weinberg) പോലും ഈ ചോദ്യം ചോദിക്കുന്ന നിലയിലേക്ക് ഹോൾട്ട് എത്തിച്ചേരുന്നു. 'ഈ നിഗൂഢതയിൽ നിന്ന് പുറത്തു കടക്കാനുള്ള ഒരു വഴിയും ഞാൻ കാണുന്നില്ലെ'ന്ന ഉത്തരം നൽകിക്കൊണ്ട് അദ്ദേഹവും ആ ചോദ്യത്തെ കയ്യൊഴിയുന്നു.

'തമോഗർത്തങ്ങളും ക്വാസാറുകളും പ്രപഞ്ചവും (Black Holes, Quasars and the Universe)'എന്ന പുസ്തകത്തിൽ ഹാരി എൽ ഷിപ്മാൻ (Harry L Shipman) ഇപ്രകാരം സമ്മതിക്കുന്നു: 'മഹാവിസ്ഫോടനമായി (Big Bang) പൊട്ടിത്തെറിച്ച ആ വസ്തുവിനെ നിർമിച്ചതാരാണെന്ന ചോദ്യത്തിന് ജ്യോതിശാസ്ത്രജ്ഞർക്ക് ഒരു ഉത്തരവുമില്ല. പ്രപഞ്ച പരിണാമത്തിന്റെ ആദ്യനിമിഷങ്ങളിലേക്ക് നോക്കാൻ നമുക്ക് സാധിച്ചേക്കാം. പക്ഷേ, നമ്മുടെ കാഴ്ച അവിടെ നിലക്കുന്നു.' പ്രപഞ്ചത്തിന്റെ സ്രഷ്ടാവിനെയും അതിന്റെ നിലനില്പിനെയും പറ്റിയുള്ള അടിസ്ഥാനചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിൽ ശാസ്ത്രലോകത്തെ നിപുണർ പോലും പരാജയപ്പെട്ടുവെന്നത് വ്യക്തമാണ്. ഒരു നിരീശ്വരവാദിക്ക് ഒഴിച്ചുകൂടാനാവാത്ത ഈ ധൈഷണികമായ പ്രതിസന്ധിയെ പറ്റി വാഗ്ദത്ത മസീഹ് (അ) ഇപ്രകാരം നിരീക്ഷിക്കുന്നു:

'പ്രപഞ്ചസൃഷ്ടിപ്പിന്റെ പഠനത്തിൽനിന്ന് ദൈവാസ്തികൃത്തിന്റെ വസ്തുനിഷ്ഠമായ തെളിവുകൾ ലഭ്യമല്ല എന്നതുകൊണ്ടാണ് ഒരു നാസ്തികന് യുക്തിവാദിയുമായി തർക്കിക്കാൻ സാധിക്കുന്നത് എന്ന വസ്തുതയാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. അതായത്, ദൈവം നിലനിൽക്കുന്നുവെന്ന് അത് തെളിയിക്കുന്നില്ല, മറിച്ച്, നിലനിൽക്കേണ്ടതുണ്ട് എന്ന് മാത്രമാണ് തെളിയുന്നത്. അതിനാൽ തന്നെ, ദൈവാസ്തികൃത്തിന്റെ യുക്തിയുക്തമായ തെളിവുകൾ ഒരു നാസ്തികന്റെ ദൃഷ്ടിയിൽ അവ്യക്തങ്ങളായി കാണപ്പെടുന്നു. പ്രപഞ്ചസൃഷ്ടിപ്പിലെക്ക് മാത്രം പരിമിതപ്പെടുത്തിക്കൊണ്ട് ദൈവത്തെ മനസിലാക്കാൻ ശ്രമിക്കുന്ന ഒരാൾ, ദൈവം നിലനിൽക്കുന്നുവെന്ന് ഉറപ്പിക്കാനുതകുന്ന നിലയിലല്ല ഉള്ളത്. ദൈവം നിലനിൽക്കേണ്ടതുണ്ട് എന്നതിലേക്ക് മാത്രമേ അവന്റെ ജ്ഞാനത്തിന്റെ വ്യാപ്തി എത്തിയിട്ടുള്ളൂ. അതും, അവൻ നിരീശ്വരവാദത്തിലേക്ക് ചാഞ്ഞവനല്ലയെങ്കിൽ മാത്രം.' (ബറാഹീനെ അഹ്മദിയ്യാ, ഭാഗം III, പേജ് 4243)

അത്കൊണ്ടാണ്, യുക്തിവാദങ്ങളിൽ മാത്രം ഒതുങ്ങിനിന്ന മുൻകാല തത്വജ്ഞാനികളെല്ലാം ഗുരുതരതെറ്റുകളിലേക്ക് പതിക്കുകയും, നൂറുകണക്കിന് വിവാദ വിഷയങ്ങൾ സൃഷ്ടിക്കുകയും, അവയ്ക്കൊന്നും ഉത്തരം കണ്ടെത്താനാവാതെ മരണമടയുകയും ചെയ്തത്. ആയിരക്കണക്കിന് സംശയങ്ങളിലും തെറ്റിദ്ധാരണകളിലും അഭയം തേടിക്കൊണ്ടുള്ള ഒരു അശാന്തമായ അന്ത്യത്തിലേക്ക് അവർ എത്തിപ്പെടുകയും, നാസ്തികരും, പ്രകൃതിവാദികളും, മതവിരോധികളുമായ നിലയിൽ അവർ മരണപ്പെടുകയും ചെയ്തു. തത്വചിന്തയുടെ കടലാസുവഞ്ചിക്ക് അവരെ കരക്കടുപ്പിക്കാനായില്ല.

(തുടരും)

# ഹദ്റത്ത് ഇമാം ഹുസൈൻ(റ): ശഹാദത്തും ചരിത്ര പശ്ചാത്തലവും

റസൂൽ തിരുമേനി(സ) യുടെ പേരമകൻ ഇമാം ഹുസൈന്റെ ശഹാദത്തിന്റെ ദുഃഖസ്മൃതികൾ മുസ്‌ലിംലോകത്തെ കണ്ണീരണിയിക്കുന്ന മഹാദുരന്തമാണ്. റസൂൽ തിരുമേനി(സ) യുടെ ജനിതക പാരമ്പര്യത്തിൽ പിറന്ന ആ പുണ്യാത്മാവിന്റെ പരിശുദ്ധ ജീവിതത്തെ കുറിച്ച് വിവരിക്കുന്നു.

റഫീക്ക് അഹ്മദ് മാത്തോട്ടം

അന്ന് ഹിജ്റ വർഷത്തിലെ ഒന്നാമത്തെ മാസമായ മുഹർറം പത്താം തിയ്യതിയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ തോട്ടത്തിൽ ഒരു മരച്ചുവട്ടിൽ കട്ടിലിൽ വിശ്രമിക്കുകയാണ്. ചെറിയ കുട്ടികളായ ഹദ്റത്ത് സയ്യിദ മുബാറക്കാ ബേഗം സാഹിബയും ഹദ്റത്ത് മുബാറക്ക് അഹ്മദ് സാഹിബും അവിടെ കളിച്ചു കൊണ്ടിരിക്കുകയായിരുന്നു. അവരോടു പറഞ്ഞു വരൂ മക്കളേ, ഞാനിന്നു നിങ്ങൾക്കു മുഹർറമുൽ ഹറാമിന്റെ (പരിശുദ്ധ മുഹർറം മാസത്തിന്റെ) ഒരു യഥാർഥ കഥ പറഞ്ഞു തരാം. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) മക്കളെ രണ്ടു പേരേയും തന്റെ അടുക്കൽ ഇരുത്തി അവർക്കൊരു കഥ പറഞ്ഞു കൊടുത്തു. ഹിജ്റ വർഷം അറുപത്തി ഒന്ന് മുഹർറം പത്താം തിയ്യതി യസീദിന്റെ ഭരണകാലത്തു ഇറാഖിലെ കർബലയിൽ വച്ചു അതിദാരുണമായി ശഹീദാക്കപ്പെട്ട ഹദ്റത്ത് അലി ബിൻ അബീത്വാലിബിന്റേയും ഹദ്റത്ത് ഫാത്തിമ ബിൻത് റസൂലിന്റേയും പൊന്നോമന മകനും തിരുമേനിയുടെ പേരക്കുട്ടിയും സയ്യിദുശുഹദായുമായ ഹദ്റത്ത് ഹുസൈൻ (റ) ന്റെ ശഹാദത്ത് സംഭവമായിരുന്നു അത്. ഹുസൂർ അങ്ങേയറ്റം വേദനയോടെ ഹൃദയസ്പൃക്കായ രീതിയിൽ ആ കഥ മക്കളെ കേൾപിച്ചു കൊണ്ടിരുന്നു. വിവരണത്തിന്നിടയിൽ ധാരധാരയായി ഒഴുകിക്കൊണ്ടിരുന്ന കണ്ണുനീർ ഇടയ്ക്കിടെ തന്റെ വിരലറ്റം കൊണ്ട് തുടയ്ക്കുന്നുമുണ്ടായിരുന്നു.

കഥയുടെ അവസാനം ഹുസൂർ ഇങ്ങനെ പറഞ്ഞു വഷളനും വൃത്തകെട്ടവനുമായ യസീദാണ് കണ്ണിൽ ചോരയില്ലാത്ത ഈ കൃത്യം നമ്മുടെ നബി നായകരുടെ പേരക്കുട്ടിയോടു കാണിച്ചത്. എന്നാൽ അൽപം പോലും വൈകിയില്ല അല്ലാഹു അവരെ എല്ലാവരേയും പിടികൂടുകയും കനത്ത ശിക്ഷ നൽകി നശിപ്പിക്കുകയും ചെയ്തു. തന്റെ ചെറിയ മക്കൾക്കു കഥ പറഞ്ഞു കൊടുത്തു കൊണ്ടിരുന്ന ആ അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ യജമാനനും പ്രേമഭാജനവുമായ തിരുനബിയുടെ മകളുടെ മകനോടു കാണിച്ച ആ ക്രൂരതയുടെ സ്മരണകളുയർത്തിയ ഹൃദയവേദന കാരണത്താൽ വല്ലാതെ അസ്വസ്ഥനാവുകയും തന്നെ നിയന്ത്രിക്കാൻ ബുദ്ധിമുട്ടുകയും ചെയ്യുന്നുണ്ടായിരുന്നു. ആ സംഭവത്തിന്റെ ഓർമ ആ പുണ്യാത്മാവിന്റെ ശരീരത്തിന്റേയും മനസ്സിന്റേയും ഓരോ അണുവിലും പ്രകടമായിരുന്നു. സംഭവം നടന്നു ആയിരത്തിനാനൂറ് വർഷം കഴിഞ്ഞെങ്കിലും ഓരോ യഥാർഥ അഹ്മദിയുടേയും ഹൃദയവികാരം ഇതു തന്നെയായിരിക്കാം. കാരണം അഹ്മദിയ്യാ ജമാഅത്തും അതിന്റെ വന്ദ്യസ്ഥാപകർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി മസീഹ് മൗഊദ് വ മഹ്ദീ മൗഊദ് അലൈസ്സലാത്തു വസ്സലാമും റസൂൽ തിരുമേനിയേയും അഹ്ലുൽ ബൈത്തി (കുടുംബത്തേയും)നേയും അത്രമാത്രം ഹൃദയം കൊണ്ട് സ്നേഹിക്കുന്നവരാണ്. ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ രചന ഗദ്യമായാലും പദ്യമായാലും ഭാഷ അറബിയാലും ഫാർസിയാലും ഉറുദുവായാലും എല്ലായിടത്തും അനന്തമായ ഈ സ്നേഹവും പ്രതിപത്തിയും നിറഞ്ഞു തുളുമ്പുന്നതു കാണാം. അത് അനുപമമാണ്. അതിനു സമാനമായത് അല്ലെങ്കിൽ അൽപമെങ്കിലും അനുരൂപമായത് മറ്റെവിടേയും കാണാനാവുകയുമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഒരു ഫാർസി കവിതയിൽ പറയുക

ങ്ങളിൽ ഇന്നും പച്ച പിടിച്ചു കിടക്കുകയാണ്. കേൾക്കാൻ പോലും മനസ്സനുവദിക്കാത്തത്ര ക്രൂരവും മനുഷ്യത്വരഹിതവുമായിരുന്നു ആ കാട്ടാളന്മാർ അദ്ദേഹത്തോടു കാണിച്ചത്. ഖുലഫാ ഉർ റാശിദീങ്ങളുടെ കാലശേഷം ഇസ്‌ലാമിന്റെ മതപരവും രാഷ്ട്രീയപരവും സാമൂഹികവുമായ ചരിത്രത്തിൽ മനുഷ്യമനസ്സിനെ ഇത്രയധികം ആഴത്തിൽ മുറിവേൽപിച്ച മറ്റൊരു സംഭവം കണ്ടെത്താൻ പ്രയാസമാണ്. ലോകത്തു നടന്ന ഒരു ദാരുണ സംഭവത്തിന്റെ പേരിലും മനുഷ്യവംശം ഇത്രയധികം കണ്ണുനീർ വാർത്തിട്ടുണ്ടാവില്ല. കഴിഞ്ഞ ആയിരത്തി നാനൂറ് വർഷത്തിൽ ആയിരത്തി നാനൂറ് മുഹർറം കടന്നു പോയിരിക്കുന്നു. ഓരോ മുഹർറമും ആ ഓർമയാണു പുതുക്കുന്നത്.

## ഹദ്റത്ത് ഹുസൈന്റെ ജനനവും തിരുമേനിയുടെ വാത്സല്യവും

നാം ആയിരത്തി നാനൂറ് വർഷം പിറകോട്ട് പോവുകയാണ്. ആ ചരിത്രത്താളുകളിലൂടെ നമുക്ക് പലതും കാണുവാനും വായിക്കുവാനും ശ്രമിക്കാം. ഹദ്റത്ത് റസൂൽ തിരുമേനിയുടെ പിതൃവ്യൻ ഹദ്റത്ത് അബ്ബാസ് ബിൻ അബ്ദിൽ മുത്തലിബിന്റെ ഭാര്യ ഉമ്മുൽ ഫസ്ൽ ബിൻത് ഹാരിസ് ഒരു രാത്രി സ്വപ്നം കണ്ടു. അതു കണ്ട് അവർ വല്ലാതെ പേടിച്ചു. അവസാനം മടിച്ചു മടിച്ചാണെങ്കിലും റസൂൽ (സ) തിരുമേനി യോടു അവർ കാര്യം പറഞ്ഞു. ഒരു മലക്ക് വന്നു അങ്ങയുടെ തിരുശരീരത്തിൽ നിന്നും മാംസം മുറിച്ചെടുത്ത് എന്റെ മടിയിൽ ഇട്ടതായി ഞാൻ സ്വപ്നം കണ്ടിരിക്കുന്നു. ഇതു കേട്ടപ്പോൾ തിരുമേനി പറഞ്ഞു ഇത് വളരെ സന്തോഷകരവും അനുഗൃഹീതവുമായ സ്വപ്നമാണ്. ഇതിന്റെ അർഥം എന്റെ മകൾ ഫാത്തിമ ഒരാൺ കുഞ്ഞിനു ജന്മം നൽകും ആ കുഞ്ഞ് നിന്റേയും

ഈ വികാരത്തെ എന്താണു വിളിക്കേണ്ടത്. സ്നേഹമെന്നോ, മോഹമെന്നോ, പ്രേമമെന്നോ പ്രീതിയെന്നോ വാഞ്ഛയെന്നോ. അനുരാഗമെന്നോ? ഇതിനു നിർവചനമില്ല. ഇത് വാക്കുകൾക്കതീതമാണ്. ഉദാത്തമായ, പരിപാവനമായ സ്നേഹവും ഭയഭക്തി ബഹുമാനവും അർപ്പണവും ഇതാണ്. ആയിരത്തി നാനൂറ് വർഷങ്ങൾക്കിപ്പുറം ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി മസീഹ് മൗഊദ് (അ) ഈ നബി പുംഗവനോടും അവിടത്തെ കുടുംബത്തോടും ആ നാടിനോടും ആ ഭൂമിയോടും അവിടത്തെ മണ്ണിനോടും ആരും തന്നെ കാണിച്ചിട്ടില്ലാത്ത സ്നേഹവും അർപ്പണവും എത്രമാത്രമായിരുന്നുവെന്നു കാണിക്കാൻ സാന്ദർഭികമായി ഒരു ഉദാഹരണമെന്ന നിലക്കാണ് ഇത്രയും എഴുതിയത്.

ഇന്നു ഹിജ്റ വർഷം 1442 മുഹർറം ഒന്നാം തിയ്യതി (2020 ആഗസ്റ്റ് 20 വ്യാഴാഴ്ച) ഇസ്‌ലാമിക കലണ്ടറിലെ ഒന്നാമത്തെ മാസമാണു മുഹർറം. ശ്രേഷ്ഠത മാഹാത്മ്യം എന്നോക്കെയാണ് മുഹർറമിന്റെ അർഥം. ചരിത്രപരമായി നോക്കുമ്പോൾ മനസ്സിനു ഏറ്റവും വേദന നൽകുന്ന രണ്ടു സംഭവങ്ങൾക്കാണ് ഈ മാസം സാക്ഷിയാകേണ്ടി വന്നത്. മുഹർറം ഒന്നാം തിയ്യതി രണ്ടാം ഖലീഫത്തുർ റസൂൽ ഉമർ ഖത്വാബ് (റ) ശഹീദാക്കപ്പെട്ടു. വർഷങ്ങൾക്കു ശേഷം അതേമാസം പത്താം തിയ്യതി ഹദ്റത്ത് റസൂൽ കരീ (സ) മിന്റെ വാത്സല്യനിധിയായ കൊച്ചു മകൻ ഹദ്റത്ത് ഹുസൈനും (റ) രക്തസാക്ഷിയായി. ഇസ്‌ലാമിക ചരിത്രത്തിലെ പ്രിയങ്കരനും മഹാനും സാത്വികനും ദൈവഭക്തനുമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ഇമാം ഹുസൈൻ. നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും അദ്ദേഹത്തിന്റെ ശഹാദത്തുണർത്തുന്ന വേദനയും നൊമ്പരവും ജനഹൃദയ

യാണ്

*ജാനോ ദിലം ഫിദായേ ജമാലെ മുഹമ്മദസ്ത് ഖാക്കം നിസാറെ കൂച്ചയേ ആലെ മുഹമ്മദസ്ത്*

എന്റെ ഹൃദയവും എന്റെ ജീവനും മുഹമ്മദിന്റെ(സ) സൗന്ദര്യത്തിന്നും തേജസ്സിന്നും മുന്നിൽ ഞാനിതാ അർപ്പണം ചെയ്യുന്നു. ഞാൻ മരിച്ചു മണ്ണായശേഷം എന്റെ ആ മണ്ണും ആദരപൂർവ്വം ആ പുണ്യപൂമാനും പരിശുദ്ധ കുടുംബവും വസിക്കുന്ന തെരുവിൽ ഞാൻ സമർപ്പണം ചെയ്യുന്നു.

മറ്റൊരിടത്തു തന്റെ ആയിനയെ കമാലാത്തെ ഇസ്‌ലാം എന്ന ഗ്രന്ഥത്തിൽ അറബിയിൽ എഴുതുകയാണ് *യാ ഇബാദല്ലാഹ്, വ ഇന്നീ അഹിന്നു ഇലാ ഇയാനി ബിലാദികും വ ബറകാതി സവാദിക്കും ലിഅസൂറ മൗതിഅ അഖ്ദാമി ഖൈറിൽ വറാ. വ അജ്അല കുഹ്‌ല ഐനി തിൽക സറാ.*

يا عبادَ الله. وإني أحِنّ إلى عِيان بلادِكم، وبركاتِ سوادِكم، لأزورَ مَوطِئَ أقدامِ خيرِ الورى، وأجعلَ كُحْلَ عَيني تلك الثّرى،

ദീർഘമായ വിവരണത്തിൽ നിന്നുള്ള ഒരു വരി മാത്രമാണിത്. അതിൽ തന്റെ ഹൃദയാഭിലാഷം പ്രകടിപ്പിച്ചു കൊണ്ട് ആ പുണ്യാത്മാവ് എഴുതുകയാണ്. അല്ലയോ അല്ലാഹുവിന്റെ ദാസരെ, സൃഷ്ടികളിൽ ഏറ്റവും ഉന്നതനായ (ഖൈറുൽവറാ) റസൂലുല്ലാഹ് (സ) യുടെ ആ നാട് കാണുവാനും അവിടത്തെ അനുഗൃഹീതരും സത്യാത്മാക്കളുമായവരെ സന്ദർശിക്കുവാനുമുള്ള ഉൽകടമായ ആഗ്രഹത്താൽ എന്റെ ഹൃദയം പിടയ്ക്കുകയാണ്. അതോടൊപ്പം റസൂൽ കരീമി (സ)ന്റെ പാദസ്പർശമേറ്റു പുളകമണിഞ്ഞ ആ അനുഗൃഹീത മണ്ണെടുത്തു സുർമയാക്കി ഞാനെന്റെ കണ്ണിലെഴുതാനും വെമ്പൽ കൊള്ളുകയാണ്.

വളർത്തു പുത്രനായിരിക്കും എന്നാണ്.

തിരുമേനി പറഞ്ഞ സ്വപ്ന വ്യാഖ്യാനം പോലെ തന്നെ ഹിജ്റ വർഷം നാല് ശഅബാൻ മൂന്നാം തിയ്യതി (ക്രൃസ്താബ്ദം 626 ജനുവരി 8ാം തിയ്യതി തിങ്കളാഴ്ച) ഹദ്റത്ത് അലിയുടെ വീട്ടിൽ ഫാത്തിമ ഒരു പൊന്നോമനയ്ക്കു ജന്മം നൽകി. പറയപ്പെട്ടതു പോലെ വളർത്തമ്മ യായി ഉമ്മുൽ ഫസലിനെ തന്നെ നിശ്ചയിച്ചു. ഈ സന്തോഷ വാർത്ത അറിഞ്ഞ ഉടനെ തന്നെ തിരുമേനി ഫാത്തിമയുടെ വീട്ടിൽ ധൃതിയിൽ വന്നു. കുഞ്ഞിനെ കൈയിലെടുത്തു. അൽപനേരം താലോലിച്ചു. പിന്നീട് ഈത്തപ്പഴ ത്തിന്റെ ചെറിയ ഭാഗം തന്റെ പല്ലുകൊണ്ട് കടിച്ചരച്ചു മൃദുവാക്കി യ ശേഷം നവജാത ശിശുവിന്റെ വായിൽ വച്ചു കൊടുത്തു. പിന്നീട് കുഞ്ഞിന്റെ ഇരു ചെവിയിലും ബാങ്കും ഇഖാമത്തും നൽകി. മകൾ ഫാത്തിമയോടു കുഞ്ഞിനു പേരിട്ടിട്ടുണ്ടോ എന്നാരാഞ്ഞു. ഹദ്റത്ത് ഫാത്തിമ പറഞ്ഞു ഹറബ് എന്നാലോചിച്ചിട്ടുണ്ട്. തിരുമേനി പറഞ്ഞു ആ പേരു വേണ്ട. പേര് ഹുസൈൻ എന്നു മതി. അതിനു ശേഷം അഖീഖ നടത്തുവാനും മുടി വടിച്ചശേഷം അതിനു തുല്യമായ വെള്ളി സദഖയായി നൽകുവാനും തിരുമേനി നിർദേശിച്ചു. പിൽക്കാലത്തു ഈ മകൻ ത്വയ്യിബ്, സക്കി, ശഹീദ്, റശീദ്, ശബ്ബീർ എന്നീ പേരുകളിലും വിളിക്കപ്പെട്ടിരുന്നു. ഏഴാം ദിവസം അഖീഖ നടത്തി. തലമുടി വടിച്ചു അതിനു തുല്യമായ വെള്ളി സദഖ നൽകുകയും ചെയ്തു.

ഹദ്റത്ത് ഇമാം ഹുസൈൻ അതീവ സുമുഖനും തന്റെ മാതാമഹനായ അല്ലാഹുവിന്റെ റസൂലിന്റെ രൂപവും ആകാരവും കൂടുതലായി തന്നിൽ പ്രതിഫലിപ്പി ക്കുകയും ചെയ്തിരുന്നു. തിരുമേനി യുടെ ആൺ സന്താനങ്ങൾ ആരും തന്നെ വലിയ പ്രായം വരെ ജീവിച്ചിരുന്നിട്ടുണ്ടായിരുന്നില്ല. എല്ലാവരും ചെറിയ പ്രായത്തിൽ തിരുമേനിയുടെ വഫാത്തിനു മുമ്പ് തന്നെ മരണമടഞ്ഞിരുന്നു. അതു കാരണം തന്റെ പേരക്കിടങ്ങളായ ഹസ്സനോടും ഹുസൈനോടും (റളിയല്ലാഹു അൻഹുമാ) തിരുമേനിക്കു അതിരറ്റ സ്നേഹവും വാത്സല്യവുമായിരുന്നു. ഈ കുഞ്ഞുങ്ങളെ കാണുവാനും താലോലിക്കുവാനും ഓമനിക്കു വാനും വേണ്ടി തിരുമേനി ഹദ്റത്ത് ഫാത്തിമയുടെ വീട്ടിൽ ഇടയ്ക്കിടെ പോകുമായിരുന്നു. കുട്ടിക്കാലത്തെ അവരുടെ കളികളും വികൃതികളും തിരുമേനിയെ ഏറെ സന്തോഷി പ്പിച്ചിരുന്നു. അവരെ വാരിപ്പുണർ ന്നു തന്റെ നെഞ്ചോടു ചേർത്തു ചുംബിക്കുമായിരുന്നു. തിരുമേനി അവരോടൊപ്പം കളിക്കുകയും അവർക്കു വേണ്ടി സവാരിക്കുതിര യായി അവരെ പുറത്തു കയറ്റി നാലുകാലിൽ നടക്കുകയും ചെയ്യുമായിരുന്നു. ഒരിക്കൽ അതു കണ്ട ഒരു സഹാബി പറഞ്ഞു ഹോ എന്തൊരു അനുഗൃഹീത സവാരി ക്കുതിര. അപ്പോൾ തിരുമേനി പറഞ്ഞു **നിഅ്മഹുവ റാക്കിബു** അതിൽ സവാരി ചെയ്യുന്നവരും എത്രമാത്രം ഓമനകളും അനുഗൃ ഹീതരുമാണ്. തിരുമേനി ചിലപ്പോൾ കുട്ടികളേയും കൂട്ടി മസ്ജിദ് നബ്വിയിലും പോകാറുണ്ടായിരു ന്നു.

തിരുമേനി പലപ്പോഴും നമസ്ക്കാരത്തിൽ സുജൂദിലായിരി ക്കുമ്പോൾ ഹദ്റത്ത് ഹുസൈൻ തിരുമേനിയുടെ പുറത്തു കയറും. ചിലപ്പോൾ നമസ്ക്കാരത്തിൽ തിരുമേനിയുടെ കാലുകൾക്കിട യിലൂടെ കടന്നു പോകാൻ ശ്രമിക്കും. അപ്പോൾ തിരുമേനി തന്റെ കാലുകൾ വിശാലമാക്കി കുഞ്ഞിനു കടന്നു പോകാൻ സൗകര്യം ചെയ്തു കൊടുക്കും. ഒരു സ്വഹാബി പറയുകയാണ്. ഒരിക്കൽ ഞാൻ തിരുമേനിയോ ടൊപ്പം നമസ്ക്കരിക്കുകയായിരു ന്നു. ഒരു സുജൂദ് അനിതര സാധാരണമായി നീണ്ടു പോയ പ്പോൾ ഞാൻ മെല്ലെ സുജൂദിൽ നിന്നും തല ഉയർത്തി നോക്കി. അപ്പോൾ ഹദ്റത്ത് ഹുസൈൻ തിരുമേനിയുടെ മുതുകിൽ കയറി ഇരിക്കുന്നതാണു കണ്ടത്. ഞാൻ വീണ്ടും സുജൂദിലേക്കു മടങ്ങി. അൽപം കഴിഞ്ഞപ്പോൾ തിരുമേനി സുജൂദിൽ നിന്നും ഉയർന്നു. നമസ്ക്കാര ശേഷം തിരുറസൂൽ പറഞ്ഞു ഞാൻ സുജൂദിലായി രുന്നപ്പോൾ ഹുസൈൻ എന്റെ പുറത്തു കയറി. അവൻ ഇറങ്ങുന്ന തും കാത്തിരുന്നതു കൊണ്ടാണു സുജൂദ് നീണ്ടു പോയത്. ഒരിക്കൽ വെള്ളിയാഴ്ച റസൂൽ തിരുമേനി (സ) മസ്ജിദ് നബ്വിയിൽ ഖുത്തുബ നിർവഹിക്കുന്ന അവസ രത്തിൽ രണ്ടോ രണ്ടരയോ വയസ്സു പ്രായമുള്ള ഹദ്റത്ത് ഹുസൈൻ പള്ളിയിലേക്കു കടന്നുവന്നു. കുഞ്ഞ് എന്തോ തട്ടി വീഴാൻ തുടങ്ങിയപ്പോൾ തിരുമേനി ഖുതുബ നിർത്തി മിമ്പറിൽ നിന്നും താഴെ ഇറങ്ങി മകനെ വാരിയെ ടുത്തു. കെട്ടിപ്പിടിച്ചു ചുംബിച്ചു. എന്നിട്ട് തന്റെ ഒരു ഭാഗത്തു ഇരുത്തിയ ശേഷം ഖുത്തുബ തുടർന്നു.

ഹദ്റത്ത് റസൂൽ കരീം (സ) തന്റെ ഈ രണ്ടു ദൗഹിത്രരെ കുറിച്ചു ഇവർ എനിക്കു ഈ ലോകത്തു ലഭിച്ച പരിമളം വിതറുന്ന രണ്ടു പുഷ്പങ്ങളാണെന്നും ഇവർ സ്വർഗത്തിൽ വസിക്കുന്ന യുവാ ക്കളുടെ നേതാക്കളായിരിക്കുമെ ന്നും പറയാറുണ്ടായിരുന്നു. ഹദ്റ ത്ത് റസൂൽ കരീം(സ) അഹ്ലുൽ ബൈത്തിൽ ഏറ്റവും കൂടുതൽ സ്നേഹിക്കുകയും ഇഷ്ടപ്പെടുക യും ചെയ്തതു ഹസ്സനേയും ഹുസൈനേയുമായിരുന്നുവെന്നു തിരുമേനിയുടെ എക്കാലത്തേയും സേവകനായ ഹദ്റത്ത് അനസ് (റ) നിവേദനം ചെയ്തിട്ടുണ്ട്. ഈ കുഞ്ഞുങ്ങൾക്കുണ്ടാകുന്ന ചെറിയ വിഷമം പോലും തിരുനബിയെ മാനസികമായി വല്ലാതെ വിഷമി പ്പിച്ചിരുന്നു. തിരുമേനി ഇങ്ങനേയും അരുൾ ചെയ്തിരുന്നു ഏതൊരാൾ

ഹസ്സനേയും ഹുസൈനേയും സ്നേഹിച്ചുവോ അവർ എന്നെ സ്നേഹിച്ചു, ഏതൊരാൾ അവരോട് ശത്രുത കാണിച്ചുവോ അവർ എന്നോടും ശത്രുത കാണിച്ചു.

ഈ പ്രിയപ്പെട്ട മക്കൾക്കു തിരുമേനിയോടൊത്ത് ദീർഘകാലം ജീവിക്കാൻ ഭാഗ്യമുണ്ടായില്ല. അവർക്കു ഏകദേശം ഏഴെട്ടു വയസ്സു പ്രായമായപ്പോഴേക്കും തിരുമേനി ഇഹലോക വാസം വെടിഞ്ഞു. എങ്കിലും ആ ചെറിയ കാലയളവിൽ തങ്ങളുടെ മാതാമഹനിൽ നിന്നും ഉന്നതമായ തഅ്ലീം തർബിയത്തും ആത്മീയ ഔന്നത്യങ്ങൾക്കുള്ള ദുആകളും അവർ കരസ്ഥമാക്കിക്കഴിഞ്ഞിരുന്നു. *അല്ലാഹുമ്മ ഇന്നീ ഉഹിബ്ബു ഹുമാ ഫ അഹിബ്ബ ഹുമാ* അല്ലാഹുവേ ഞാൻ ഇവർ രണ്ടു പേരേയും സ്നേഹിക്കുന്നു. നീയും ഇവരെ സ്നേഹിക്കേണമേ എന്നു തിരുമേനി അവർ രണ്ടുപേർക്കുമായി എപ്പോഴും ദുആ ചെയ്യാറുണ്ടായിരുന്നു. ഇങ്ങനേയും ദുആ ചെയ്തിരുന്നു. അല്ലാഹുവേ അവർ രണ്ടുപേരോടും സ്നേഹം കാണിക്കുന്നവരോടും നീയും സ്നേഹം കാണിക്കേണമേ. അവർ രണ്ടുപേരും തിരുമേനിയെ കണ്ടത് തങ്ങളുടെ ഇളം പ്രായത്തിലാണെങ്കിലും ആ പ്രായത്തിൽ തിരുമേനിയിൽ നിന്നും കണ്ടതും കേട്ടതുമായ ചില കാര്യങ്ങൾ ഇമാം ഹുസൈൻ നിവേദനം ചെയ്തിട്ടുണ്ട്. അത്തരത്തിലുള്ള എട്ടു ഹദീസുകൾ നമുക്കു ഹദീസു ഗ്രന്ഥങ്ങളിൽ കാണുവാൻ സാധിക്കുന്നതാണ്.

തിരുമേനി ഈ മക്കളെ അകമഴിഞ്ഞു സ്നേഹിക്കുകയും ലാളിക്കുകയും ചെയ്തതു പോലെ അവരുടെ ശിക്ഷണ കാര്യങ്ങളും വളരെയധികം ശ്രദ്ധിച്ചിരുന്നു. അതിന്നായി അവരുടെ മാതാപിതാക്കളായ ഹദ്റത്ത് അലിയും ഹദ്റത്ത് ഫാത്തിമത്തുസ് സുഹറായും ഉണ്ടായിരുന്നുവല്ലോ. ഒരിക്കൽ മസ്ജിദ് നബ്‌വിയിൽ സാധുക്കളിൽ വിതരണം ചെയ്യുവാനായി സദഖയായി ലഭിച്ചിരുന്ന കാരക്കക്കൂമ്പാരത്തിൽ നിന്നും കുട്ടിയായ ഹദ്റത്ത് ഹുസൈൻ ഒന്നെടുത്ത് വായിലിട്ടു. ദൂരെ നിന്നും ഇതു കണ്ട തിരുനബി (സ) ഓടി വന്നു കുട്ടിയുടെ വായിൽ വിരലിട്ട് അതു തോണ്ടിയെടുത്തിട്ടു പറഞ്ഞു മോനെ അതു നമുക്ക് ഹലാൽ (അനുവദനീയ) അല്ല. ഇത്തരത്തിൽ ഉന്നതമായ ശ്രദ്ധയും ശിക്ഷണവും ലഭിച്ചതിനാൽ ഈ മക്കൾ എല്ലായിപ്പോഴും പ്രായത്തേക്കാൾ മികച്ച ബുദ്ധിവൈഭവവും സ്വഭാവവൈശിഷ്യവും പ്രകടിപ്പിച്ചിരുന്നു.

ഒരിക്കൽ മസ്ജിദ് നബ്‌വിയിൽ വച്ചു ഒരാൾ ഹദ്റത്ത് അലി(റ) യോടു ആരാണ് ബുദ്ധിമാൻ എന്നു ചോദിച്ചു. അതായത് ബുദ്ധിമാൻ ഏതു തരത്തിലുള്ള ആളായിരിക്കും. അയാളുടെ ലക്ഷണങ്ങൾ എന്തൊക്കെയാണ്. ഇതു കേട്ടപ്പോൾ പിതാവിനോടൊപ്പമുണ്ടായിരുന്ന കുട്ടിയായിരുന്ന ഹുസൈൻ (റ) ഇതിനു ഞാൻ ഉത്തരം പറയട്ടെ എന്നു ചോദിച്ചു. പിതാവിന്റെ അനുവാദം ലഭിച്ചപ്പോൾ *'അൽ ആഖിലു മൻ അഖല ലിസാനഹു ഇല്ലാ അൻ സികിറില്ലാഹ്'* ദൈവസ്മരണ മാത്രം ചെയ്യുന്നവനാരോ അവനാണ് ബുദ്ധിമാൻ എന്നു പറയുകയുണ്ടായി. മറ്റൊരിക്കൽ പള്ളിയിൽ വച്ചു ഗ്രാമീണനായ ഒരു ബദു (കാട്ടറബി) തെറ്റായ രീതിയിൽ വുസു എടുക്കുന്നതു ഹദ്റത്ത് ഹുസൈൻ കാണാനിടയായി. അയാളെ തിരുത്തുന്നതു അയാൾക്കു അഭിമാനക്ഷതമുണ്ടാക്കുമോ എന്ന ഭയത്താൽ അയാളെ തിരുത്തുന്നതിനു പകരം അടുത്തു തന്നെ ഉണ്ടായിരുന്ന തന്റെ ജ്യേഷ്ഠൻ ഹദ്റത്ത് ഹസ്സനോടു പറഞ്ഞു, ഹസ്സൻ ഞാൻ വുസു എടുക്കുകയാണ് ഇതിൽ വല്ല തെറ്റും ഉണ്ടെങ്കിൽ അപ്പോൾ തന്നെ എനിക്കു പറഞ്ഞു തരണം. അങ്ങനെ ആ ഗ്രാമീണന്റെ മുന്നിൽ വുസു എടുത്തു കൊണ്ട് ശരിയായ രീതിയിൽ എങ്ങിനെയാണ് വുസു എടുക്കേണ്ടതെന്നു അയാൾക്കു കാണിച്ചു കൊടുത്തു.

## ഖലീഫമാരുടെ സ്നേഹവും വാത്സല്യവും

കാലം മുന്നോട്ട് പോയിക്കൊണ്ടിരുന്നു. റസൂൽ കരീം(സ)മിന്റെ വഫാത്തിനു ശേഷം ഖുലഫാ ഉർ റാശിദീങ്ങളുടെ കാലം വന്നു, ഹദ്റത്ത് അബൂബക്കർ സിദ്ധീഖിന്റേയും ഉമർ ഖത്വാബിന്റേയും (റളിയല്ലാഹു അൻഹുമാ) കാലത്തു തിരുമേനിയുമായുള്ള രക്തബന്ധം കാരണം ഹദ്റത്ത് ഹസ്സന്നും(റ) ഹുസൈന്നും(റ) എല്ലായിപ്പോഴും ആദരണീയ സ്ഥാനവും പരിലാളനവും അനുഗ്രഹാശിസ്സുകളും ലഭിച്ചിരുന്നു. ആ രണ്ടു മഹാത്മാക്കളുടെ ഖിലാഫത്തു കാലത്തു ഇവർ രണ്ടു പേരും ചെറിയ കുട്ടികളായിരുന്നു. ഹദ്റത്ത് അബൂബക്കർ(റ) ഹസ്സനേയും ഹുസൈനേയും കണ്ടാൽ അവരെ സ്നേഹത്തോടെ തോളിലേറ്റുമായിരുന്നു. എന്നിട്ടു പറയും ഇവർ തിരുമേനിയുടേ പ്രിയപ്പെട്ട മക്കളാണ്.

ഹദ്റത്ത് ഉമർ ഖത്വാബും (റ) അവരോട് വളരെധികം സ്നേഹവും വാത്സല്യവും പ്രകടിപ്പിച്ചിരുന്നു. ഇസ്‌ലാം സാമ്പത്തികമായി കൂടുതൽ പുരോഗതി പ്രാപിച്ചപ്പോൾ ബദരി സഹാബാക്കൾക്കു രണ്ടായിരം ദിർഹം വീതം സഹായധനം (stipend) നിശ്ചയിച്ച അവസരത്തിൽ ഇവർ രണ്ടു പേർക്കും അയ്യായിരം ദിർഹം വീതമായിരുന്നു സ്റ്റൈപെന്റ് നൽകിയിരുന്നത്. അതു മൂന്നാം ഖലീഫ ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാന്റെ കാലത്തും തുടർന്നിരുന്നു. സ്വഹാബാക്കളും ഹദ്റത്ത് ഹസ്സനോടും ഹദ്റത്ത് ഹുസൈനോടും വളരെയധികം സ്നേഹവും വാത്സല്യവും കാണിച്ചിരുന്നു. ഹജ്ജിന്റെ അവസരത്തിൽ അവർ രണ്ടു പേരും ത്വവാഫ് ചെയ്യുന്ന അവസരത്തിൽ സ്വഹാബാക്കൾ അവരെ കാണുന്നതിനും അവരോടു സംസാരിക്കുന്നതിനും അവരു

ടെ ചുറ്റും കൂടി നിൽക്കുമായിരുന്നു.

ഒരിക്കൽ യമനിൽ നിന്നും വളരെ ഭംഗിയുള്ള അറബ് രീതിയിലുള്ള ധാരാളം വസ്ത്രങ്ങൾ വന്നപ്പോൾ അമീറുൽ മുഅ്മിനീന്റെ കൽപന പ്രകാരം പെട്ടെന്നു തന്നെ സ്വഹാബാക്കൾക്കും അവരുടെ മക്കൾക്കുമായി അതു വിതരണം ചെയ്തു. പിന്നീടാണു അതിൽ നിന്നും ഹസ്സന്നും ഹുസൈന്നും ഒന്നും കിട്ടിയില്ലെന്നു മനസ്സിലായത്. അതു ഹദ്റത്ത് ഉമർ ഖത്വാബി(റ)ന്റെ മനസ്സിനു വലിയ വിഷമമുണ്ടാക്കി. അദ്ദേഹം ഉടൻ തന്നെ യമൻ ഗവർണർക്കു കത്തയച്ചു കൊണ്ട് കഴിയുന്നത്ര വേഗം അത്തരത്തിലുള്ള മുന്തിയ ഇനം രണ്ടു വസ്ത്രങ്ങൾ കൂടി അയക്കാൻ ആവശ്യപ്പെടുകയും അതു കിട്ടിയപ്പോൾ അവർ രണ്ടു പേരേയും വിളിച്ചു അവർക്കു നൽകുകയുമുണ്ടായി. ഹദ്റത്ത് ഉമർ ഖത്വാബിന്റെ ഭരണത്തിന്റെ അവസാന കാലം എത്തിയപ്പോഴേക്കും ഹസ്സനും ഹുസൈനും ഏറെക്കുറെ പക്വത കൈവരിച്ചിരുന്നു.

## അല്ലാഹുവിനോടുള്ള ഭയഭക്തിയും അഗതികളോടുള്ള സഹതാപവും

തന്റെ മാതാപിതാക്കളിൽ നിന്നും തിരുമേനിയിൽ നിന്നും ചെറിയ പ്രായത്തിൽ ലഭിച്ച തർബിയത്തു കാരണം ഹദ്റത്ത് ഇമാം ഹുസൈൻ ആരാധനാ കാര്യങ്ങളിൽ അതീവ ശ്രദ്ധാലുവായിരുന്നു. ചരിത്രകാരന്മാർ ഹദ്റത്ത് ഹുസൈൻ (റ) ധാരാളമായി ഇബാദത്ത് ചെയ്തിരുന്നതായും റമസാൻ മാസത്തിനു പുറമെ കൂടുതലായി നോമ്പനുഷ്ടിച്ചിരുന്നതായും തഹജ്ജുദും നഫൽ നമസ്ക്കാരങ്ങളും ധാരാളമായി അനുഷ്ടിക്കാറുണ്ടെന്നും അതുപോലെ സദഖയും ദാന ധർമങ്ങളും കൂടുതലായി നൽകിയിരുന്നതായും ഹജ്ജിന്റെ അവസരത്തിൽ എപ്പോഴും ഹജ്ജ് അനുഷ്ടിച്ചിരുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. അതു തികച്ചും യാഥാർഥ്യവുമായിരുന്നു. ഹദ്റത്ത് ഇമാം ഹുസൈന്നു ബൈത്തുൽ മാലിൽ നിന്നും പല വകയിലായി ധാരാളം പണം ലഭിച്ചിരുന്നുവെങ്കിലും അദ്ദേഹം പലപ്പോഴും വീട്ടാവശ്യങ്ങൾക്കു ബുദ്ധിമുട്ടിയിരുന്നു. അത്രമാത്രം ശക്തമായിരുന്നു അദ്ദേഹത്തിന്റെ ദാനധർമങ്ങൾ എന്നാണിതു സൂചിപ്പിക്കുന്നത്. ചിലപ്പോൾ അദ്ദേഹം വീട്ടുകാരുടെ ആവശ്യങ്ങൾ മാറ്റിവെച്ചു കൊണ്ട് നിർധനരേയും പീഡിതരേയും സഹായിച്ചിരുന്നു. രാത്രി സമയങ്ങളിൽ പുറത്തിറങ്ങി പാവങ്ങളുടേയും അനാഥരുടേയും ആവശ്യങ്ങൾ അന്വേഷിച്ചു അവർക്കു വേണ്ട സഹായം എത്തിച്ചിരുന്നു.

അദ്ദേഹം ചില അവസരങ്ങളിൽ രാത്രി മുഴുവൻ സമയവും നിന്നു കൊണ്ട് നമസ്ക്കാരത്തിൽ കഴിച്ചു കൂട്ടാറുണ്ടായിരുന്നു. നമസ്ക്കരിക്കുന്ന അവസരത്തിൽ ചിലപ്പോൾ അല്ലാഹുവിനോടുള്ള ഭയഭക്തി കാരണം അദ്ദേഹത്തിന്റെ മുഖം വിവർണമാവുകയും ശരീരം വിറക്കാൻ തുടങ്ങുകയും ചെയ്തിരുന്നു. മനുഷ്യ ജീവിത ലക്ഷ്യം അല്ലാഹുവിനെ പ്രാപിക്കലും അവന്റെ തൃപ്തി കരസ്ഥമാക്കലുമാണെന്നും അതിനായി തന്റെ ജീവൻ ബലി കഴിക്കേണ്ടി വന്നാൽ മടിക്കരുതെന്നുമുള്ള അതിമഹത്തായ പാഠമാണ് തന്റെ ജീവിതം കൊണ്ട് അദ്ദേഹം നൽകിയത്. ഒരു സ്വഹാബിയായ ഹദ്റത്ത് അബൂ റൂഹുൽ അൻസ്വാരി(റ) നിവേദനം ചെയ്യുന്നു ഹദ്റത്ത് ഹുസൈൻ ബിൻ അലി(റ) എപ്പോഴും ഇങ്ങനെ ദുആ ചെയ്യാറുണ്ടായിരുന്നു അല്ലാഹുവേ എന്റെ മനസ്സിൽ പരലോക (ആഖിറത്ത്) ജീവിതത്തോടു അത്യുത്കടമായ ആസക്തിയും ഭൗതികതയോടു വെറുപ്പും അനിഷ്ടവും ജനിപ്പിച്ചു കൊണ്ട് അതിന്റെ സത്യവും യാഥാർഥ്യവും എന്റെ മനസ്സിൽ നീ രൂഢമൂലമാക്കേണമേ. അല്ലാഹുവേ ആഖിറത്തിനെ കുറിച്ചുള്ള ഉൾകാഴ്ച നൽകി കൊണ്ട് നന്മയിൽ മുന്നേറാനും തിന്മയിൽ നിന്നു ഓടി അകലാനും നീ എനിക്കു ശക്തി നൽകേണമേ.

ഹദ്റത്ത് ഇമാം ഹുസൈൻ തന്റെ ഒരു അറബി ഖസീദയിൽ പറയുകയാണ് ഭൗതികാനുഗ്രഹങ്ങൾ മനുഷ്യനു ആവശ്യമാണെങ്കിലും ആഖിറത്തിൽ ലഭിക്കുന്ന നിഅ്മത്തുകൾ അതിലും എത്രയോ ഉയർന്നതാണ്. മനുഷ്യ ശരീരം അല്ലാഹു നശ്വരമാക്കിയാണു സൃഷ്ടിച്ചിരിക്കുന്നത്. അതിനാൽ അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്തു കൊണ്ട് ആ ശരീരം ഇല്ലാതാക്കുക എന്നത് അവനെ സംബന്ധിച്ചിടത്തോളം വളരെ അഭികാമ്യമാണ്. ഈ ലോകത്തു മനുഷ്യൻ സമ്പാദിക്കുന്ന സ്വത്തും പണവും എല്ലാം തന്നെ ഒരു നാൾ ഉപേക്ഷിക്കേണ്ടി വരും. അങ്ങനെ ഉപേക്ഷിച്ചു പോകേണ്ടി വരുന്ന ധനം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്ന കാര്യത്തിൽ എന്തിനാണ് പിശുക്കു കാണിക്കുന്നത്? ഈ കവിതയിലൂടെ അല്ലാഹുവിലുള്ള അദ്ദേഹത്തിന്റെ വിശ്വാസവും ഉന്നതമായ ആത്മീയ നിലയും വളരെ പ്രകടമാണ്.

അദ്ദേഹം എപ്പോഴും വിനയ സ്വഭാവം കൈക്കൊണ്ടിരുന്നു. ഒരിക്കൽ അദ്ദേഹം എവിടെയൊ പോവുകയായിരുന്നു. അപ്പോൾ വഴിയിൽ പാവപ്പെട്ടവരായ ഏതാനും പേർ ഇരുന്നു ഭക്ഷണം കഴിക്കുന്നുണ്ടായിരുന്നു. അവർ ഇമാം ഹുസൈനെ കണ്ടപ്പോൾ അവരോടൊപ്പം ഭക്ഷണം കഴിക്കാൻ ക്ഷണിച്ചു. ഒട്ടും മടി കൂടാതെ അദ്ദേഹം ഒട്ടകപ്പുറത്തുനിന്നും ഇറങ്ങി അവരോടൊപ്പം ഭക്ഷണം കഴിക്കാൻ ഇരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ, നിങ്ങളോടൊപ്പം ഇരുന്നത് ഞാൻ വലിയ പൊങ്ങച്ചക്കാരനും അഹംങ്കാരിയുമാണെന്നു നിങ്ങൾ തെറ്റിദ്ധരിക്കാതിരിക്കാനാണെന്നു പറഞ്ഞു കൊണ്ട്

അവരെ എല്ലാവരേയും തന്റെ വീട്ടിൽ കൊണ്ടു പോയി ഭക്ഷണം നൽകുകയുണ്ടായി.

## വിവാഹവും സന്താനങ്ങളും

ഹദ്റത്ത് ഇമാം ഹുസൈൻ പല സമയങ്ങളിലായി അഞ്ചു വിവാഹ ങ്ങൾ കഴിച്ചിട്ടുണ്ടായിരുന്നു. ഹദ്റത്ത് ഉമർ ഖത്വാബി(റ)ന്റെ ഖിലാഫത്തു കാലത്ത് ഇറാൻ കീഴടക്കപ്പെട്ടപ്പോൾ ഇറാൻ രാജാവിന്റെ മകൾ ശഹർ ബാനു രാജകുമാരിയും തടവിലാക്കപ്പെട്ടു. ഇത് രാജകുമാരിയാണെന്നു മനസ്സിലായപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു ഈ രാജകുമാരി നമ്മുടെ രാജകുമാരനു നന്നായി ചേരും. അങ്ങനെ ഇമാം ഹുസൈന്റെ ആദ്യവിവാഹം ശഹർ ബാനുവുമായി നടന്നു. ഈ ഭാര്യയിലാണു സൈനുൽ ആബിദീൻ എന്ന പേരിൽ പ്രശസ്തനായ ഹദ്റത്ത് അലി ബിൻ ഹുസൈൻ ജനിക്കുന്നത്. മറ്റു ഭാര്യമാർ ലൈല, ഗസാല റുബാബ് ബിൻത് ഇംറഉൽ ഖൈസ്, ഉമ്മു ജഅ്ഫർ എന്നിവരായിരുന്നു. ഈ എല്ലാ ഭാര്യമാരിലായി അലി അക്ബർ, അബ്ദുല്ലാഹ്, സക്കീന, ഫാത്തിമ, ജഅ്ഫർ, സൈനബ് എന്നീ മക്കൾ ജനിക്കുകയുണ്ടായി.

ഹദ്റത്ത് ഇമാം ഹുസൈൻ വളരെ ധീരനും സാഹസികനും ധൈര്യശാലിയുമായിരുന്നു. ഒരിക്കൽ മകൾ ഹദ്റത്ത് ഫത്തിമ ത്തുസ് സുഹറാ ഹസ്സനേയും ഹുസൈനേയും വിളിച്ചു തിരുമേനി യുടെ അടുക്കൽ ചെന്നിട്ടു പറഞ്ഞു യാ റസൂലാല്ലാഹ് ഇതു അങ്ങയുടെ മക്കളാണ്. അങ്ങ് ഇവർ രണ്ടു പേരേയും അങ്ങേയ്ക്കു അല്ലാഹു വിൽ നിന്നും ലഭിച്ച ഉന്നത ധാർമിക ഗുണങ്ങളുടെ അവകാശികളാക്കി യാലും. അപ്പോൾ തിരുമേനി പറഞ്ഞു ഹസ്സനു ഞാൻ എന്റെ അറിവു നൽകിയിട്ടുണ്ട്. ഹുസൈ ന്നു ധീരതയും കൂടെ ദാന ശീലവും ഉദാരതയുമാണ് നൽകിയിരിക്കുന്ന ത്. ഒരുപക്ഷേ, അവരുടെ സ്വഭാവം മനസ്സിലാക്കി അവർക്കു വേണ്ടി അല്ലാഹുവിനോട് ആ രീതിയിൽ ദുആ ചെയ്യാറുണ്ട് എന്നാകാം അതിന്റെ വിവക്ഷ. എന്നാൽ അവർ രണ്ടുപേരുടേയും പിന്നീടുള്ള ജീവിതം തിരുമേനിയുടെ വാക്കു കളെ തികച്ചും അന്വർഥമാക്കു ന്നവയും സാക്ഷ്യപ്പെടുത്തുന്നവ യും ആയിരുന്നുവെന്നു എല്ലാവരും സമ്മതിച്ച കാര്യമായിരുന്നു. ഇമാം ഹസ്സൻ വലിയ പണ്ഡിതനും ഹദ്റത്ത് ഇമാം ഹുസൈൻ ദാനശീലനും ധീരനുമായിരുന്നു.

## ധീരനായ ഹദ്റത്ത് ഇമാം ഹുസൈൻ

ഹദ്റത്ത് ഉമർ ഖത്വാബിന്റെ നിര്യാണ ശേഷം ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ(റ) ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടു. അപ്പോഴേ ക്കും ഹദ്റത്ത് ഹുസൈൻ പ്രായം കൊണ്ട് പക്വമതിയും മാനസിക മായി ധീരവീര ശൂരനുമായ ഒരു യുവാവായി മാറിക്കഴിഞ്ഞിരുന്നു. അതിനു ശേഷം തന്റെ അവസാന ശ്വാസം വരെ അദ്ദേഹം ഇസ്ലാമി നു വേണ്ടി പല പല യുദ്ധങ്ങളിൽ പങ്കെടുത്ത് തന്റെ ധീരതയുടേയും യുദ്ധ നൈപുണ്യത്തിന്റെയും പ്രകടനം കാഴ്ച വച്ചിട്ടുണ്ടായിരു ന്നു. അദ്ദേഹം തന്റെ പിതാവ് ഹദ്റത്ത് അലി ബിൻ അബീ ത്വാലിബിനോടൊപ്പവും അല്ലാതേ യും യുദ്ധങ്ങളിൽ പങ്കെടുത്തിട്ടു ണ്ടായിരുന്നു. ഹിജ്റാ വർഷം നാൽപത്തി ഒമ്പതിൽ ഖുസ്തുൻ തുനിയ (Constantinople) യിലേയ്ക്കു മുസ്ലിം സൈന്യം നടത്തിയ പടയോട്ടത്തിലും ഹദ്റത്ത് ഇമാം ഹുസൈൻ പങ്കെടുത്തിട്ടുണ്ടായിരുന്നു. അതു പോലെ പിന്നീടു വന്ന ഹദ്റത്ത് അമീർ മുആവിയയുടെ ഭരണകാല ത്തും അദ്ദേഹത്തിന്റെ നിർദേശ പ്രകാരം ഹദ്റത്ത് ഇമാം ഹുസൈൻ ചില യുദ്ധങ്ങളിൽ പങ്കെടുത്തിട്ടു ണ്ടായിരുന്നു.

ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ(റ) ഖലീഫത്തുർ റസൂലായി സ്ഥാനമേറ്റ് ആറു വർഷങ്ങൾ കഴിഞ്ഞപ്പോഴേക്കും അദ്ദേഹത്തിന്നെതിരിൽ ശക്തമായ ഗൂഢാലോചനകളും കുഴപ്പങ്ങളും പൊട്ടിപ്പുറപ്പെട്ടു. അതിനു പിന്നിൽ മുസ്ലിം വേഷധാരികളായ കപടവിശ്വാസികളും ദുർവൃത്തരും രാജ്യദ്രോഹികളുമായ ഒരുപറ്റം സ്വാർഥമോഹികളായിരുന്നു ഉണ്ടായിരുന്നത്. വീണ്ടും ഒരു ആറുവർഷംകൂടി കഴിയുമ്പോഴേ ക്കും ഈ കാലാപം അതിന്റെ പാരമ്യത്തിലെത്തി. അവർ ആ മഹാത്മാവിനെ വധിക്കാനായി ഖിലാഫത്ത് മന്ദിരം വളഞ്ഞപ്പോൾ അതിന്റെ പ്രധാന കവാടത്തിൽ മറ്റു യുവാക്കളോടൊപ്പം ഊരിയ വാളുമായി കാവൽ നിന്നതു ഹസ്സനും ഹുസൈനുമായിരുന്നു. ഈ യുവാക്കളുടെ ശക്തമായ തിരിച്ചടി നിമിത്തം ആ അക്രമി കൾക്കു അമീറുൽ മുഅ്മിനീന്റെ വസതിയിൽ പെട്ടെന്നു പ്രവേശി ക്കാനായില്ല. പിന്നീടവർ വീടിന്റെ പിൻഭാഗത്തു കൂടി എങ്ങനെയോ അകത്തു പ്രവേശിക്കുകയും ഖലീഫത്തുർ റസൂലിനെ അതി ദാരുണമായി ശഹീദാക്കുകയും ചെയ്തു. തുടർന്നു ശത്രുക്കളുടെ ശക്തമായ ഉപരോധവും കലാപ വും നിമിത്തം ഹദ്റത്ത് ഉസ്മാൻ (റ)ന്റെ ഖബറടക്കവും പുതിയ ഖലീഫയുടെ തെരഞ്ഞെടുപ്പും ദിവസങ്ങൾ വൈകി. ഖബറടക്കം ജന്നത്തുൽ ബഖീഅ്യിൽ ഉദ്ദേശി ച്ചുവെങ്കിലും ശത്രുക്കൾ സമ്മതി ച്ചില്ല. അവസാനം ജന്നത്തുൽ ബഖീഅ്നു അധികം അകലെയ ല്ലാത്ത ഒരു യഹൂദ ഖബറിസ്ഥാന്റെ ഒരു ഭാഗത്തു ഖബറടക്കം ചെയ്തു. കുറച്ചു കാലങ്ങൾക്കു ശേഷം രണ്ടു ഖബറിസ്ഥാന്റെയും ഇടയിലുള്ള ഒഴിഞ്ഞ സ്ഥലം ജന്നത്തുൽ ബഖീഅ്യിൽ ചേർത്തു കൊണ്ട് ഹദ്റത്ത് ഉസ്മാന്റെ(റ) ഖബർ ജന്നത്തുൽബഖീഅ്യിൽ ഉൾപ്പെടു ത്തുകയാണു ചെയ്തതു. ആ സംഭവങ്ങളുടെ കൂടുതൽ വിശദീ കരണം ഈ ലേഖനത്തിന്റെ ഉദ്ദേശ്യമല്ലാത്തതു കൊണ്ട് അതൊ ഴിവാക്കുന്നു.

ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാന്റെ(റ) ശഹാദത്തിനു ശേഷം ദിവസങ്ങളുടെ ചർചയ്ക്കും ഒത്തു തീർപ്പിന്നും ശേഷം ഹദ്റത്ത് അലി ബിൻ അബീത്വാലിബ് ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം ഇറാഖിന്റെ പട്ടണമായ കൂഫയിലേയ്ക്കു പോയപ്പോൾ തന്റെ പിതാവിന്റെ സഹായിയായി ഹദ്റത്ത് ഹുസൈനും കൂഫയിലേക്കു താമസം മാറ്റിയിരുന്നു. നിർഭാഗ്യമെന്നു പറയട്ടെ ഖിലാഫത്തിന്റെ അഞ്ചാമത്തെ കൊല്ലം നാലാമത്തെ ഖലീഫയേയും കൂഫയിലെ വലിയ പള്ളിയിൽ അദ്ദേഹം ഫജ്ർ നമസ്ക്കരിച്ചു കൊണ്ടിരുന്ന അവസരത്തിൽ അബ്ദുർ റഹ്മാൻ ബിൻ മൽജം എന്നു പേരുള്ള ഒരു ദുർഭഗൻ വിഷം പുരട്ടിയ വാളു കൊണ്ട് വെട്ടി ഗുരുതരമായി പരിക്കേൽപിച്ചു. അതേതുടർന്നു രണ്ടാം ദിവസം ആ പുണ്യാത്മാവും ഇഹലോക വാസം വെടിഞ്ഞു. ഈ സംഭവങ്ങളെല്ലം തന്നെ ഇസ്ലാമിക ചരിത്രത്തിലെ ഏറ്റവും കറുത്ത അധ്യായങ്ങളായിരുന്നു. ഹദ്റത്ത് അലി(റ)യുടെ ശഹാദത്തിനു ശേഷം ഹദ്റത്ത് ഇമാം ഹുസൈൻ കൂഫയിൽ നിന്നും മദീനയിലേയ്ക്കു തിരിച്ചു വന്നു. പിന്നീട് ഹദ്റത്ത് അലി(റ) യുടെ മകൻ ഹസ്സൻ ബിൻ അലി(റ) ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടു. മുൻ കഴിഞ്ഞ നാലു ഖലീഫമാരായ അബൂബക്കർ, ഉമർ, ഉസ്മാൻ, അലി (റസിയല്ലാഹു അൻഹും) എന്നിവർക്കു ബൈഅത്തു ചെയ്തതു പോലെ ഹദ്റത്ത് ഹുസൈൻ(റ) തന്റെ സഹോദരനെ ഖലീഫയായി അംഗീകരിച്ചു കൊണ്ട് ഒട്ടും വൈകാതെ അദ്ദേഹത്തിന്റെ കൈയിൽ ബൈഅത്തു ചെയ്തു.

എന്നാൽ ഏകദേശം ഒരു ആറു മാസം കഴിഞ്ഞപ്പോൾ ഹദ്റത്ത് ഇമാം ഹസ്സൻ (റ) താൻ തന്റെ ഈ ഖിലാഫത്തു സ്ഥാനം ഹദ്റത്ത് അമീർ മുആവിയയ്ക്കായി ഉപേക്ഷിക്കുന്നു എന്നു വിളംബരം ചെയ്യുകയും അദ്ദേഹത്തോടു ആ സ്ഥാനം ഏറ്റെടുക്കാൻ പറയുകയും ചെയ്തു. ഇത്തരത്തിൽ വിളംബരം ചെയ്യാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്താണെന്നു ചരിത്ര രേഖകളിൽ നിന്നു വ്യക്തമല്ല. എന്തോ ചില കുഴപ്പങ്ങൾ കണ്ടതു കൊണ്ട് വല്ല അനുരഞ്ജനത്തിന്റേയും നീക്കുപോക്കിന്റേയും ഭാഗമായിരിക്കാം അങ്ങനെ ചെയ്തതെന്നു അനുമാനിക്കപ്പെടുന്നുണ്ട്. അതിനു ശേഷം അദ്ദേഹത്തെ വിഷം നൽകി ശഹീദാക്കി എന്നാണു പറയപ്പെടുന്നത്. അതിനു ഭാര്യയുടെ സഹായവും ഉണ്ടായിരുന്നു എന്നും പറയപ്പെടുന്നു. ഇതിനൊന്നും വിശ്വാസ യോഗ്യമായ തെളിവുകൾ ഇല്ല.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു

എന്റെ അഭിപ്രായത്തിൽ ഹദ്റത്ത് ഇമാം ഹസൻ തന്റെ ഖിലാഫത്തു പദവി ഉപേക്ഷിച്ചതു അവസരോചിതമായ പ്രവൃത്തിയാണു. നേരത്തെ തന്നെ ആയിരങ്ങൾ കൊല്ലപ്പെട്ടിട്ടുണ്ട്. ഇനിയും രക്തമൊഴുകുന്നതു അദ്ദേഹം തീരെ ഇഷ്ടപ്പെട്ടില്ല. അതിനാൽ മുആവിയയുമായി അദ്ദേഹം ഒരു നീക്കുപോക്കുണ്ടാക്കി. ഹദ്റത്ത് ഹസന്റെ ഈ പ്രവൃത്തി ശിയാക്കളെ സംബന്ധിച്ചിടത്തോളം അവരുടെ മേൽ ഒരു പ്രഹരമാണു. അതിനാൽ ഈ കാര്യത്തിൽ ഇമാം ഹസനോടു പൂർണമായും അവർ തൃപ്തരല്ല. എന്തായാലും നാം അവർ രണ്ടു പേരുടേയും (ഹസൻ, ഹുസൈൻ) പ്രശംസകരാണ്. അവർ രണ്ടു പേരും ശ്ലാഘനീയരാണ്. യഥാർഥത്തിൽ എല്ലാ ഓരോരുത്തരുടെയും പ്രവർത്തന രീതി വ്യത്യസ്തമായിരിക്കും. ഹദ്റത്ത് ഇമാം ഹസൻ മുസ്ലിംകളിൽ ആഭ്യന്തര കലാപമുണ്ടാകുന്നതും രക്തച്ചൊരിച്ചിലും ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. അദ്ദേഹം എപ്പോഴും ശാന്തിയും സമാധാനവുമാണു ആഗ്രഹിച്ചത്. അതുപോലെ തന്നെ ഇമാം ഹുസൈൻ ഒരിക്കലും തന്നെ അസാന്മാർഗിയും ദുഷ്കർമിയുമായ ഒരാളുടെ കൈയിൽ ബൈഅത്തു ചെയ്യുന്നതു ഇഷ്ടപ്പെട്ടില്ല. കാരണം അതിലൂടെ അയാളുടെ ദീൻ ദുഷിച്ചു പോകും. ഇതിൽനിന്നെല്ലാം മനസ്സിലാകുന്നത് അവർ രണ്ടു പേരുടെയും ഉദ്ദേശ്യം (നിയ്യത്) നന്മ നിറഞ്ഞതായിരുന്നുവെന്നാണ്. (മൽഫൂസാത്ത് വാള്യം 4 പേജ് 579/80)

## അബുസുഫ്യാന്റെ മക്കളായ മുആവിയയും സിയാദും

പിന്നീട് ഹദ്റത്ത് അമീർ മുആവിയ(റ)യുടെ ഭരണകാലമായിരുന്നു നിലവിൽ വന്നത്. അബു സുഫ്യാന്റെ രണ്ടുമക്കളിൽ ഒരാളാണുഅമീർ മുആവിയ. മറ്റൊരാൾ സിയാദ് ബിൻ അബൂസുഫ്യാൻ (Ziad bin Abu Sufyaan). മുആവിയയുടെ മകനാണ് യസീദ് ബിൻ മുആവിയ (Yazeed bin Mu'avia) സിയാദിന്റെ മകൻ ഉബൈദുല്ലാഹ് ബിൻ സിയാദ്. (Ubaidullah bin ziad). ഇദ്ദേഹം ഇസ്ലാമിക ചരിത്രത്തിൽ'ബിൻ സിയാദ്'(Bin Ziad) എന്ന പേരിലാണ് കൂടുതൽ അറിയപ്പെടുന്നത്. ഉബൈദുല്ലാഹ് എന്ന അയാളുടെ യഥാർഥ നാമം വളരെ അപൂർവമായേ ഉപയോഗിക്കാറുള്ളു. യസീദും സിയാദും. രണ്ടു പേരിന്റെയും അർഥം ഏറെക്കുറെ ഒന്നു തന്നെ. അധികരിപ്പിക്കുക, വർദ്ധിപ്പിക്കുക, അധികരിപ്പിക്കുന്നവൻ എന്നൊക്കെയാണു അർഥം. ദൈവിക സഹായവും അനുഗ്രഹവും വർദ്ധിപ്പിക്കുന്നവൻ എന്നതാണ് ഈ നാമത്തിന്റെ ഉദ്ദേശ്യാർഥം. എന്നാൽ മുസ്ലിം സമുദായത്തിൽ ഇവർ രണ്ടു പേരും അധികരിപ്പിച്ചതും വാരിക്കൂട്ടിയതും ശാപ (ലഅനത്ത്) മായിരുന്നു. ഇവർ ശാപം സ്വരൂപിച്ചതുപോലെ മറ്റാരെങ്കിലും ചെയ്തിട്ടുണ്ടോ എന്നത് സംശയമാണ്. കാലഗതി പ്രാപിച്ചു നൂറ്റാണ്ടുകൾ കഴിഞ്ഞെങ്കിലും ഇന്നും ഇവരുടെ ശാപ സംഭരണം തുടരുകയാണ്. അതവസാന നാളുവരെ തുടരുക തന്നെ ചെയ്യും.

ശേഷം പേജ് 24 ൽ

# നീതിയുടെ ലംഘനങ്ങൾ

നീതി പ്രകൃതി സത്യങ്ങളുമായി ചേർന്നുനിൽക്കുന്നു. മതരംഗത്തായിക്കൊള്ളട്ടെ സാമൂഹിക ശാസ്ത്രരംഗത്താകട്ടെ ശരീര വ്യസ്ഥകൾക്കകത്താകട്ടെ പ്രകൃതി നിയമങ്ങൾ ലംഘിക്കപ്പെടുമ്പോൾ സ്വാഭാവികമായും വിപരീതമായ പ്രതികരണങ്ങളുണ്ടാവും.

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**
(ഖലീഫത്തുൽ മസീഹ് നാലാമൻ)

ആരെങ്കിലും സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവും ധാർമികവുമായ തിന്മകളുടെ കാരണം തുറന്ന മനസ്സോടെ അന്വേഷിക്കുകയാണെങ്കിൽ അനീതിയായിരിക്കും അതിന്റെ മൂല കാരണമെന്ന് അയാൾക്ക് എല്ലായ്പ്പോഴും കണ്ടെത്താനാകും. നീതിയോട് ചേർന്ന് നിൽക്കാത്തിടത്തോളം കാലം ലോകത്തിന്ന് ശാന്തിയുടെ ഒരിടമായിമാറാൻ സാദ്ധ്യമല്ല. അനീതി, സ്വേച്ഛാധിപത്യം, മർദ്ദനം മുതലായവ സംഭവിക്കുമ്പോൾ തിന്മ പിറക്കുകയും നാശം ആരംഭിക്കുകയും ചെയ്യും.

മനുഷ്യൻ ദൈവത്തോട് അവന്റെ ബാദ്ധ്യതകൾ നിർവ്വഹിക്കുന്നതിൽ നീതി കാണിച്ചില്ലെങ്കിൽ അവൻ തന്റെ സഹജീവികളോടും നീതി കാണിക്കാൻ സാദ്ധ്യതയില്ല. ഒരുകാര്യം ഓർക്കേണ്ടതുണ്ട്. ഒരാൾ സ്വയം തന്നെ ശിക്ഷക്ക് വിധേയമാവുന്ന അനന്തരഫലം അനുഭവിക്കാതെ നീതിയുടെ താൽപര്യങ്ങളെ അവഗണിക്കാൻ ആർക്കും സാദ്ധ്യമല്ല. അത്തരം ശിക്ഷകൾ ആകാശത്ത് നിന്നിറങ്ങുന്നത് പോലെയുള്ള ദൈവത്തിന്റെ കോപവുമായി ബന്ധമുള്ളതല്ല. മറിച്ച് പ്രകൃതി നിയമങ്ങളെ ലംഘിക്കുന്നത് മൂലം സ്വാഭാവികമായുണ്ടാകുന്ന അനന്തരഫലമാണ്. യാതൊന്നും തന്നെ പ്രകൃതി നിയമത്തിന്റെ മേഖലക്ക് പുറത്തുള്ള കാര്യമല്ല.

ഇവിടെയും ദൈവത്തിന്റെ കാരുണ്യവും പൊറുമയും ഔദാര്യവുമെല്ലാം പ്രവർത്തന നിരതമാവുന്നതിനാൽ മനുഷ്യൻ അവന്റെ ഓരോ പാപത്തിന്റെ പേരിലും ശിക്ഷിക്കപ്പെടുന്നില്ല. അവന്റെ അതിലംഘനങ്ങൾ ഒരു നിശ്ചിത പരിധി കടക്കുമ്പോൾ ഔദാര്യത്തിന്റെ രക്ഷാകവചം പിൻവലിക്കപ്പെടുകയും അയാൾക്കും ശിക്ഷക്കും നടുവിൽ മറ്റൊന്നിന്നും നിൽക്കാൻ സാദ്ധ്യമല്ലാതെ വരികയും ചെയ്യുന്നു. ഇത് വിശുദ്ധ ഖുർആൻ ഇപ്രകാരം വിവരിക്കുന്നു:

**'ഏതൊരു വിപത്ത് നിങ്ങളെ ബാധിക്കുന്നുവോ അത് നിങ്ങളുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ്. എന്നാൽ അധികവും അവൻ മാപ്പാക്കുന്നു. നിങ്ങളൊരിക്കലും ഭൂമിയിൽ (അല്ലാഹുവിന്റെ പദ്ധതി) പരാജയപ്പെടുത്തുന്നവരല്ല. അല്ലാഹുവിന്ന് പുറമെ നിങ്ങൾക്ക് വല്ല രക്ഷകനോ സഹായകനോ ഇല്ലതാനും.' (സൂറ: അശ്ശൂറ: 42:31–32)**

മറ്റുവാക്കുകളിൽ പറഞ്ഞാൽ മനുഷ്യൻ സ്വയം തന്നെയാണ് അവന്റെ മേൽ നിർഭാഗ്യംകൊണ്ട് വരുന്നത്. എന്നാൽ പലപ്പോഴും ദൈവം മനുഷ്യന്റെ പാപങ്ങൾ പൊറുത്തു തരികയും അവന്റെ സ്വയംകൃത നശീകരണത്തിൽ നിന്നും അവനെ രക്ഷിക്കുകയും ചെയ്യുന്നു. യുദ്ധത്തിന്റെ ചരിത്രം പരിശോധിച്ചാൽ എല്ലാ സമാധാന ഭംഗത്തിന്റെയും അടിയിലെ കാരണമായി വർത്തിക്കുന്നത് നീതി തത്വങ്ങളുടെ ലംഘനങ്ങളാണെന്ന് തീർച്ചയായും കണ്ടെത്താവുന്നതാണ്.

### ത്രിത്വ സിദ്ധാന്തം

ദൈവവുമായി ബന്ധപ്പെടുത്തി പറയുകയാണെങ്കിൽ ക്രിസ്ത്യാനികളുടെ ത്രിത്വസിദ്ധാന്തം മനുഷ്യന്റെ അതിഘോരമായ അനീതിയുടെ ഉചിതമായ ഉദാഹരണമായി കാണാവുന്നതാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

**'അതിനാൽ ആകാശങ്ങൾ പൊട്ടിക്കീറുകയും ഭൂമി പിളർന്ന് പോകുകയും പർവ്വതങ്ങൾ തകർന്ന് വീഴുകയും ചെയ്തേക്കാം പരമകാരുണികന്ന് ഒരു പുത്രനുണ്ടെന്ന് വാദിച്ച കാരണത്താൽ' (സൂറ: മർയം 19: 91–92)**

മനുഷ്യ വ്യവഹാരങ്ങളിൽ യുദ്ധത്തിന്റെയും ക്രമരാഹിത്യത്തി

ന്റെയും കാരണങ്ങളെപറ്റി അഗാധമായി ചിന്തിക്കുകയാണെങ്കിൽ മേൽപറഞ്ഞ ഖുർആനിക പ്രസ്താവനയുടെ ആശയം അവസാനം ഇവിടെ ആരോപിക്കാവുന്നതാണെന്ന് കാണാം. നാം ഇപ്പോൾ അത് വിവരിക്കുമ്പോൾ അത് വ്യക്തമാവും

മേൽ ഖുർആൻ വചനം ഇങ്ങനെ പ്രസ്താവിച്ചിട്ടും ക്രിസ്തുമതത്തിന്റെ ചരിത്രത്തിൽ ക്രിസ്ത്യാനികൾ അവരുടെ വിശ്വാസം കാരണമായി നേരിട്ട് എന്തെങ്കിലു തരത്തിലുള്ള ദൈവകോപത്തിനോ ദൈവത്തിന്റെ അപ്രീതിക്കോ പാത്രമായി എന്ന് നമുക്ക് കാണാൻ സാധിച്ചിട്ടില്ല. മറിച്ച് ലൗകികാർത്ഥത്തിൽ അവർ അനുഗ്രഹീത രാജ്യങ്ങളായി കാണുന്നു. ലോകം മുഴുവനും അവർ ഒന്നിച്ച് ഭരിക്കുന്നു. അക്രൈസ്തവ രാജ്യങ്ങളുടെ ശാക്തിക സന്തുലനം പോലും അവരുടെ കൈകളിലൂടെയാണ് നിയന്ത്രിക്കപ്പെടുന്നത്. അത്കൊണ്ട് അവർ ലോകത്തിന്റെ പരമാധികാരമുള്ള യജമാനന്മാരായി ഗണിക്കപ്പെടുന്നു. കഴിഞ്ഞ ചില ദശാബ്ദങ്ങളിൽ മൂന്നാം ലോക രാജ്യങ്ങളിൽ നിന്നും ക്രമേണ സ്വാതന്ത്ര്യത്തോടു കൂടി ഉയർന്നു വന്ന ചില രാജ്യങ്ങളെ നാം കാണുകയുണ്ടായി. അത്പോലും നിലവിലുള്ള പാശ്ചാത്യ മേൽക്കോയ്മയിൽ വളരെ നിസ്സാരമായ മാറ്റങ്ങൾ മാത്രമേ വരുത്തിയിട്ടുള്ളൂ. ഈ വീക്ഷണകോണിൽ നോക്കുമ്പോൾ മേൽ പ്രതിപാദിച്ച ഖുർആനിക പ്രസ്താവനയുടെ യഥാർത്ഥ പ്രധാന്യം എന്താണ് ?

ക്രിസ്തുമതത്തെ പറ്റിയുള്ള പഠനം കാണിക്കുന്നത് യഥാർത്ഥത്തിൽ ദൈവത്തിന്റെ ഏകത്വത്തെ പറ്റിയുള്ള വിശ്വാസമായിരുന്നു ക്രിസ്ത്യാനികൾ അനുവർത്തിച്ചിരുന്നത്. ത്രിത്വ സങ്കൽപ്പവും ദൈവത്തിന്ന് ഒരു പുത്രനുണ്ട് എന്ന സങ്കൽപ്പവും മുഖ്യമായും സെന്റ് പോളിലൂടെ പിന്നീട് കടന്നു കൂടിയതാണ്. അന്ന് മുതൽ ഈ സമസ്യ പല പ്രത്യേക സങ്കൽപ്പങ്ങളായി ക്രിസ്തുമതത്തിൽ ഇതൾ വിരിയുകയുണ്ടായി. വിവിധ ക്രിസ്തീയ വിഭാഗങ്ങൾ വിവിധ വികാസ വീഥികൾ അവലംബിക്കുകയുണ്ടായി. നാലാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഏറ്റവും വലിയ വിഭാഗം ഈ ഒരു പ്രശ്നത്തിൽ മേധാവിത്വം നേടാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഓരോ വിഭാഗവും ത്രിത്വ സങ്കൽപ്പത്തിലും അതിന്റെ അനുബന്ധ സിദ്ധാന്തങ്ങളിലും തങ്ങളാണ് ശരിയായ പാതയിലെന്ന് വാദിച്ചു കൊണ്ടിരുന്നു. ഇങ്ങനെയാണെങ്കിലും അവരെല്ലാം ഏകദൈവ വിശ്വാസത്തിലാണെന്ന് വാദിച്ചു കൊണ്ടിരുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ അവർ വിശ്വസിച്ചിരുന്ന ഏകദൈവം ഒരുതരത്തിലുള്ള വിഭജിത വ്യക്തിത്വമായിരുന്നു. മുഖ്യമായും ഈ ഒരു സമീപനം കാരണം വിശുദ്ധ ഖുർആൻ അവരെ ബിംബാരാധകർ എന്ന് മുദ്രകുത്തിയിട്ടില്ല. ദൈവത്തിന്റെ ഏകത്വത്തിലുള്ള വിശ്വാസം പ്രബോധിക്കുവാനുള്ള അവകാശം അവർക്ക് തുടർന്നും നൽകുകയുണ്ടായി.

ദൈവത്തിന്റെ ഏകത്വത്തെ പറ്റി അവർ അധരസേവ നടത്തുന്നുണ്ടെങ്കിലും അവരുടെ പ്രവർത്തി ബിംബാരാധകരുടെത് പോലെയാണ്. ഖുർആനിലെ ഈ പ്രവചന പുലർച്ച ഏത് വിധത്തിലാണ് സംഭവിച്ചതെന്ന ചോദ്യമാണ് ഉയരുന്നത്. ഈ വചനത്തെ സംബന്ധിച്ച ആഴത്തിലുള്ള പഠനം വെളിവാക്കി തരുന്നത് ഇത് സംബന്ധിച്ച് ദൈവം ഈ വചനത്തിൽ പ്രകടിപ്പിച്ച അനിഷ്ടം ആഗോളീയമായ ഒരു കുഴപ്പമായിട്ടാണ് പ്രകടമാവുന്നത് എന്നാണ്.

ഇത് സൂചിപ്പിക്കുന്നത് സ്വയം തന്നെ പരസ്പരം ഭിന്നിച്ചു പോകുന്ന അപകടം ക്രിസ്തു

ക്രിസ്തുമതത്തെ പറ്റിയുള്ള പഠനം കാണിക്കുന്നത് യഥാർത്ഥത്തിൽ ദൈവത്തിന്റെ ഏകത്വത്തെ പറ്റിയുള്ള വിശ്വാസമായിരുന്നു ക്രിസ്ത്യാനികൾ അനുവർത്തിച്ചിരുന്നത്. ത്രിത്വ സങ്കൽപ്പവും ദൈവത്തിന്ന് ഒരു പുത്രനുണ്ട് എന്ന സങ്കൽപ്പവും മുഖ്യമായും സെന്റ് പോളിലൂടെ പിന്നീട് കടന്നു കൂടിയതാണ്. അന്ന് മുതൽ ഈ സമസ്യ പല പ്രത്യേക സങ്കൽപ്പങ്ങ ളായി ക്രിസ്തുമതത്തിൽ ഇതൾ വിരിയുകയുണ്ടായി. വിവിധ ക്രിസ്തീയ വിഭാഗങ്ങൾ വിവിധ വികാസ വീഥികൾ അവലംബിക്കുകയുണ്ടായി. നാലാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഏറ്റവും വലിയ വിഭാഗം ഈ ഒരു പ്രശ്നത്തിൽ മേധാവിത്വം നേടാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഓരോ വിഭാഗവും ത്രിത്വസങ്കൽപ്പത്തിലും അതിന്റെ അനുബന്ധ സിദ്ധാന്തങ്ങളിലും തങ്ങളാണ് ശരിയായ പാതയിലെന്ന് വാദിച്ചു കൊണ്ടിരുന്നു. ഇങ്ങനെയാണെങ്കിലും അവരെല്ലാം ഏകദൈവ വിശ്വാസത്തിലാണെന്ന് വാദിച്ചു കൊണ്ടിരുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ അവർ വിശ്വസിച്ചിരുന്ന ഏകദൈവം ഒരുതരത്തിലുള്ള വിഭജിത വ്യക്തിത്വമായിരുന്നു. മുഖ്യമായും ഈ ഒരു സമീപനം കാരണം വിശുദ്ധ ഖുർആൻ അവരെ ബിംബാരാധകർ എന്ന് മുദ്രകുത്തിയിട്ടില്ല. ദൈവത്തിന്റെ ഏകത്വത്തിലുള്ള വിശ്വാസം പ്രബോധിക്കുവാനുള്ള അവകാശം അവർക്ക് തുടർന്നും നൽകുകയുണ്ടായി.

മതത്തിന്റെ ഉള്ളിൽ തന്നെ അന്തർലീനമായിട്ടുണ്ട് എന്നാണ്. അതായത് കുറ്റത്തിന്ന് ഉചിതമായ ശിക്ഷയാണ് പ്രതിപാതിച്ചിരിക്കുന്നത്. ത്രിത്വം എന്നത് ദൈവത്തിന്റെ ഏക വ്യക്തിത്വത്തിൽ ഒരു ഭിന്നത സൃഷ്ടിക്കാനാണ് ശ്രമിക്കുന്നത്. അതിന്റെ ഫലമായി ത്രിത്വത്തിൽ വിശ്വസിക്കുന്നവരിൽ തന്നെ ഭിന്നത ഉടലെടുത്തു. ക്രൈസ്തവ രാഷ്ട്രങ്ങളുടെ ഭിന്നിപ്പിച്ചു ഭരിക്കുക എന്ന കൊളോണിയൽ പോളിസി തന്നെ ഈ സമീപനത്തിന്റെ ഭാഗമായുണ്ടായതാണ്.

നവോത്ഥാന കാല സാഹചര്യത്തെ പറ്റി ആലോചിക്കുക. അതായത് യുക്തിയുടെയും താർക്കിക ജ്ഞാനത്തിന്റെയും ജനനം, സത്യാന്വേഷണത്തിന്റേയും ജനനം പാശ്ചാത്യ ക്രിസ്തു മതത്തിന്ന് ഒരു പുതിയ ഉജ്ജീവനത്തിന് തുടക്കം കുറിക്കുകയായിരുന്നു. ഈ കാലഘട്ടത്തിൽ ക്രിസ്ത്യൻ മത സിദ്ധാന്തം സംശയിക്കപ്പെടുകയും ചോദ്യം ചെയ്യപ്പെടുകയും മനുഷ്യന്റെ ധിഷണയുമായി അത് സംഘട്ടനത്തിലാവുകയും ചെയ്തു. ഈ ധൈഷണിക വിപ്ലവത്തിനെതിരെ ക്രിസ്തുസഭ രൂക്ഷമായി പ്രതികരിക്കുകയും അവരുടെ മതസിദ്ധാന്തത്തിന്റെ സാധുതയെ ചോദ്യം ചെയ്തവരെ അപലപിക്കുകയും ശിക്ഷിക്കുകയും ചെയ്തു. ക്രിസ്തുസഭക്കെതിരെ അവർ ഉന്നയിച്ച ചോദ്യങ്ങൾക്ക് തത്വചിന്തകന്മാർക്കും ശാസ്ത്ര ജ്ഞന്മാർക്കും മറുപടി കണ്ടെത്തനായില്ല. അവർ ഒന്നടങ്കം മതത്തിൽ നിന്ന് വിട്ടകലാൻ ആരംഭിച്ചു. അവർ ചർച്ചിനെ സംബന്ധിച്ച് ആകെ നിരാശരായി. ശാസ്ത്രീയ യുക്തിയും മത സിദ്ധാന്തവും തമ്മിലുള്ള വിഭജനം പൂർണ്ണമായി.

ക്രിസ്തു മതം അങ്ങനെ അവഗണനയുടെ ഉച്ചകോടിൽ തള്ളപെട്ടതിനാൽ യാതൊരു പ്രശ്നവും ഉണ്ടായില്ല. എന്നാൽ യുക്തിജ്ഞാനത്തിന്റെയും ഗവേഷണത്തിന്റേയും വിജ്ഞാനാന്വേഷണത്തിന്റേയും സൂര്യൻ പശ്ചിമ ചക്രവാളത്തിൽ ഉദിച്ചുയരാൻ തുടങ്ങി. അവർ കാര്യങ്ങൾ പൂർണ്ണമായും വ്യത്യസ്തമായ പരിപ്രേഷ്യത്തിൽ കാണാൻ തുടങ്ങി. ഭൂമി സ്ഥിരമായി നിൽക്കുകയല്ലെന്ന് തീർച്ചയായും അവർ തിരിച്ചറിയുകയായിരുന്നു. സൂര്യൻ യേശുവിന്റെ ജന്മഗ്രഹമായ ഭൂമിക്ക് പ്രണാമമർപ്പിച്ച് ചുറ്റും കറങ്ങുകയല്ല എന്ന് അവർ കണ്ടെത്തി. ശാസ്ത്രീയ വിപ്ലവം പ്രപഞ്ച വീക്ഷണം തന്നെ മാറ്റി മറിച്ചു. യേശുവിന്റെ ജന്മ ഗ്രഹമായ ഭൂമിക്ക് യാതൊരു ബഹുമതിയുമില്ലാതെ അത് സൂര്യനെ ഭ്രമണം ചെയ്യുകയാണെന്ന് അന്തിമമായി അവർ കണ്ടെത്തി.

ക്രിസ്ത്യൻ ബുദ്ധിജീവികൾ പ്രകൃതിയുടെ യാഥാർത്ഥ്യങ്ങൾ ഓരോന്നോരോന്നായി കണ്ടെത്തുകയായിരുന്നു. ക്രിസ്തു സഭക്കെതിരെ ഒരു തുറന്ന കലാപം ഉണ്ടാകുമെന്ന് അവർ ഭയപ്പെട്ടു. അവർ തങ്ങളുടെ ആശങ്കകൾ രഹസ്യത്തിൽ സൂക്ഷിച്ചു. തുടർന്ന് അജ്ഞേയ വാദം ജന്മം കൊണ്ടു. പിന്നീട് ദൈവരഹിതമായ തത്വശാസ്ത്രങ്ങളും കമ്മ്യൂണിസവും ഉരുവം കൊണ്ടു. ഇതായിരുന്നു ഇതിന്റെ പ്രത്യക്ഷഫലം.

ത്രിത്വവാദം ക്രിസ്തീയ ലോകത്തെ പരസ്പരം പോരടിക്കുന്ന രണ്ട് കേന്ദ്രങ്ങളായി വീണ്ടും വിഭജിച്ചു. അവരെ അത് കൂടുതൽ അകറ്റുകയും അവരുടെ സമീപനങ്ങൾ പരസ്പരം കഠിനതരമാക്കുകയുമുണ്ടായി. വാസ്തവത്തിൽ പാശ്ചാത്യ ക്രിസ്തീയ ലോകം മാത്രമാണ് രണ്ടായി ധ്രുവീകകരിക്കപ്പെട്ടത്. എന്നിരിക്കെ ലോകം മൊത്തം രണ്ടായി വിഭജിക്കപ്പെട്ടു എന്ന് പ്രസ്താവിക്കുമ്പോൾ ചിലർ നെറ്റി ചുളിച്ചേക്കാം. എന്നാൽ മാനവ ശക്തി പരിഗണിക്കുമ്പോൾ ഭിന്നിപ്പിന്റെ ഗുരുത്വ കേന്ദ്രം സംയോജിത ക്രിസ്തീയ ശക്തികൾക്കകത്തും കമ്മ്യൂണിസ്റ്റ് ചേരിക്കകത്തുമാണ്. ആ പ്രദേശമാകട്ടെ പഴയ ക്രിസ്തുമതത്തിന്റെ ശക്തി കേന്ദ്രങ്ങളാണ്.

ഈ പരിപ്രേക്ഷ്യത്തിൽ രണ്ട് ലോകമഹായുദ്ധങ്ങളും മനുഷ്യന്റെ രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായി ബന്ധപ്പെട്ട മാനവീയ ആശയങ്ങളുടെയും ആദർശങ്ങളുടെയും തത്വശാസ്ത്രങ്ങളുടെയും മേൽ വിപുലയായ ഒരു ആഘാതമേൽപ്പിച്ചു എന്ന് പറയാൻ സാധിക്കും.

## നീതിലംഘനത്തിന്റെ മുന്നറിയിപ്പ് സംവിധാനം

മനുഷ്യ ശരീരത്തിൽ നിയമ ലംഘനവുമായി ബന്ധപ്പെട്ട കാര്യക്ഷമമായ മുന്നറിയിപ്പ് സംവിധാനത്തെ പറ്റി നമുക്ക് പരിശോധിക്കാം.

രോഗത്തിന്റെ നേരിയ ഒരു സൂചന പോലും മനുഷ്യശരീരം ആകമാനം അസ്വസ്ഥമാക്കും. ബാഹ്യമായി നോക്കുമ്പോൾ നമുക്ക് ഇതൊരു അനാവശ്യമായ തടസ്സമായി തോന്നും. എന്നാൽ യഥാർത്ഥത്തിൽ അതിജീവനത്തിന്നും ജീവന്റെ സുരക്ഷക്കും ഇത് ഏറ്റവും അവശ്യമാണ്. എല്ലാ ജീവജാലങ്ങളിലും വേദനയുടെ അടയാളം ഉറങ്ങിക്കിടക്കുന്ന ശരീരത്തിന്റെ പ്രതിരോധ സംവിധാനത്തെ ഉണർത്തുന്നു. വേദനയും അസ്വസ്ഥതയും ശരീരത്തിൽ പൊതുവേയുള്ള ഒരു മുന്നറിയിപ്പ് സംവിധാനം മാത്രമല്ല. ആസന്നമായ അപകടം സ്ഥിതി ചെയ്യുന്ന ശരീരത്തിലെ പ്രത്യേക ഭാഗത്തേക്ക് പ്രതിരോധ സംവിധാനത്തെ അവ നയിക്കുകയും ചെയ്യും. അവ അപകടത്തെയും അത് സ്ഥിതി ചെയ്യുന്ന സ്ഥലത്തെയും കൃത്യമായി നിർവചിക്കുന്നു. ആയതിനാൽ പ്രതിരോധ സംവിധാനം ആ ഭീഷണിയെ നേരിടാനുള്ള പ്രതി സംവിധാനം കൃത്യമായ അളവിലും സ്ഥലത്തും സ്വീകരിക്കുന്നു. ജീവന്റെ മുഴുവൻ പ്രതിരോധ സംവിധാനവും വേദനയുള്ള സ്ഥലത്ത് മാത്രമല്ല വ്യക്തിയുടെ ശരീരത്തിൽ ജീവനെ ഭീഷണിപ്പെടു

ത്തുന്ന എല്ലാ അപകടങ്ങൾക്കെതിരെയും ജാഗ്രതപ്പെടുന്നു.

അതിന് ശേഷം വളരെ സങ്കീർണ്ണവും കുഴഞ്ഞു മറിഞ്ഞതുമായ പ്രതികരണം ഓരോ ജീവികളിൽ നിന്നുമുള്ള പ്രതിരോധ സംവിധാനത്തിൽ നിന്നും ഉണ്ടാവുന്നു. ഇത് ഒരേ സമയം പ്രതിരോധ ഏജന്റിന്റെ ഉദ്പാദനവും അത് ആവശ്യമായ സ്ഥലത്തേക്ക് വഹിച്ച്കൊണ്ട് പോകുന്നതും ഉറപ്പ് വരുത്തുന്നു.

ഈ മുന്നറിയിപ്പ് സംവിധാനം മറ്റു മൃഗങ്ങളിൽ നിന്നും വ്യത്യസ്തമായി പ്രത്യേകമായി നൽകിയിരിക്കുന്നത് മനുഷ്യർക്കാണ്. രോഗത്തെ സംബന്ധിച്ച് ഈ സൂക്ഷ്മ ഗ്രാഹിത്വം ശരീരത്തിന്ന് വേണ്ടി മാത്രമല്ല. മനുഷ്യൻ ധാർമികമായി സ്വയം ജാഗ്രത പാലിക്കാനും അപ്രകാരം ദൈവ ബന്ധത്തിൽ ജാഗ്രതപാലിക്കാനുമാണ് ഈ മുന്നറിയിപ്പ് വ്യവസ്ഥ. അങ്ങനെ ഈ സംവിധാനം മനുഷ്യന്നും ദൈവത്തിന്നും മദ്ധ്യേ ഒരു നിർണ്ണായക പങ്ക് നിർവ്വഹിക്കുകയും ചെയ്യുന്നു.

ഇത്പോലെ മതവും ധാർമിക പ്രവർത്തനവുമായി ബന്ധപ്പെട്ട് മുന്നറിയിപ്പിന്റെയും പ്രതിരോധത്തിന്റേയും ഒരു സംവിധാനം മനുഷ്യനിൽ പ്രവർത്തിക്കുന്നുണ്ട്. വിശുദ്ധ ഖുർആൻ, പ്രവാചകന്മാർ അവരുടെ ശത്രുക്കളുടെ കൈകളാൽ നേരിട്ട പീഢനങ്ങളുമായി ബന്ധപ്പെട്ട് മതങ്ങളുടെ ചരിത്രം വിവരിക്കുന്നുണ്ട്. അത് പല കാലങ്ങളിലായി ധാർമികവും സാമൂഹികവുമായി മനുഷ്യനുണ്ടായ അധഃപതനത്തിന്റെ വിശദാംശങ്ങളാണ് വിവരിക്കുന്നത്. ആസന്നമായ നാശത്തിൽ നിന്നും മനുഷ്യസമൂഹത്തെ രക്ഷിക്കൻ ദൈവദൂതന്മാർ നിയോഗിതരാവുമ്പോൾ ചിലപ്പോൾ അവർ അതികഠിനമായി എതിർക്കപ്പെടും. പക്ഷേ എതിരാളികൾ അവരുടെ അന്ധമായ എതിർപ്പിന്റെ അനന്തര ഫലം അനുഭവിക്കേണ്ടി വന്നു. അവർ അതിവേഗം ഉന്മൂലനം ചെയ്യപ്പെടുകയോ അല്ലെങ്കിൽ സമൂഹ ജീവിത വേദിയിൽ പ്രസ്താവ്യയോഗ്യരല്ലാത്ത വിധം സുദീർഘമായ കാലം കൊണ്ട് സാവകാശത്തിൽ ശിഥിലീകരിക്കപ്പെട്ട് അപ്രസക്തരാവുകയോ ചെയ്യും.

നീതിയുടെ താൽപര്യം അവഗണിച്ച അത്തരത്തിലുള്ള നിരവധി സംഭവങ്ങൾ വിശുദ്ധ ഖുർആൻ പ്രതിപാതിക്കുന്നുണ്ട്. ഇത് വരാനിരിക്കുന്ന തലമുറകൾക്ക് ഒരു മുന്നറിയിപ്പാണ്.

ഈ മുന്നറിയിപ്പ് സംവിധാനം മനുഷ്യന്റെ മുഴുവൻ വിശ്വാസ ലോകത്തും മതലോകത്തും പരന്നു കിടക്കുന്നു. ഇതിന്റെ സമുന്നത ബിന്ദുവിൽ വിശ്വാസം ദൈവത്തിന്റെ ഏകത്വത്തിന്നായുള്ള സമർപ്പണമാണെന്ന് സംഗ്രഹിച്ചു പറയാം. ഏറ്റവും താഴ്ന്ന വിതാനത്തിൽ ഒരു അവിശ്വാസിയിൽ നിന്നും ഒരു യഥാർത്ഥ സത്യവിശ്വാസിയെ തിരിച്ചറിയുന്ന ഒരാളുടെ ദൈനംദിന ജീവിതത്തിന്റെ സ്വഭാവ ചര്യകളുമാണെന്നും പറയാം.

ദൈനംദിന ജീവിതത്തിന്റെ സ്വഭാവചര്യകളിൽ മനുഷ്യന്ന് അപകടം വരുത്തുന്ന കാര്യങ്ങൾ വർജ്ജിക്കുന്ന സ്വഭാവം വികസിപ്പിച്ചെടുക്കാൻ പരിശുദ്ധ പ്രവാചകൻ വിശ്വാസിയെ താക്കീത് ചെയ്യുന്നുണ്ട്. ഈ വസ്തുത കൂടുതൽ വിശദീകരിച്ചു കൊണ്ട് പരിശുദ്ധ പ്രവാചകൻ ഒരു വഴിപോക്കന്ന് ഹാനികരമായി ഭവിക്കുന്ന പല കാര്യങ്ങളെകുറിച്ചും പ്രതിപാദിക്കുകയുണ്ടായി. പ്രവാചകന്റെ താക്കീത് പ്രകാരം ഒരു വിശ്വാസി വഴിപോക്കന്ന് ഹാനിയുണ്ടാക്കുന്ന വിധം ഒരു ആണിയോ മുള്ളോ അതുപോലെയുള്ള എന്തെങ്കിലും വസ്തുക്കളോ വഴിയിൽനിന്ന് എടുത്ത് മാറ്റിയില്ലെങ്കിൽ അവന്റെ വിശ്വാസത്തിൽ അത്രത്തോളം കുറവുണ്ട് എന്ന് കണക്കാക്കാം. ദൈവവഴി അതുപോലെയുള്ള അപകടങ്ങളാൽ നിറഞ്ഞതാണ്. തുടക്കത്തിൽ ചെറുതായിരിക്കും ക്രമേണ വലിയ അനുപാതത്തിലാണ് അപകടങ്ങളുണ്ടാവുക.

ഇസ്ലാമികാദ്ധ്യാപനങ്ങളുടെ കൗതുകകരമായ മേഖലയാണിത്. ഇത് സംബന്ധിച്ചുള്ള വിപുലവും ആഴത്തിലുമുള്ള പഠനം ഇസ്ലാമിനെ കുറിച്ച് ഒരാളുടെ പൊതുവായ ധാരണയുടെ ആഴവും പരപ്പും വർദ്ധിപ്പിക്കും. ഇതേകാര്യം തന്നെ മറ്റൊരവസരത്തിൽ പരിശുദ്ധ പ്രവാചകൻ വിശ്വാസികളെ താക്കീത് ചെയ്ത് കൊണ്ട് പറഞ്ഞു: 'മനുഷ്യന്ന് മറ്റുള്ള വസ്തുക്കളിൽ അവകാശങ്ങളുണ്ട്. അതുപോലെ കമ്പോള സ്ഥലങ്ങൾക്കും നിരത്തുകൾക്കും വഴികൾക്കും അവ ഉപയോഗിക്കുന്നവരുടെ മേൽ ചില അവകാശങ്ങളുമുണ്ട്.' കമ്പോള സ്ഥലത്തിന്റെ അവകാശം ചൂണ്ടിക്കാട്ടി പ്രവാചകൻ നമ്മെ ഓർമിപ്പിച്ചു: 'ഒരു ഉദ്ദേശവുമില്ലാതെ വെറുതേ പൊതു ഇടങ്ങളിലും വഴികളിലും നിൽക്കുന്നത് പാടില്ലാത്തതാണ്. അത് സ്വച്ഛന്ദമായ ഗതാഗതത്തെ ബാധിക്കും.' അതുപോലെ പീടികകളും മറ്റും വികസിപ്പിക്കാൻ വേണ്ടി സ്വന്തം അതിര് വിട്ട് അതിക്രമിച്ചു കടക്കരുത്. ഇത് പ്രവാചകന്റെ താക്കീതിന്റെ സ്പിരിറ്റിന്നെതിരാണ്. പ്രവാചകൻ പറഞ്ഞു: 'വിശ്വസത്തിന്ന് എഴുപതോളം വിഭാഗങ്ങളുണ്ട്. അതിലേറ്റവും താഴെയുള്ളത് വഴിയിൽ നിന്നും തടസ്സങ്ങൾ എടുത്തുമാറ്റലാണ്.'

ഭൂമിയിൽ എങ്ങനെയാണ് ഇത് വിശ്വാസത്തിന്റെ ഘടകമായി മാറുന്നത് എന്ന് ഒരാൾ അത്ഭുതപ്പെടുന്നുണ്ടാവില്ലേ? ഈ വിഷയത്തിൽ ഒരു രണ്ടാം വിചാരം നടത്തുകയാണെങ്കിൽ പ്രവാചകന്റെ ഈ പ്രസ്താവനയിലടങ്ങിയ വിവേകജ്ഞാനം എളുപ്പത്തിൽ മനസ്സിലാവും. ദൈവത്തിലുള്ള യഥാർത്ഥ വിശ്വാസം ദൈവത്തിൽ നിന്നും വിശ്വാസിക്ക് സുരക്ഷയും സംരക്ഷണവും ആവശ്യമായി വരുന്നു. അത് അയാളുടെ മറ്റു

സഹജീവികളിലേക്കും പകരേണ്ട തുണ്ട്. ആരെങ്കിലും മറ്റുള്ളവർക്ക് സുരക്ഷയും സംരക്ഷണവും നൽകുന്ന തന്റെ ഉത്തരവാദിത്വ ത്തിൽ വീഴ്ച്ച വരുത്തിയെങ്കിൽ അയാൾ തന്റെ വിശ്വാസത്തിൽ വീഴ്ച്ച വരുത്തിയിരിക്കും.

ഇതിൽ നിന്നും വ്യക്തമാവു ന്നത് ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ മനുഷ്യന്ന് ആവശ്യമായിവരുന്ന ഏറ്റവും താഴ്ന്ന തലം വരെ എല്ലാത്തിനെഴും സ്പർശിക്കുന്നു എന്നാണ്. തീർച്ചയായും മിക്കവാറും എല്ലാ മുസ്‌ലിം രാജ്യങ്ങളിലും ഇന്ന് ഈ അടിസ്ഥാനപരമായ അദ്ധ്യാപ നങ്ങൾ പൊതുവേ ലംഘിക്കപ്പെ ടുന്നു എന്നത് ഒരു വിരോധാഭാസ വും ദുരന്തവുമാണ്. പലപ്പോഴും പാതകളും വീഥികളും അറ്റകുറ്റ പണികൾ നടത്താതെ ദുരിതം നിറഞ്ഞു നിൽക്കുന്ന അവസ്ഥയി ലാണ്. ഗവൺമെന്റ് ഏജൻസികൾ പോലും മുഖ്യഹൈവേകളിൽ പൈപ്പുകൾ, കേബിളുകൾ മുതലായവ സ്ഥാപിക്കാൻ വേണ്ടി കിടങ്ങുകൾ കുഴിക്കുന്നു. ഗതാഗത ത്തിന്ന് അപകടം വരുത്തുമാറ് ഒരു മുന്നറിയിപ്പ് അടയാളം സ്ഥാപിക്കാ തെയും രാത്രി യാത്രക്കാർക്ക് ഒരു വെളിച്ചമോ വെക്കാതെയും റോഡു കൾ താറുമാറായ അവസ്ഥയിലാ ക്കുന്നു.

നിർഭാഗ്യകരമെന്ന് പറയട്ടെ മിക്കവാറും റോഡുകളിൽ അപകടം സംഭവിക്കുന്നതും ദുരന്തങ്ങൾ ഉണ്ടാകുന്നതും അതിലെ മുന്നറി യിപ്പ് സംവിധാനങ്ങൾ അവഗണി ക്കുന്നത് മൂലമാണ്. ഉദാഹരണത്തി ന്ന് ഒരിക്കൽ കീഴോട്ട് ഡിപ്പ് ചെയ്ത ഹെഡ് ലൈറ്റുമായി ഞാൻ ഇസ്‌ലാമാബാദിലൂടെ സഞ്ചരിക്കുക യായിരുന്നു. എന്തോ അസാധാര ണമായ ഒന്ന് റോഡിന്ന് നടുവിലു ണ്ടെന്ന് ഞാൻ മനസ്സിലാക്കി. ഒരു അലാറാം മുന്നറിയിപ്പ് തന്നത് പോലെ ഞാൻ പെട്ടെന്ന് ബ്രേക്കിട്ടു. ഏതാനും അടി മുന്നിൽ ഒരു വലിയ കുഴി റോഡിന് കുറുകെയായി കുഴിച്ചിരിക്കുന്നു. അവിടെ ഒരു അടയാളമോ മുന്നറിയിപ്പ് സംവിധാ നമോ ഇല്ല. ആവശ്യമായ വെളിച്ച വും ഇല്ല. കൂടുതൽ അപകടകര മായ വസ്തുത എന്താണെന്ന് വെച്ചാൽ ആ കുഴിയുടെ ചുറ്റുഭാഗ ത്ത് നിന്നും മണ്ണെടുത്തിട്ടുണ്ട്. അത് പകരം ഒരു അടയാളമായി വെച്ചതാ യിരിക്കാം. അല്ലാഹുവിന്റെ അനു ഗ്രഹം ഒന്നുകൊണ്ട് മാത്രമാണ് ഞങ്ങൾ രക്ഷപ്പെട്ടത്. ഞാൻ എന്റെ കുടുംബവുമായി സഞ്ചരിക്കുക യായിരുന്നു. ഉടൻ തന്നെ ബ്രേയ്ക്ക് ചവിട്ടിയിട്ടില്ലായിരുന്നുവെങ്കിൽ ഞങ്ങൾ തീർച്ചയായും ഗുരുതര മായ ഒരു അപകടത്തിൽ പതിക്കു മായിരുന്നു. അടുത്ത ദിവസം തന്നെ ഞങ്ങൾ കേട്ടത് അതേ കുഴിയിൽ ഒരു ജർമ്മൻ ടൂറിസ്റ്റ് അദ്ദേഹത്തിന്റെ മെർസിഡസ് ഓടിച്ചു പോവുമ്പോൾ വീഴുകയു ണ്ടായി എന്നാണ്. ഭാഗ്യത്തിന് ഗുരുതരമായ പരിക്കുകകളൊന്നു മുണ്ടായില്ല.

മറ്റൊരു സംഭവം ഞാൻ പാകിസ്താനിലെ ശേഖ്പുരാ – ഗുജ്റൻ വാലാ റോഡിൽ സഞ്ചരി ക്കുമ്പോൾ നടന്നതാണ്. ഈ സംഭവത്തിൽ റോഡ് കിളച്ചിട്ടിരി ക്കുന്നു. എന്നാൽ മണ്ണും കോൺ ക്രീറ്റും സ്ഥലത്ത് നിന്നും മാറ്റിയി ട്ടില്ല. ഞാൻ ഇരുട്ടിൽ യാത്രചെയ്യു കയായിരുന്നു. റോഡിലെ മൺ കൂനയിൽ എന്റെ ദൃഷ്ടി പതിഞ്ഞു. കൃത്യ സമയത്ത് തന്നെ ബ്രേക്ക് നിയന്ത്രിക്കാൻ ഞാൻ ശ്രമിച്ചു. . ആ അപകടം പിടിച്ച സ്ഥലത്ത് നിന്നും ഏതാനും അടി അകലെ എന്റെ കാർ നിർത്തുവാൻ എനിക്ക് സാധിച്ചു. ഇവിടെയും ഡ്രൈവർ മാർക്ക് അപകടത്തിന്റെ മുന്നറിയിപ്പ് നൽകുന്ന യാതൊരു മുന്നറിയിപ്പു മില്ലായിരുന്നു. ഞങ്ങൾ കാറിൽ നിന്നിറങ്ങി. കുറച്ച് അടുത്ത് നിന്ന് രംഗം വീക്ഷിച്ചു. ആ ഭീകരരംഗം അപ്പോഴാണ് ഞങ്ങൾ കണ്ടത്. കുഴിയെടുത്ത സ്ഥലം വളരെ വലുതായിരുന്നു. ഒരു ബസ്സ് മുഴുവനും അതിൽ വിണ് കിടക്കു ന്നുണ്ടായിരുന്നു. ബസ്സിന്റെ അവശി ഷ്ടങ്ങൾ അവിടെ കാണാമായി രുന്നു. ദിനേന സംഭവിക്കുന്ന ഇത്തരം അപകടങ്ങളിൽ നിന്നു മുള്ള രണ്ട് സംഭവങ്ങളാണ് ഞാൻ ഇവിടെ ഉദ്ദരിച്ചത്.

ജനങ്ങളിൽ നിന്നും നീതി പ്രാഥമിക രൂപത്തിൽ തന്നെ തടയപ്പെടുമ്പോൾ അതിന്റെ പ്രത്യാഘാതം വമ്പിച്ചതായിരിക്കു മെന്ന് ഇത്കൊണ്ട് തന്നെ സ്ഥാപി ക്കാനാവും. അത്തരം സമൂഹങ്ങ ളിൽ മറ്റു മൗലികാവകാശങ്ങളുടെ സ്ഥിതി എന്തായിരിക്കുമെന്ന് നമുക്ക് സങ്കൽപ്പിക്കാനാവും. അതായത് ആ സന്ദേശത്തിന്റെ കാതൽ എന്താണെന്ന് വെച്ചാൽ മുസ്‌ലിം സമൂഹം നീതിയുടെ മുന്നറിയിപ്പുകൾ അത് ഏറ്റവും താഴ്ന്ന വിതാനത്തിലായാൽ പോലും അവഗണിക്കാൻ പാടില്ല എന്നാണ്. *(Absolute Justice, Kindness and Kinship - വിവ: എ.എം)*

---

**പേജ് 19 ൽ നിന്ന് തുടർച്ച**

ഹിജ്റ വർഷം അൻപത്തിയാറിൽ അമീർ മുആവിയ പ്രായാധിക്യ ത്താൽ ക്ഷീണിതനും രോഗഗ്രസ്ത നുമായപ്പോൾ കൂഫയുടെ ഭരണധികാരിയായിരുന്ന മുഗീറ ബിൻ ശഅ്ബ അദ്ദേഹത്തോടു പറഞ്ഞു താങ്കൾക്കു ശേഷം ഭരണം നല്ല രീതിയിൽ മുന്നോട്ടു പോകണ മെന്നു താങ്കൾ ആഗ്രഹിക്കുന്നു വെങ്കിൽ രാജാക്കന്മാർ ചെയ്യാറുള്ള തു പോലെ തന്റെ മകൻ യസീദിനെ താങ്കളുടെ പിൻഗാമിയായി (വലിയുൽ അഹദ്/കിരീടാവകാശി) പ്രഖ്യാപിക്കണം. ഇന്നല്ലെങ്കിൽ നാളെ എല്ലാവരും മരണത്തിനു കീഴടങ്ങും. ഞങ്ങളും മരിക്കും താങ്കളും മരിക്കും. അതുകൊണ്ട് താങ്കളുടെ മരണ ശേഷം കുഴപ്പങ്ങ ൾ ഇല്ലാതിരിക്കാൻ ജീവിത കാല ത്തു തന്നെ സ്വന്തം പിൻഗാമിയെ നിശ്ചയിക്കുന്നതു നന്നായിരിക്കും. ഈ പറഞ്ഞതു അമീർ മുആവിയ യ്ക്കു നന്നേ ബോധിച്ചു. (തുടരും).

ഭാഗം – 9

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

**ഇബ്നു വഫാ ബേപ്പൂർ**

### സാത്വികനായ യുവാവും നഫ്സുൽ അമ്മാറയും

ഒരിക്കൽ എന്തോ ചില ആവശ്യങ്ങൾക്കായി ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) ലാഹോറിൽ പോയ അവസരത്തിൽ ഹദ്റത്ത് മൌലവി സാഹിബിനെ വളരെയധികം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ലാഹോറിലെ പൗരപ്രമുഖനും അറിയപ്പെടുന്ന പ്രമാണിയും പണക്കാരനുമായ ഒരാൾ തന്റെ വീട്ടിലേക്ക് ക്ഷണിച്ചു കൊണ്ടു പോയി.

മുമ്പുകാലത്ത് നാട്ടിൽ വലിയ നിലയും വിലയുമുള്ള പണക്കാരുടെ ചെറുപ്പക്കാരികളായ പെൺമക്കൾ കാറ്റുകൊള്ളാനും അൽപം നടക്കാനുമായി സന്ധ്യക്കൽപം മുമ്പായിരുന്നു പുറത്തു പോയിരുന്നത്. മറ്റുള്ളവരുടെ ദൃഷ്ടിയിൽ പെടാതിരിക്കാനും സ്വതന്ത്രമായി അൽപം ഉല്ലസിക്കാനുമായിരുന്നു അങ്ങനെ ചെയ്തിരുന്നത്. മഗ്‌രിബ് നേരമാകുമ്പോഴേക്കും തിരിച്ചു വീട്ടിലെത്തും. ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് സ്ഥലത്തെ പ്രസ്തുത പ്രമാണിയായ മാന്യന്റെ വീട്ടിൽ അതിഥിയായി ചെന്ന ദിവസം അദ്ദേഹത്തിന്റെ ചെറുപ്പക്കാരിയായ മകൾ പതിവുപോലെ ഏതാനും സമപ്രായക്കാരായ സുഹൃത്തുക്കളോടൊത്ത് തൊട്ടടുത്തുള്ള റാവീ നദിക്കരയിൽ കാറ്റുകൊള്ളാനും ഉല്ലാസത്തിനുമായി പോയിട്ടുണ്ടായിരുന്നു. അതൊരു വേനൽ കാലമായിരുന്നു. അങ്ങനെ അവരവിടെ ഉല്ലസിച്ചു കൊണ്ടിരുന്ന അവസരത്തിൽ യാതൊരു സൂചനയുമില്ലാതെ അതിശക്തമായ കാറ്റും കോളുമുണ്ടായി. പെട്ടെന്നുണ്ടായ ഈ കൊടുങ്കാറ്റിൽ നിന്നും പേമാരിയിൽ നിന്നും രക്ഷപ്പെടാനായി ഈ യുവതികൾ പല ഭാഗത്തേക്കും ഓടി. അങ്ങനെ പലരും പല വഴിക്കായി. ഒരാൾ മറ്റൊരാളിൽ നിന്നും വേറെയായി.

പ്രമാണിയുടെ മകൾ വഴിയും സ്ഥലവും മനസ്സിലാകാതെ എങ്ങനെയൊക്കെ തപ്പിത്തടഞ്ഞു അവിടെയുള്ള വലിയ പള്ളിയിലെത്തി. സമയം ഇശാ നമസ്ക്കാരവും കഴിഞ്ഞു രാത്രി ഏറെ ചെന്നിരിക്കുന്നു. ആ കാലത്ത് ഈ പള്ളിയിൽ സ്ഥിരമായി ദീനിയാത്തു പഠന ക്ലാസ്സുകൾ നടക്കാറുണ്ട്. ആ വിദ്യാർഥികൾ പള്ളിയോടു ചേർന്നുള്ള മുറികളിൽ തന്നെയാണു താമസിച്ചിരുന്നത്. എന്നാൽ വേനലവധി കാരണം വിദ്യാർഥികളെല്ലാവരും തന്നെ തങ്ങളുടെ വീടുകളിൽ പോയിരിക്കുകയാണ്. ഒരു ചെറുപ്പക്കാരൻ മാത്രം തന്റെ മുറിയുടെ പുറത്ത് വരാന്തയിലിരുന്നു മണ്ണെണ്ണ വിളക്കിന്റെ അരണ്ട വെളിച്ചത്തിൽ പുസ്തകം വായിച്ചു കൊണ്ടിരിക്കുകയായിരുന്നു. അവനൊരു അനാഥനാണ്. അവനു പോകാനൊരിടമോ, മറ്റാശ്രയമോ ഇല്ലാത്തതുകൊണ്ട് അവൻ പള്ളിയിൽ തന്നെ കഴിയാറാണ് പതിവ്. വേറെ നിവൃത്തിയില്ല.

പള്ളിയിൽ ഒരു ചെറുപ്പക്കാരൻ ഇരുന്നു വായിക്കുന്നതു കണ്ടപ്പോൾ അവൾ മെല്ലെ അവന്റെ അടുക്കൽ ചെന്നു. ആളനക്കം കേട്ടപ്പോൾ അവൻ പുസ്തകത്തിൽ നിന്നും മുഖമുയർത്തി. ഒരു ചെറുപ്പക്കാരി പെണ്ണ് നനഞ്ഞു കുതിർന്നു പേടിച്ചരണ്ട നിലയിൽ തന്റെ മുന്നിൽ നിൽക്കുന്നു. അവനൊന്നു ഞെട്ടി. ആരാണിവൾ. എന്തിനിവിടെ ഈ അസമയത്തു

വന്നു. ആശ്ചര്യഭരിതനായ അവൻ അവളോടു കാര്യം തിരക്കുന്നതിനു മുമ്പു തന്നെ അവൾ പറഞ്ഞു തുടങ്ങി. ഞാൻ നഗരത്തിലെ ഇന്ന പ്രമാണിയുടെ മകളാണ്. ഞങ്ങൾ കുറേപേർ നദിക്കരയിൽ ഉല്ലസിക്കുകയായിരുന്നു. പെട്ടെന്നാണു കൊടുങ്കാറ്റും പേമാരിയും ഉണ്ടായത്. അതിൽ നിന്നു രക്ഷപ്പെടാനായി ഞങ്ങൾ പലവഴിക്കും ഓടി അങ്ങനെ ഞങ്ങൾ ഒരാൾ മറ്റൊരാളിൽ നിന്നും വേറെയായി. എന്റെ വീട് ഇന്ന സ്ഥലത്താണ്.ഞാൻ വഴിതെറ്റിയാണ് ഇവിടെ എത്തിയിരിക്കുന്നത്. എന്നെ എന്റെ വീട്ടിലെത്താൻ ദയവു ചെയ്തു നിങ്ങൾ സഹായിക്കണം.

വിശ്വാസം വരാത്തതുപോലെ അവൻ അവളെ സൂക്ഷിച്ചൊന്നു നോക്കി. എന്നിട്ടു പറഞ്ഞു, ഞാനിവിടുത്തെ ഒരു വിദ്യാർഥിയാണ്. പുറത്തുനിന്നും വന്നവനാണ്. എനിക്ക് ഇവിടെ നിന്നും പുറത്തു പോകാനുള്ള അവസരം അപൂർവ്വമായേ ലഭിക്കാറുള്ളൂ. പോകാനുള്ള ആവശ്യവും ഉണ്ടാകാറില്ല. അതു കാരണം ചുറ്റുപാടുമായി എനിക്കധികം ബന്ധമില്ല. പരിചയവുമില്ല. നിങ്ങളുടെ പിതാവിന്റെ പേരും ഞാൻ ഇതുവരെ കേട്ടിട്ടില്ല. മാത്രവുമല്ല രാവേറെ ചെന്നിരിക്കുന്നു. കാലാവസ്ഥയും അനുകൂലമല്ല. അതുകൊണ്ട് ക്ഷമിക്കണം. എനിക്കു നിങ്ങളെ സഹായിക്കാൻ യാതൊരു നിർവാഹവുമില്ല

അവൾ വല്ലാതെ പേടിക്കാൻ തുടങ്ങി. ചുറ്റുപാടിൽ എവിടെയും ഒരു മനുഷ്യജീവിയേയും കാണാനില്ല. എങ്ങും കുറ്റാക്കൂറ്റിരുട്ടാണ്. ചെറുതായിട്ടാണെങ്കിലും മഴ ഇപ്പോഴും പെയ്തു കൊണ്ടിരിക്കുന്നു. കാറ്റും നിലച്ചിട്ടില്ല. അവൾ ആലോചിച്ചു. ഇവിടെ നിന്നു പോവുകയാണെങ്കിൽ എവിടെ പോകും. എങ്ങനെപോകും. എന്തു ചെയ്യണമെന്നറിയാതെ നിരാശയും പരിഭ്രമവും നിമിത്തം നനഞ്ഞു കുതിർന്ന വസ്ത്രത്തിൽ കിടന്നവൾ വിറക്കാൻ തുടങ്ങി. അവളുടെ പരിഭ്രമവും അങ്കലാപ്പും കണ്ട് നല്ലവനായ ആ ചെറുപ്പക്കാരൻ പറഞ്ഞു, നോക്കൂ, രാത്രിയുടെ കുറേ ഭാഗം കഴിഞ്ഞിരിക്കുന്നു. ഇനി ഏതാനും മണിക്കൂറുകൾ മാത്രമേ ബാക്കിയുള്ളു ഞാൻ ഇവിടെ ഇരുന്നു പുസ്തകം വായിച്ചോളാം. നിങ്ങൾ ചെന്നു എന്റെ വിരിപ്പിൽ കിടന്നോളൂ. ഫജ്ർ നമസ്ക്കാരത്തിന്നായി ആളുകൾ വന്നാൽ നിങ്ങളുടെ പിതാവിനെ അറിയുന്നവരോടൊപ്പം നിങ്ങൾ വീട്ടിൽ പോയ്ക്കൊള്ളൂ.

ചെകുത്താനും കടലിനുമിടയിൽ അകപ്പെട്ട അവസ്ഥ.മറ്റൊരു വഴിയും കാണാത്തതുകൊണ്ട് ഈ പാവപ്പെട്ടവന്റെ മുഷിഞ്ഞുനാറിയ വിരിപ്പിൽ അവൻ പറഞ്ഞതു പോലെ ഈ കുബേര പുത്രി ചെന്നു കിടന്നു. കിടന്നു എന്നുപറയാം. അവൾക്കു വിശപ്പും ക്ഷീണവും വല്ലാതെ അനുഭവപ്പെടുന്നുണ്ടെങ്കിലും ഉറക്കം എത്രയോ കാതമകലെയാണ്. വിശപ്പകറ്റാൻ വല്ലതും കിട്ടിയാൽ പോലും കഴിക്കാനുള്ള മനസികാവസ്ഥയിലല്ല അവളുള്ളത്. മാതാപിതാക്കളിൽ നിന്നും രാത്രി ആദ്യമായിട്ടാണു അവൾ അകന്നു കഴിയുന്നത്. തന്നെ കാണാത്തതുകൊണ്ടുള്ള മാതാപിതാക്കളുടേയും മറ്റുവീട്ടുകാരുടേയും ഉത്കണ്ഠയും ആകുലതയും എത്രത്തോളമായിരിക്കും. അവർ എവിടെയൊക്കെ എന്നെ അന്വേഷിച്ചിട്ടുണ്ടാകും. എത്രകണ്ടവർ വേവലാതിപ്പെടുന്നുണ്ടായിരിക്കും. അവരും ഉറക്കമിളച്ചുകൊണ്ട് രാത്രി തള്ളി നീക്കുകയായിരിക്കും. അവളുടെ ചിന്തകൾ കടിഞ്ഞാണില്ലാതെ കാടുകയറുകയാണ്. മാത്രവുമല്ല തൊട്ടടുത്തിരിക്കുന്ന അപരിചിതനായ ഒരു ചെറുപ്പക്കാരന്റെ സാന്നിദ്ധ്യം. അതവളെ വല്ലാതെ ഭയപ്പെടുത്തുന്നുമുണ്ട്. ഓരോ നിമിഷവും അവൾക്കു യുഗങ്ങളായി അനുഭവപ്പെട്ടു.

യാദൃച്ഛികമായി വായനയ്ക്കിടയിൽ ചെറുപ്പക്കാരന്റെ ദൃഷ്ടി തന്റെ വിരിപ്പിൽ കിടക്കുന്ന പണക്കാരന്റെ സുന്ദരിയായ മകളിൽ പതിഞ്ഞു. അതോടെ പിശാച് അവന്റെ മനസ്സിൽ കാമാസക്തിയുടെ വേലിയേറ്റമുണ്ടാക്കി. സാഹചര്യം എല്ലാതരത്തിലും അതിനനുകൂലവുമായിരുന്നു. ചുറ്റുപാടുകൾ വിജനം. അവനെ തടയാൻ ഇവിടെ ഈ രാത്രി ആരുമില്ല. അവന്റെ മനസ്സിലുണ്ടായിരുന്ന നന്മ തിന്മയ്ക്കു മെല്ലെ മെല്ലെ വഴിമാറിത്തുടങ്ങി മനസ്സിന്റെ പ്രലോഭനത്തിൽ അവൻ പലതും തീരുമാനിച്ചുറച്ചു. പക്ഷേ,അവൻ സാത്വികനും ദൈവഭയമുള്ളവനുമായിരുന്നു. അവൻ ആലോചിച്ചു ഞാനീ മഹാപാപത്തിന്നടിപ്പെട്ടാൽ നാളെ അല്ലാഹുവിനോടെന്തു പറയും. അതോടൊപ്പം ലഭിക്കുന്ന നരകാഗ്നിയുടെ ശിക്ഷ തനിക്കു താങ്ങുവാനും സഹിക്കുവാനുമുള്ള ശക്തിയുണ്ടോ? പലതും ആലോചിച്ചു കൊണ്ടിരുന്നു. പെട്ടെന്നവന്റെ മനസ്സിൽ ഒരു ഉപായം ഉദിച്ചു. ഈ മണ്ണെണ്ണ വിളക്കിന്റെ തീനാളത്തിൽ തന്റെ വിരലൊന്നു വെച്ചു നോക്കാം. നിസ്സാരമായ ഈ തീയുടെ ചൂടു സഹിക്കാനാവുമെങ്കിൽ ഉദ്ദേശിച്ച കാര്യങ്ങളുമായി മുന്നോട്ടു നീങ്ങാം. അവൻ തന്റെ കൈ വിരൽ തീനാളത്തിനു നേരെ നീട്ടി. ആവുന്നത്ര പിടിച്ചു നിന്നു. ഹോ, എന്തൊരു ചൂട്. സഹിക്കാനായില്ല. നിമിഷ നേരം കൊണ്ടു തന്നെ അവനു കൈ പിൻവലിക്കേണ്ടി വന്നു. എന്നിട്ട് ആലോചിച്ചു. ഈ നിസ്സാര തീയുടെ ചൂട് സഹിക്കാനാവുന്നില്ലെങ്കിൽ ഇതിനേക്കാൾ എഴുപതു മടങ്ങു ശക്തിയുള്ള അല്ലാഹുവിന്റെ നരകാഗ്നിയുടെ ശിക്ഷ എങ്ങനെ സഹിക്കാനാണ്. അവൻ പിശാചിന്റെ ദുർബോധനത്തിൽ നിന്നും പിൻവാങ്ങി. വീണ്ടും വായനയിൽ മുഴുകി.

അൽപസമയം കഴിഞ്ഞതേയുള്ളൂ, പിശാച് വീണ്ടും അവനെ പ്രചോദിപ്പിക്കാനും പ്രലോഭിപ്പിക്കാനും തുടങ്ങി. അവന്റെ ശ്രദ്ധ

പുസ്തകത്തിൽ നിന്നും തന്റെ തൊട്ടടുത്ത് കിടക്കുന്ന സുന്ദരിയായ യുവതിയിലേക്കു വീണ്ടും വഴുതി വീണു. മനസ്സിൽ ഒരിക്കൽ കൂടി നന്മയുടേയും തിന്മയുടേയും അതിശക്തമായ വടംവലി ആരംഭിച്ചു. നഫ്സുൽ അമ്മാറ (ദോഷപ്രവണമായ ആത്മാവ്) അവനു ധൈര്യം പകർന്നു കൊണ്ടേയിരുന്നു. അവൻ പലതും തീരുമാനിച്ചുറച്ചു. എന്നാലും അവൻ ധർമ്മനിഷ്ഠയുള്ളവനായിരുന്നു. അവൻ തന്റെ മനസ്സിനോടു പറഞ്ഞു. നീ ആദ്യ പരീക്ഷണത്തിൽ നിന്നും പാഠം ഉൾകൊണ്ടില്ലെങ്കിൽ ഒന്നു കൂടി പരീക്ഷിച്ചു കൊള്ളൂ. ഈ വിളക്കിന്റെ നിസ്സാരമായ തീനാളത്തെ സഹിക്കാൻ പറ്റിയാൽ നീ ഉദ്ദേശിക്കുന്നതുമായി മുന്നോട്ടു പൊയ്കൊള്ളുക. അല്ലെങ്കിൽ അല്ലാഹുവിനെ ഭയപ്പെട്ടു മനസ്സിനെ നിയന്ത്രിക്കണം. ആദ്യ പരീക്ഷണത്തിൽ വിരൽ നന്നായി പൊള്ളിയിട്ടാണുള്ളത്. അവൻ തന്റെ കൈയുടെ രണ്ടാമത്തെ വിരൽ തീനാളത്തിനു നേരെ നീട്ടി. ഹോ അധിക നേരം സഹിക്കാനായില്ല. കൈ തീ നാളത്തിൽ നിന്നും പിൻവലിച്ചു. ആ വിരലും പൊള്ളി. അവൻ രണ്ടാമതും വായനയിൽ മുഴുകി.

ചുരുക്കത്തിൽ നന്മയുടേയും തിന്മയുടേയും ഈ പോരാട്ടം രാത്രി മുഴുവനും തുടർന്നു കൊണ്ടിരുന്നു. സാത്വികനായ ആ ചെറുപ്പക്കാരൻ തന്റെ നഫ്സിനെ തിന്മയിൽ നിന്നും തടയുന്നതിന്നായുള്ള ഉദ്യമത്തിൽ കൈയുടെ പത്തു വിരലുകളും ആ രാത്രി ചുട്ടുപൊള്ളിച്ചു. ചെറുപ്പക്കാരന്റെ ഈ പ്രവൃത്തികളെല്ലാം തന്നെ ഉറങ്ങാതെ അധികം അകലത്തിലല്ലാതെ കട്ടിലിൽ കിടക്കുന്ന യുവതി ഇടം കണ്ണിട്ടു കാണുന്നുണ്ടായിരുന്നു. പക്ഷേ, അവൾക്കു കാര്യമൊന്നും മനസ്സിലായില്ല. അവസാനം രാത്രി ഇഴഞ്ഞിഴഞ്ഞു പുലർച്ചയ്ക്കു വഴിമാറി ഫജ്ർ ബാങ്ക് വിളിച്ചു. ആളുകൾ നമസ്ക്കാരത്തിന്നായി പള്ളിയിൽ എത്തിത്തുടങ്ങി. നമസ്ക്കാരശേഷം വിവരമറിഞ്ഞപ്പോൾ ചിലർ പെൺകുട്ടിയെ അവളുടെ വീട്ടിൽ കൊണ്ടു ചെന്നാക്കി.

തലേദിവസം രാത്രിയിലെ മുഴുവൻ കാര്യങ്ങളും പിതാവു മകളോടു ചോദിച്ചറിഞ്ഞു. അവൾ എല്ലാം വിശദമായി പിതാവിനെ അറിയിച്ചു. തന്റെ മകൾക്കു രാത്രി അഭയം നൽകിയ ആ ചെറുപ്പക്കാരനോടു അദ്ദേഹത്തിനു വലിയ നന്ദിയും സ്നേഹവും ഉണ്ടായി. എന്നാൽ നല്ലവനായ ആ യുവാവ് ഇടയ്ക്കിടെ വിരൽ തീനാളം കൊണ്ടു പൊള്ളിച്ച കാര്യങ്ങളറിഞ്ഞപ്പോൾ അദ്ദേഹത്തിനു എന്തെന്നില്ലാത്ത ആശ്ചര്യം തോന്നി. അദ്ദേഹം തന്റെ വീട്ടിലെത്തിയിട്ടുള്ള ആദരണീയനായ അതിഥി ഹദ്റത്ത് ഹക്കീം മൗലവി നൂറുദ്ദീൻ സാഹിബി (റ) ന്റെ അടുക്കൽ ചെന്നു വിവരങ്ങളെല്ലാം ധരിപ്പിച്ചു. ഹദ്റത്ത് മൗലവി സാഹിബും കാര്യങ്ങളറിഞ്ഞു അൽഭുതപ്പെട്ടു. പള്ളിയിൽ താമസിക്കുന്ന ആ ചെറുപ്പക്കാരനെ വിളിപ്പിക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. അവനെ വിളിച്ചു കൊണ്ടു വന്നു. അവനോട് തലേദിവസം രാത്രിയിലെ മുഴുവൻ സംഭവങ്ങളും കൈ വിരൽ പൊള്ളിച്ചതിന്റെ കാരണങ്ങളും ഹദ്റത്ത് മൗലവി സാഹിബ് തിരക്കി. ആദ്യം മടിച്ചുവെങ്കിലും പിന്നീട് മുഴുവൻ കാര്യങ്ങളും സാത്വികനായ ആ ചെറുപ്പക്കാരൻ സത്യസന്ധമായി ഹദ്റത്ത് മൗലവി സാഹിബിനോടു പറഞ്ഞു.

അവനെ യാത്രയാക്കിയ ശേഷം ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് തന്റെ ആതിഥേയനോടു പറഞ്ഞു, താങ്കളുടെ മകൾക്കു ലഭിക്കാവുന്ന ഏറ്റവും നല്ല ഭർത്താവാണ് ഈ ചെറുപ്പക്കാരൻ. വീട്ടുകാരൻ പറഞ്ഞു, ഹദ്റത്ത് മൗലവി സാഹിബ്, താങ്കൾ എന്താണു പറയുന്നത്. അങ്ങ് അഭിപ്രായപ്പെടുന്നതു പോലെ എന്റെ മകളുടെ നിക്കാഹ് ഈ അനാഥനും പാവപ്പെട്ടവനുമായ ചെറുപ്പക്കാരനുമായി നടന്നു എന്നു കരുതുക. അവരുടെ ജീവിതം എങ്ങനെ മുന്നോട്ടു പോകും. എന്റെ മകൾ എല്ലാവിധ സുഖസൗകര്യങ്ങളോടും ഐശ്വര്യങ്ങളോടും കൂടിയാണു വളർന്നു വലുതായത്. ഇവരുടെ കല്യാണം നടന്നാൽ പട്ടിണിയും പരിദേവനവുമായിരിക്കും ഫലം. ഒരിക്കലും ഇവരുടെ ജീവിതം മുന്നോട്ടു പോവില്ല. മാത്രവുമല്ല ഈ പാവപ്പെട്ടവനെ മരുമകനായി സ്വീകരിച്ചതിനു എന്റെ കുടുംബക്കാരും നാട്ടുകാരും എന്നെ അറിയുന്നവരെല്ലാവരും തന്നെ പഴിക്കും. എന്നെ പരിഹസിക്കും. ഞാനവരുടെ മുന്നിൽ അവഹേളിതനാകും. ഹദ്റത്ത് മൗലവി സാഹിബ് പറഞ്ഞു അതിനെല്ലാം ഒരുപരിഹാരമുണ്ട്. അല്ലാഹു താങ്കൾക്കു സ്വത്തും മുതലും പണവും ഐശ്വര്യവും വേണ്ടുവോളം നൽകിയിട്ടുണ്ട്. അതു കൊണ്ട് ഈ ചെറുപ്പക്കാരനു പതിനായിരം രൂപ നൽകി അവനേയും നിങ്ങൾ പണക്കാരനാക്കണം. (ഇത് 1870/80 കാലഘട്ടമാണെന്നു വായനക്കാർ ഓർക്കണം. ലേഖ.)

ഹദ്റത്ത് മൗലവി സാഹിബ് തുടർന്നു. ജാമാതാവായി ഒരു പക്ഷേ, നിങ്ങൾക്കു പണക്കാരനായ മറ്റാരെയെങ്കിലും കിട്ടിയെന്നു വരാം. എന്നാൽ ഇവൻ പണക്കാരനായാൽ ഇവനെ പോലെ സ്വാലിഹായ ഒരു പണക്കാരനെ കിട്ടാൻ വളരെ പ്രയാസമായിരിക്കും. ആതിഥേയനായ ഇദ്ദേഹം ധനികനും വലിയ സ്വത്തിന്റെ ഉടമയും അതോടൊപ്പം മതബോധവും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്ന സാത്വികനായ ഒരു വ്യക്തിയായിരുന്നു. അതിലുപരിയായി ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനെ വളരെയധികം ബഹുമാനിക്കുകയും ആദരിക്കുകയും അദ്ദേഹത്തിന്റെ വാക്കുകൾക്കു വലിയ വില കൽപിക്കുകയും ചെയ്യുന്ന ഒരാളുമായിരുന്നു. അതുകൊണ്ട് ഹദ്റത്ത്

മൌലവി സാഹിബിന്റെ ഉപദേശം സ്വീകരിച്ചു കൊണ്ട് ആ അനാഥനെ കൊണ്ട് തന്റെ മകളെ താമസിയാതെ വിവാഹം കഴിപ്പിച്ചു. അവരെ രണ്ടുപേരേയും സ്വന്തം വീട്ടിൽ തന്നെ താമസിപ്പിക്കുകയും ചെയ്തു. അവർ രണ്ടുപേരും വളരെ ഐശ്വര്യപൂർണ്ണമായ ജീവിതം നയിക്കാൻ തുടങ്ങി.

ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) പറയുകയാണ്, സ്വാലിഹായ ആ ചെറുപ്പക്കാരന് ആഖിറ ത്തിൽ അല്ലാഹുവിൽ നിന്നും ലഭിക്കുവാനുള്ള പ്രതിഫലം ലഭിക്കുക തന്നെ ചെയ്യും. എന്നാൽ ഈ ലോകത്തും അവനു വലിയ പ്രതിഫലമാണ് അല്ലാഹു നൽകിയത്. തങ്ങളുടെ മക്കളുടെ വിവാഹ സമയത്തു ദീനിപരമായ കാര്യത്തിനു യാതൊരു പ്രാധാന്യവും നൽകാതെ പണം മാത്രം ലക്ഷ്യമാക്കുന്നവർ ഈ സംഭവത്തിൽ നിന്നും പാഠം ഉൾകൊള്ളാൻ വേണ്ടി മാത്രമാണു ഞാനിതു വിവരിക്കുന്നത്. അഹ്മദികളാണെന്നു പറയപ്പെടുന്നതു കൊണ്ട് മറ്റുള്ളവരെ കാണിക്കാനായി ഞങ്ങൾ, ഞങ്ങളുടെ പെൺമക്കൾക്കു വേണ്ടി നല്ല ദീനി ബോധമുള്ള ചെറുപ്പക്കാരെയാണ് അന്വേഷിക്കുന്നതു എന്നു ചിലർ ചിലപ്പോൾ പറയുമെങ്കിലും പാവപ്പെട്ടവരായ അതോടൊപ്പം വളരെ സ്വാലിഹീങ്ങളായ ചെറുപ്പക്കാരെ കാണിച്ചു കൊടുത്താൽ പല പല കാരണങ്ങൾ പറഞ്ഞു അവരെ തിരസ്ക്കരിക്കുന്ന പ്രവണതയാണു നമ്മിൽ കൂടുതലും കണ്ടുവരുന്നത്.

ഈ സംഭവം കൃത്യമായി എപ്പോഴായിരുന്നുവെന്ന് ചരിത്ര രേഖകളിൽ നിന്നും എനിക്കു (ലേഖകൻ) കണ്ടെത്താനായില്ല. എന്നാൽ ഇത് ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) തന്റെ ഹാദിയും യജമാനനുമായ ഇമാം മഹ്ദി ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി അലൈഹിസ്സലാത്തു വസ്സലാമി നെ കണ്ടെത്തുന്നതിനു കുറേ മുമ്പായിരുന്നുവെന്നതു വ്യക്തമാണ്. എന്നാൽ ജമാഅത്ത് രൂപീകരണത്തിനു ശേഷം ഹദ്റത്ത് മസീഹ് മൌഊദി (അ) ന്റെ കാലത്തും അതിനു ശേഷവും ഹദ്റത്ത് മൌലവി ഹക്കീം നൂറുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ഈ സംഭവം ജമാഅത്തിന്റെ തർബിയത്ത് മുൻനിർത്തി പല മജ്‌ലിസുകളിലും വിവരിച്ചിട്ടുണ്ടെന്നാണു അനുമാനിക്കപ്പെടുന്നത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) വിവരിച്ച ഈ സംഭവം മിയാ അബ്ദുൽ അസീസ് സാഹിബ് മുഗൾ ആണു നിവേദനം ചെയ്തിരിക്കുന്നത്. ആ നിവേദനം ഹയാത്തെ നൂറിന്റെ ഗ്രന്ഥകർത്താവായ മൌലാന അബ്ദുൽ ഖാദർ സാഹിബ് സൗദാഗർ മൽ ആണു നമുക്കു വേണ്ടി എടുത്തുദ്ധരിച്ചിരിക്കുന്നത്. വാക്കുകൾ ഈ വിനീതന്റേതും.

## ഭേരയിലൊരു ക്ലിനിക്കും മതപഠന ക്ലാസ്സും

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) പഠനം കഴിഞ്ഞു മക്കയിൽ നിന്നും തിരിച്ചെത്തി അധികം താമസിയാതെ തന്നെ ഭേരയിൽ ഖുർആൻ, ഹദീസ് ക്ലാസ്സുകൾ ആരംഭിച്ചു. ആദ്യം മിശ്ക്കാത്തായിരുന്നു പഠിപ്പിച്ചിരുന്നത്. ആ ക്ലാസ്സിൽ പിതാവ് ഹദ്റത്ത് ഹാഫിസ് ഗുലാം റസൂൽ സാഹിബും പങ്കെടുക്കാറുണ്ടായിരുന്നു. ഇതിനു ശേഷം ഖിദ്മത്തെ ഖൽഖ് (ജന സേവനം) എന്ന നിലയിൽ ഒരു ക്ലിനിക്കും ആരംഭിക്കാൻ തീരുമാനിച്ചു. മാത്രവുമല്ല വിവാഹ ശേഷം അദ്ദേഹത്തിനു ഒരുജോലി വളരെ അത്യാവശ്യമായിരുന്നു. വിശ്വാസാദർശങ്ങളുടെ പേരിൽ മുല്ലാക്കളുടെ ശത്രുതയും വധ ഭീഷണിയും ഒരുഭാഗത്ത് ശക്തമായി നിലനിൽക്കുന്ന കാര്യം അദ്ദേഹത്തിനു നന്നായിട്ടറിയാം. എന്നിരുന്നാലും ഭേരയിൽ തന്നെ പ്രാക്റ്റീസ് ചെയ്യുന്ന ഒരു ഡോക്ടറെ സമീപിച്ചു കൊണ്ട് ക്ലിനിക്ക് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടു അഭിപ്രായമാരാഞ്ഞു.

ആ ഡോക്ടർ ഹദ്റത്ത് നൂറുദ്ദീൻ സാഹിബിനോട് പറഞ്ഞു, നീ ക്ലിനിക്ക് ആരംഭിച്ചാൽ ഒരിക്കലും വിജയിക്കാൻ പോകുന്നില്ല. കാരണം നീ എന്നെ പോലെയല്ല. എന്നെ സമീപിക്കുന്ന രോഗികളോട് ഞാൻ ഫീസ് ചോദിച്ചു വാങ്ങാറുണ്ട്. എന്നിട്ടു പോലും ദിവസം അഞ്ചു രൂപ ഇവിടെ നിന്നും തികച്ചു കിട്ടുന്നില്ല. നിന്റെ സ്വഭാവമനുസരിച്ച് നിനക്കതു സാധിക്കുകയില്ലെന്നു മാത്രമല്ല, നീ കൂടുതലും രോഗികളെ സഹായിച്ചു കൊണ്ട് സൗജന്യ ചികിത്സയായിരിക്കും ചെയ്യുന്നത്. ആ നിലക്ക് നീ ക്ലിനിക്ക് തുടങ്ങാതിരിക്കുന്നതായിരിക്കും ഉത്തമം. സാഹചര്യങ്ങൾ പൊതുവിൽ പ്രതികൂലമാണെന്നു മനസ്സിലാക്കിയെങ്കിലും ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് അല്ലാഹുവിൽ തവക്കുൽ ചെയ്തുകൊണ്ട് ക്ലിനിക്ക് ആരംഭിക്കുവാനുള്ള തീരുമാനവുമായി മുന്നോട്ടു പോവുക തന്നെ ചെയ്തു. രോഗനിർണ്ണയത്തിനുള്ള അദ്ദേഹത്തിന്റെ കഴിവ് അപാരവും അതുപോലെ അല്ലാഹുവിലുള്ള അടിയുറച്ച വിശ്വാസം തുല്യതയില്ലാത്തതുമായിരുന്നു.

ഇതിന്റെ മുന്നോടി എന്ന നിലയ്ക്ക് ആദ്യം പല ചേരുവകളോടും കൂടി കണ്ണുരോഗത്തിനു വളരെ ഫല പ്രദമായ ഒരു സുർമ തന്റെ ചില ശിഷ്യന്മാരുടെ സഹായത്തോടെ ഉണ്ടാക്കി. അന്നു അസർ നമസ്ക്കാരത്തിന്നായി പള്ളിയിൽ ചെന്ന അവസരത്തിൽ കണ്ണിനു സുഖമില്ലാത്ത ഒരാളെ കണ്ടു. അയാളെ വിളിച്ചു കണ്ണിൽ സുറുമ ഇട്ടുകൊടുത്തു. അതു കണ്ടപ്പോൾ മറ്റൊരാൾ സ്വമേധയാ ഹദ്റത്ത് മൗലവി സാഹിബിന്റെ അടുക്കൽചെന്നു തനിക്കും സുറുമ വേണമെന്നു ആവശ്യപ്പെട്ടു. യഥാർഥത്തിൽ ഇതു സുറുമയുടെ പരസ്യമായിരുന്നു. അതു ശരിക്കും കുറിക്കുകൊണ്ടു എന്നു തന്നെ

പറയാം. ഭേരയിലെ അന്തരീക്ഷം പൊതുവിൽ ആർദ്ര (Humid) മായതു കാരണം അവിടെ കണ്ണുരോഗം ചിലയവസരങ്ങളിൽ കുറച്ചു വ്യാപകമായിരുന്നു. പിറ്റെ ദിവസം രാവിലെ ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ വീടിനു മുന്നിൽ രോഗികളുടെ നീണ്ടനിര തന്നെ ഉണ്ടായി. അതിൽ കണ്ണു രോഗികൾക്കു പുറമെ ആമാശയം, കഴുത്ത്, ചെവി സംബന്ധമായ രോഗത്തിനു പ്രതിവിധി തേടിയുള്ള രോഗികളുമുണ്ടായിരുന്നു.

എല്ലാവർക്കും ചികിത്സ നൽകി.പെട്ടെന്നു തന്നെ ഭേരയിലും അടുത്ത പ്രദേശങ്ങളിലും ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ ക്ലിനിക്കും ചികിത്സയും ചർച്ചാ വിഷയമായി. സാധാരണയായി ഒരേ മേഖലയിൽ പ്രവർത്തിക്കുന്നവർ അവർ ഡോക്ടറാവട്ടെ വക്കീലാവട്ടെ കച്ചവടക്കാരാവട്ടെ കൈതൊഴിൽ ചെയ്യുന്നവരാവട്ടെ പൊതുവിൽ മത്സര ബുദ്ധിയോടും അസൂയയോടുമായിരുന്നു പരസ്പരം നോക്കി കാണാറുണ്ടാ യിരുന്നത്. ബാഹ്യമായി കാണിച്ചില്ലെങ്കിലും അവർ ശത്രുതാ മനോഭാവം വെച്ചു പുലർത്തുന്നവരായിരിക്കും. എന്നാൽ ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ ആതുരാലയത്തിന്റെ ലക്ഷ്യം പണം സമ്പാദനമല്ല. അത് രണ്ടാം കാര്യമോ മൂന്നാം കാര്യമോ ആയിരുന്നു. ഒന്നാം കാര്യം സമസൃഷ്ടികളോടുള്ള ഉള്ളഴിഞ്ഞ കാരുണ്യവും ദീനാനുകമ്പയുമാണ്. അതിനാൽ ആ ചികിത്സാലയ വാതിലുകൾ തുറന്നു കിടന്നത് രോഗികൾക്കു മുന്നിൽ മാത്രമായിരുന്നില്ല. മറിച്ചു ചികിത്സയുമായി ബന്ധപ്പെട്ടു ഉപദേശങ്ങൾ തേടിവന്ന ഡോക്ടർമാർക്കു മുന്നിലും മലർക്കേ തുറന്നു കിടന്നു. അവർക്കു ഹദ്റത്ത് മൗലവി സാഹിബ് തന്നാലാവുന്ന എല്ലാ ചികിത്സാവിധികളും വേണ്ട നിർദേശങ്ങളും നൽകിക്കൊണ്ടിരുന്നു.

ഈ ആതുരാലയം സ്വന്തം പിതാവിന്റെ നിർദ്ദേശപ്രകാരം ഭേരയിൽ കുടുംബത്തിന്റെ അധീനതയിലുള്ള വിശാലമായ ഒരു കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചു വന്നിരുന്നത്. എന്തുകൊണ്ടും ആ കെട്ടിടം ക്ലിനിക്കിനു യോജിച്ചതായിരുന്നു. എന്നാൽ പിതാവിന്റെ മരണശേഷം ഒരിക്കൽ മൂത്ത സഹോദരൻ മൗലവി സുൽത്താൻ അഹ്മദ് സാഹിബ് ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനെ സമീപിച്ചു കൊണ്ട് പറഞ്ഞു, ഈ കെട്ടിടം എന്റെ പണം കൊണ്ടാണ് വാങ്ങിയത്. അതിന്റെ അറ്റകുറ്റ പണികൾക്കും ഞാൻ തന്നേയാണു പണം ചെലവഴിച്ചത്. അതുകൊണ്ട് ഭാവിയിലേക്കുള്ള ഒരു രേഖ എന്ന നിലയ്ക്കു ആ കാര്യം നീ എനിക്കെഴുതിത്തരണം. ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനു തന്റെ മൂത്ത സഹോദരനോടുണ്ടായിരുന്ന സ്നേഹവും ആദരവും പറഞ്ഞറിയിക്കാനാവാത്തതായിരുന്നു. ഒരു കാലത്തു പിതാവിന്റെ സ്ഥാനത്തു നിന്നു കൊണ്ട് തന്റെ ഏറ്റവും ഇളയ സഹോദരന്റെ എല്ലാ കാര്യങ്ങളും ശ്രദ്ധിച്ചിരുന്നത് അദ്ദേഹമായിരുന്നു. ഹദ്റത്ത് മൗലവി സാഹിബിന്റെ വിവാഹത്തിനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തത് ജ്യേഷ്ഠൻ മൗലവി സുൽത്താൻ അഹ്മദ് സാഹിബ് തന്നെയായിരുന്നു. അതിനാൽ ജ്യേഷ്ഠനോടുള്ള കടപ്പാടുകൾ തീർത്താൽ തീരാത്തതാണെന്നു എപ്പോഴും കരുതുകയും അതുപറയുകയും പ്രകടിപ്പിക്കുകയും ചെയ്യുന്ന ആളായിരുന്നു ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ്. ഏതു കാര്യത്തിലും ജ്യേഷ്ഠന്റെ വാക്കുകൾ അന്തിമമായിരുന്നു. ജ്യേഷ്ഠൻ ഒരു ചെറു വിരൽ അനക്കിയാൽ എല്ലാം ജ്യേഷ്ഠനിൽ അർപ്പണം ചെയ്യാൻ അദ്ദേഹം സദാ സന്നദ്ധനായിരുന്നു.

ഇപ്പോൾ ക്ലിനിക്ക് നടക്കുന്ന കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ഭാവിയിലേക്കുള്ള ഒരു രേഖ എന്ന നിലയ്ക്കു എഴുതിത്തരണമെന്നു ജ്യേഷ്ഠൻ ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം മറ്റൊന്നും ചിന്തിച്ചില്ല. അന്നു തന്നെ ആവശ്യപ്പെട്ടതു പോലെ രേഖ തയ്യാറാക്കി ജ്യേഷ്ഠനെ ഏൽപിച്ചു. ക്ലിനിക്കിനായി മറ്റൊരു സ്ഥലം കണ്ടെത്താനുള്ള യാതൊരു വകയും കയ്യിലില്ലാതിരുന്നിട്ടും തന്റെ സഹായിയും അഭ്യുദയകാംക്ഷിയും ധർമ്മതാതനു (പിതാവിനൊപ്പം മാനിക്കപ്പെടേണ്ടവൻ)മായ ജ്യേഷ്ഠന്റെ മനസ്സിൽ തന്നെ കുറിച്ചു യാതൊരു തരത്തിലുള്ള നീരസവും പ്രതികൂല ചിന്തയും ഉണ്ടാകരുതെന്നു കരുതി അന്നു വൈകുന്നേരത്തോടെ മരുന്നുകളും ക്ലിനിക്കിലെ മറ്റുസാധന സാമഗ്രികളും തന്റെ ശിഷ്യന്മാരുടെ സഹായത്തോടു കൂടി അടുത്തുള്ള പള്ളിയിലെ ഒരു ഒഴിഞ്ഞ മുറിയിലേക്ക് മാറ്റി കെട്ടിടം കാലിയാക്കി ഒഴിഞ്ഞു കൊടുക്കുകയും ചെയ്തു. തന്റെ എല്ലാ കാര്യങ്ങളും അല്ലാഹുവിൽ മാത്രം ഭരമേൽപിക്കുന്ന അവനെ മാത്രം ആശ്രയിക്കുന്ന ഒരാളായതുകൊണ്ടാണ് അദ്ദേഹം അങ്ങനെ ചെയ്തത്. കെട്ടിടം ഒഴിഞ്ഞു കൊടുത്തതോടു കൂടി അദ്ദേഹത്തിന്നുണ്ടായിരുന്ന ചെറിയൊരു ജീവിത മാർഗ്ഗം പോലും ഇല്ലാതായി. എല്ലാ വഴികളും അടഞ്ഞു. ചില്ലിക്കാശിനു പോലും വകയില്ലാതായി. ഞാൻ പറഞ്ഞതിന്റെ അർഥം കെട്ടിടം ഒഴിയണമെന്നല്ല എന്നു ജ്യേഷ്ഠനും മാതാവും പല തവണ പറഞ്ഞെങ്കിലും ജ്യേഷ്ഠനോടുള്ള ആത്മാർത്ഥ സ്നേഹത്തോടെ നിറഞ്ഞ ഹൃദയത്തോടെ ആദരവോടെ പരാതിയുടേയും പരിഭവത്തിന്റേയും നേരിയ കണികപോലുമില്ലാതെ തന്റെ തീരുമാനത്തിൽ ഉറച്ചു നിന്നു.

## പുതിയ ക്ലിനിക്കിന്നായുള്ള ശ്രമവും അല്ലാഹുവിന്റെ അപാരമായ സഹായവും

ചില്ലിക്കാശു പോലും കൈയിലില്ലാതിരുന്നിട്ടും ക്ലിനിക്കിനായി മറ്റൊരു സ്ഥലം കണ്ടെത്തണമെന്നദ്ദേഹം വളരെയധികം

ആഗ്രഹിച്ചു. ബാഹ്യമായി ഒരു വഴിയും കണ്ടില്ല. അപ്പോഴാണ് ടൗണിൽ ഒരൊഴിഞ്ഞ ഭൂമി ശ്രദ്ധയിൽ പെട്ടത്. എല്ലാം കൊണ്ടും വളരെ അനുയോജ്യമായ ഭൂമി. അതു പക്ഷേ, സർക്കാറിന്റെ അധീനതയിലുള്ള ഭൂമിയാണ്. അതിൽ ക്ലിനിക്കിന്നായി ഒരുചെറിയ കെട്ടിടം പണിയാൻ തന്നെ അദ്ദേഹം തീരുമാനിച്ചു അതിന്നായി അദ്ദേഹം തന്റെ പരിചയക്കാരനായ ഒരു മേസ്തരിയെ സമീപിച്ചു. അയാളോട് വിവരം പറഞ്ഞപ്പോൾ വേണ്ടാത്ത പണിക്കു പോകരുതെന്നും അതു തീക്കളിയാണെന്നും പറഞ്ഞയാൾ ഹദ്റത്ത് നൂറുദ്ദീൻ സാഹിബിനെ നിരുത്സാഹപ്പെടുത്തി. സർക്കാർ ഭൂമിയിൽ അനുവാദമില്ലാതെ കെട്ടിടം പണിതാൽ ശിക്ഷാനടപടിക്ക് വിധേയനാകുമെന്നു മാത്രമല്ല കെട്ടിടം സർക്കാർ പൊളിച്ചു നീക്കുമെന്നും എല്ലാം കഷ്ടത്തിലും നഷ്ടത്തിലുമായിരിക്കും അവസാനിക്കുക എന്നും അയാൾ ഹദ്റത്ത് മൗലവി സാഹിബിനെ ഓർമപ്പെടുത്തി. ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് പറഞ്ഞു, അതൊന്നും നീ ഗൗനിക്കേണ്ട. അതു ഞാൻ നോക്കിക്കൊള്ളാം. അങ്ങനെ മേസ്തരിയുമായി ചേർന്നു ഒരു പ്ലാൻ തയ്യാറാക്കി. ആയിരത്തി ഇരുനൂറു രൂപ കെട്ടിടത്തിന്റെ മതിപ്പു ചെലവും കണക്കാക്കി.

ചില്ലിക്കാശു പോലും കയ്യിലില്ലാത്ത സമയത്ത് ആയിരത്തി ഇരുനൂറു രൂപ എന്ന ഭീമമായ തുക എങ്ങനെ എവിടെ നിന്നുണ്ടാക്കാനാണ്. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ പരിചയക്കാരനായ ഒരു ഹിന്ദു സ്നേഹിതനോടു വിവരം പറഞ്ഞപ്പോൾ പണം കടം തന്നു സഹായിക്കാമെന്നയാൾ വാഗ്ദാനം ചെയ്തു. അങ്ങനെ കെട്ടിടത്തിന്റെ പണി ആരംഭിച്ചു.

ഏതാനും ദിവസങ്ങൾ കഴിഞ്ഞതേയുള്ളു ഭേര തഹ്സിൽദാർ ആളെ അയച്ചു ഹദ്റത്ത് മൗലവി സാഹിബിനെ ഓഫീസിലേക്ക് വിളിപ്പിച്ചു. എന്നിട്ട് പറഞ്ഞു, ഒരു കെട്ടിടം പണിയുമ്പോൾ ആദ്യം പ്ലാൻ വരച്ചു ബന്ധപ്പെട്ട ഓഫീസിൽ നിന്നും അനുമതി തേടേണ്ടതു ഒഴിച്ചുകൂടാനാവാത്തതാണ്. അതിവിടെ ഉണ്ടായില്ല. അത് ഒന്നാമത്തെ നിയമ ലംഘനം. കെട്ടിടം പണിയുന്നതോ സർക്കാർ ഭൂമിയിൽ. അതും യാതൊരു അനുമതിയുമില്ലാതെ. അതു അതിഗുരുതരമായ രണ്ടാമത്തെ ക്രിമിനൽ കുറ്റം. റാവൽപിണ്ടി സ്വദേശിയായ മൻസ്വബ്ദാർ ഖാൻ എന്ന ഭേര തഹ്സിൽദാർക്കു ഹദ്റത്ത് മൗലവി സാഹിബിനോടു മനസ്സിലുണ്ടായിരുന്ന ആദരവു കാരണം അയാൾ കൂടുതലായി ഒന്നും പറഞ്ഞില്ല സ്വന്തമായി ഒരു നടപടിയും സ്വീകരിച്ചില്ല. എന്നിട്ടു ഇത്രമാത്രം പറഞ്ഞു, എനിക്ക് ഡപ്യൂട്ടി കമ്മീഷണർക്കു റിപ്പോർട്ടയക്കാതിരിക്കാൻ യാതൊരു നിർവ്വാഹവുമില്ല. അതുകൊണ്ട് ഞാനതു ചെയ്യും. അനധികൃത കെട്ടിടം പൊളിച്ചു നീക്കുക എന്നതായിരിക്കും ഡപ്യൂട്ടി കമ്മീഷണറുടെ ആദ്യ നടപടി. മറ്റു കാര്യങ്ങൾ പിന്നീടായിരിക്കും. തഹ്സിൽദാർ പറയുന്നതെല്ലാം കേട്ട് ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് തിരിച്ചു വന്നു. ഒന്നും മിണ്ടിയില്ല.

വിവരമറിഞ്ഞപ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്ന മേസ്തരി പറഞ്ഞു, ഇതൊക്കെ സംഭവിക്കുമെന്നു ഞാൻ നേരത്തെ പറഞ്ഞതല്ലേ? ഇനി എന്തൊക്കെ കഷ്ടനഷ്ടങ്ങളാണ് ഉണ്ടാകാൻ പോകുന്നതെന്നറിഞ്ഞില്ല. ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ്(റ) അയാളോടു പറഞ്ഞു, ഈ കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുമെന്ന തികഞ്ഞ ശുഭാപ്തി വിശ്വാസത്തിലാണ് ഞാനുള്ളത്. അതുകൊണ്ട് പണി ഒരിക്കലും നീ നിർത്തരുത്. അതു തുടർന്നു കൊണ്ടേയിരിക്കണം. ആയിടയ്ക്കു തഹ്സിൽദാറിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താൻ ഉടനെ സ്ഥലം സന്ദർശിക്കുമെന്നും അന്തിമ തീരുമാനം അറിയിക്കുന്നതു വരെ പണി ഇനി തുടരരുതെന്നും ഡപ്യൂട്ടി കമ്മീഷണറിൽ നിന്നുള്ള ഉത്തരവുണ്ടായി.

ഏതാനും ദിവസങ്ങൾക്കു ശേഷം ബ്രിട്ടീഷുക്കാരനായ ഡപ്യൂട്ടി കമ്മീഷണർ തഹ്സിൽദാറിന്റേയും മുൻസിപ്പൽ അധികൃതരുടേയും കൂടെ അനധികൃത കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്ത് പരിശോധനക്കായി എത്തി. ഹദ്റത്ത് മൗലവി സാഹിബിനോട് വളരെ ഗൗരവത്തിൽ അദ്ദേഹം ചോദിച്ചു, നിങ്ങളാണോ ഇവിടെ കെട്ടിടം നിർമ്മിക്കുന്നത്?

*ഹദ്റത്ത് മൗലവി സാഹിബ്:* അതെ.

*ഡപ്യൂട്ടി കമ്മീഷണർ:* ഇതു പൊതുസ്ഥലമാണ്. സർക്കാർ ഭൂമിയാണ് എന്ന കാര്യം നിങ്ങൾക്കറിയാവുന്നതല്ലേ?

*ഹദ്റത്ത് മൗലവി സാഹിബ്:* അതെ അറിയാം. പക്ഷേ, മുഴുവൻ പട്ടണവും സർക്കാർ ഭൂമിയാണല്ലോ.

*ഡപ്യൂട്ടി കമ്മീഷണർ:* അതെങ്ങനെ.

*ഹദ്റത്ത് മൗലവി സാഹിബ്:* ഇപ്പോൾ ഗവൺമെന്റ് ഇവിടെ എവിടെയെങ്കിലും ഒരു കന്റോൺമെന്റ് (contonment സൈനിക താവളം) സ്ഥാപിക്കാൻ തീരുമാനിച്ചാൽ അതിനു ഭൂമി നൽകാനാവില്ലെന്നു പറഞ്ഞു അതു തടയുവാൻ ആർക്കെങ്കിലും സാധിക്കുമോ?

*ഡപ്യൂട്ടി കമ്മീഷണർ:* അതു തീർച്ചയായും പറ്റുകയില്ല.

*ഹദ്റത്ത് മൗലവി സാഹിബ്:* ആ നിലയ്ക്കു മുഴുവൻ പട്ടണവും ഏത് സമയത്തും പൊതുസ്ഥലമായി മാറാം അതുകൊണ്ട് എല്ലാ ഭൂമിയും ഗവൺമെന്റിന്റേതാണ്.

ഇതു കേട്ടപ്പോൾ ഡപ്യൂട്ടി കമ്മീഷണർക്കു മറ്റൊന്നും പറയാനില്ലാതായി. അദ്ദേഹം അൽപനേരത്തെ മൗനത്തിനു ശേഷം ചോദിച്ചു, നിങ്ങൾ ഉദ്ദേശിക്കുന്ന കെട്ടിടം നിർമ്മിക്കണമെങ്കിൽ സർക്കാറിന്റെ ഈ ഭൂമിയിൽ നിന്നും എത്ര സ്ഥലം വേണ്ടി വരും.

*ഹദ്റത്ത് മൗലവി സാഹിബ്:* ഹൈവേയുടേയും പൊതുവഴിയുടേയും ഇടയിലുള്ള ഈ കാണുന്ന മുഴുവൻ സ്ഥലവും വേണം. അദ്ദേഹം ചൂണ്ടികാണിച്ചു കൊടുത്തു.

ഡപ്യൂട്ടി കമ്മീഷണർ: ഇപ്പോൾ തന്നെ കുറ്റിയടിച്ചു ഭൂമി അടയാളപ്പെടുത്തി കാണിക്കുവാൻ നിങ്ങൾക്കു സാധിക്കുമോ?

മൗലവി സാഹിബ് അതിപ്പോൾ തന്നെ ചെയ്യാമെന്നു പറഞ്ഞുകൊണ്ട് കൂടെയുള്ള തന്റെ മേസ്തരിയുടെ സഹായത്തോടെ കുറ്റിയടിച്ചു അടയാളപ്പെടുത്തി. അതിനു ശേഷം തഹ്സിൽദാറോടും മുൻസിപ്പൽ കമ്മിറ്റി അംഗങ്ങളോടും ഡപ്യൂട്ടി കമ്മീഷണർ, ഈ കാര്യത്തിൽ നിങ്ങൾക്കെന്തെങ്കിലും എതിരഭിപ്രായമുണ്ടോ എന്നു ചോദിച്ചു. അവരെല്ലാവരും ഏകസ്വരത്തിൽ പറഞ്ഞു, ഇദ്ദേഹത്തിന്റെ കെട്ടിടം പൊതുജന നന്മ കൂടി ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്. അതുകൊണ്ട് യാതൊരു എതിരഭിപ്രായവുമില്ല. അപ്പോൾ ഡപ്യൂട്ടി കമ്മീഷണർ ഹദ്റത്ത് മൗലവി സാഹിബിനോടു പറഞ്ഞു, ശരി, താങ്കൾക്കു കെട്ടിട നിർമ്മാണം തുടരാം. ശേഷം അദ്ദേഹം തിരിച്ചു പോയി.

അപ്പോൾ തഹ്സിൽദാർ ഹദ്റത്ത് മൗലവി സാഹിബിന്റെ അടുക്കൽ വന്നിട്ടു പറഞ്ഞു, സർക്കാർ ഭൂമി ഇത്തരത്തിൽ ഒറ്റയടിക്കു പതിച്ചു നൽകാൻ അയാൾക്കു എന്തധികാരമാണുള്ളത്. അയാൾക്കു യാതൊരധികാരവുമില്ല. അതുകൊണ്ട് ഇതു ഡപ്യൂട്ടി കമ്മീഷണറുടെ 'വെറും വാക്കായി' കരുതിക്കോളൂ അതായത് ഇതിന്നെതിരിൽ വേറെ ഉത്തരവുണ്ടായേക്കാം എന്നർഥം. ഹദ്റത്ത് മൗലവി സാഹിബ് അദ്ദേഹത്തോടു അൽപം ഗൗരവത്തിലും നീരസം പ്രകടിപ്പിച്ചു കൊണ്ടു പറഞ്ഞു നിങ്ങൾ അധികം സംസാരിക്കരുത്. ഡപ്യൂട്ടി കമ്മീഷണർ വളരെ ദൂരം പോയ ശേഷം എന്തോ ആലോചിച്ചു തിരിച്ചു വന്നു. എന്നിട്ട് ഹദ്റത്ത് മൗലവി സാഹിബിനോടു പറഞ്ഞു, ഹൈവേയുടെ ഒരു ഭാഗത്തു കൂടി ഒരു വലിയ ഓട ഒഴുകുന്നുണ്ട്. അത് നിങ്ങളുടെ കെട്ടിടത്തിനു ഒരു പ്രശ്നമായേക്കാം. അതിനു വല്ല പരിഹാരവും നിങ്ങൾ കാണുന്നുണ്ടോ? ഹദ്റത്ത് മൗലവി സാഹിബ് പറഞ്ഞു, താങ്കൾ വളരെ പരിചയസമ്പന്നനും ബുദ്ധിമാനുമാണ്. അതുകൊണ്ട് താങ്കൾ തന്നെ അതിനൊരു പരിഹാരം നിർദ്ദേശിച്ചാലും.

അപ്പോൾ മുൻസിപ്പൽ അധികൃതരോടും തഹ്സിൽദാറോടുമായി അദ്ദേഹം പറഞ്ഞു, മുൻസിപ്പാലിറ്റിയുടെ ഭാഗത്തു നിന്നു ഇദ്ദേഹത്തിന്റെ കെട്ടിടത്തിന്റെ പിറകിൽ ഒരു ബണ്ട് (ചിറ) നിർമ്മിച്ചു കൊടുക്കണം. എന്നിട്ടു ചോദിച്ചു എന്താ നിങ്ങൾക്ക് വല്ല എതിരഭിപ്രായവുമുണ്ടോ? എല്ലാവരും പറഞ്ഞു ഇല്ല. അതു കേട്ടപ്പോൾ ഡപ്യൂട്ടി കമ്മീഷണർ വീണ്ടും യാത്രയായി. അതിനുശേഷം മുൻസിപ്പൽ കമ്മീഷണർ ഹദ്റത്ത് മൗലവി സാഹിബിന്റെ അടുക്കൽ വന്നിട്ട് പറഞ്ഞു, ഇതെന്തൊരു വിചിത്രമായ കാര്യമാണ്. മുൻസിപ്പാലിറ്റിയുടെ കണ്ണായ സ്ഥലം നിങ്ങൾക്ക് സൗജന്യമായി നൽകപ്പെട്ടു. അതു മുൻസിപ്പാലിറ്റിക്കു നഷ്ടമായി. അതിനു പുറമെ ബണ്ട് നിർമ്മിക്കാൻ കുറഞ്ഞത് ആയിരം രൂപയെങ്കിലും ചെലവാകും. അതും മുൻസിപ്പാലിറ്റിക്കു നിങ്ങൾ കാരണം അധികച്ചിലവാണ് വന്നിരിക്കുന്നത്. അതായത് നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് പിഴകിട്ടിയത് ഞങ്ങൾക്കാണ്. അപ്പോൾ ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) അദ്ദേഹത്തോടു പറഞ്ഞു, ഇതു കാര്യം വേറെയാണ്. ഇതിനു പിറകിൽ പ്രവർത്തിക്കുന്നത് മറ്റൊരു കൈയാണു. പറഞ്ഞാൽ നിങ്ങൾക്കതൊന്നും മനസ്സിലാവുകയില്ല. അങ്ങനെ അല്ലാഹുവിന്റെ പ്രത്യേക സഹായത്തോടെ കെട്ടിട നിർമ്മാണം പൂർത്തിയായി.

കെട്ടിട നിർമ്മാണം പൂർത്തിയായതോടു കൂടി ക്ലിനിക്കിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. അതോടൊപ്പം അവിടെ മതപഠന ക്ലാസ്സും തുടങ്ങി. രോഗികൾക്കു കൃത്യമായ ചികിത്സ ലഭിച്ചിരുന്നതോടൊപ്പം തന്നെ ഇവിടെ ഖുർആനും ഹദീസും മറ്റു മതപരമായ ക്ലാസ്സുകളും നടക്കാൻ തുടങ്ങി. പാവങ്ങൾക്കും പണക്കാർക്കും പൊതുവിൽ എല്ലാവർക്കും ഒരുപോലെ അതൊരു അനുഗ്രഹമായിരുന്നു. തിരക്കു പിടിച്ച ദിനങ്ങൾ തിരിച്ചു വന്നു. ഹദ്റത്ത് മൗലവി സാഹിബ് ചികിത്സയിലും മതപഠന ക്ലാസ്സിലും മുഴുകി. പക്ഷേ, കെട്ടിട നിർമ്മാണത്തിനായി ഹിന്ദു സ്നേഹിതനിൽ നിന്നും വാങ്ങിയ ആയിരത്തി ഇരുനൂറു രൂപയുടെ കടം ഹദ്റത്ത് മൗലവി സാഹിബിന്റെ മനസ്സിനെ വല്ലാതെ വേവലാതിപ്പെടുത്താൻ തുടങ്ങി. അല്ലാഹുവിന്റെ സഹായമുണ്ടാകുമെന്ന ഉറച്ച വിശ്വാസമുണ്ടെങ്കിലും മനുഷ്യസഹജമായ ഭയം. കടക്കാരൻ പെട്ടെന്നു പണം ആവശ്യപ്പെടുകയാണെങ്കിൽ എന്തു ചെയ്യും എന്നതായിരുന്നു അദ്ദേഹത്തിന്റെ ചിന്തയും വേവലാതിയും (തുടരും)

**കടപ്പാട് & അവലംബം**


1. ഹയാത്തെ നൂർ By മൌലാനാ അബ്ദുൽ ഖാദർ സാഹിബ് സൌദാഗർ മൽ. റബ്വാ

2. താരീഖെ അഹ്മദിയ്യത്ത് വാല്യം കകക By മൌലാനാ ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബ് റബ്വാ

3. മിർഖാത്തുൽ യഖീൻ ഫീ ഹയാതി നൂറുദ്ദീൻ By അക്ബർ ശാഹ് ഖാൻ സാഹിബ്. നജീബാബാദി.

4. ഹദ്റത്ത് മൌലവി നൂറുദ്ദീൻ സാഹിബ് (English) By ഹദ്റത്ത് സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് (റ)

5. സവാനിഹ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ By റസിയ ദർദ് സാഹിബ കറാച്ചി.

6. അൽ ഫസ്ൽ ഉറുദു ദിനപത്രങ്ങൾ റബ്വാ.

ഇസ്‌ലാമും സെക്കുലർ ഡെമോക്രസിയും 6

# മതത്തെ രാഷ്ട്രമാക്കി മാറ്റുവാൻ സാദ്ധ്യമാണോ?

മനുഷ്യാത്മാവിന്റെ മുന്നിൽ ഒരു ആത്മീയ നിവേദനമായി സമർപ്പിക്കപ്പെട്ട സ്നിഗ്ദ സുന്ദരവും ആർദ്രപൂർണ്ണവുമായ ഇസ്‌ലാം മതത്തെ അധികാര മൂർത്തമായ രാഷ് ട്രമാക്കി പരിവർത്തിപ്പിക്കാൻ ഒരിക്കലും സാദ്ധ്യമല്ല

എ.എം. മുഹമ്മദ് സലീം

ജനാധിപത്യം സ്വീകരിച്ച ആധുനിക രാഷ്ട്രങ്ങളിൽ സെക്കുലർ സങ്കൽപ്പത്തിന്റെ കേന്ദ്ര വിഷയം രാഷ്ട്രം മതത്തിലും മതം രാഷ്ട്ര കാര്യങ്ങളിലും ഇടപെടാതിരിക്കുകയെന്നതാണ്. മദ്ധ്യകാല യൂറോപ്പിൽ മതവും അധികാരത്തിന്റെ മൂർത്ത രൂപമായ രാഷ്ട്രവും കൂടിച്ചേർന്നപ്പോൾ സംഭവിച്ച ഇരുണ്ടനൂറ്റാണ്ടുകളുടെ തിക്ത യാഥാർത്ഥ്യങ്ങൾ നാം ചർച്ച ചെയ്തതാണ്. സെക്കുലർ ജനാധിപത്യത്തിൽ രാഷ്ട്രത്തിൽ മതം വ്യക്തിസ്വാതന്ത്ര്യത്തിന്റെ ഭാഗമാണ്. വ്യക്തിക്ക് അവനിഷ്ടമുള്ള ഏത് മതവും വിശ്വസിക്കാനും അത് ആചരിക്കാനും പ്രചരിപ്പിക്കാനും ഇഷ്ടമില്ലെങ്കിൽ ആ മതത്തിൽ നിന്ന് വിട്ടുപോവാനും അവകാശമുണ്ടായിരിക്കുകയും സ്റ്റേറ്റ് ഈ അവകാശം പരിരക്ഷിക്കുകയും വേണം. സ്റ്റേറ്റ് ഒരു മതത്തേയും നേരിട്ട് പ്രോത്സാഹിപ്പിക്കുകയോ ഒരു പ്രത്യേക മതത്തിന്ന് സാമ്പത്തിക സഹായം ചെയ്യുകയോ ചെയ്യാൻ പാടുള്ളതല്ല. അതെല്ലാം മതവിശ്വാസികൾ തന്നെ കണ്ടെത്തേണ്ടതാണ്. ഇന്ന വിശ്വാസം സ്വീകരിച്ചു കൊള്ളണമെന്നോ ഇന്ന വിശ്വാസത്തിൽ നിന്ന് വിട്ടു പോവാൻ പാടില്ലെന്നോ ആരേയും നിർബന്ധിക്കാൻ സ്റ്റേറ്റിന് യാതൊരധികാരവുമില്ല. ഇങ്ങനെ രാഷ്ട്രത്തിൽ നിന്നും മതം വിട്ടു നിൽക്കണമെന്ന നിലപാടാണ് സെക്കുലറിസം സ്വീകരിക്കുന്നത്. അത്യന്തം വികാര സാന്ദ്രമായ മതം അധികാര സ്വരൂപങ്ങളിൽ നേരിട്ട് ആസനസ്ഥരാകുന്നത് ഒരിക്കലും മതകീയ ജീവിതത്തിന്നും സിവിൽ ജീവിതത്തിന്നും ഭൂഷണമാവില്ല. ഇത് നീതിയുടെ നിലപാടാണ് സെക്കുലറിസത്തിന്റെ ഈ സിദ്ധാന്തം ഇസ്‌ലാംമതവുമായി പൊരുത്തപ്പെട്ടു പോകുമോ എന്നുള്ളതാണ് ചർച്ചാ വിഷയം.

സെകുലറിസം സംബന്ധിച്ച ഒരു വൈരുദ്ധ്യമെന്തെന്നാൽ, മുസ്‌ലിംകൾ ന്യൂനപക്ഷീയരായ ഇന്ത്യയെയും ബ്രിട്ടനെയും അമേരിക്കയേയും പോലെയുള്ള രാജ്യങ്ങളിൽ ഭൂരിപക്ഷ മതത്തിന്റെ സ്വാധീനം ഭരണകൂടത്തിൽ ഉണ്ടാവാൻ പാടില്ലെന്നും ന്യൂനപക്ഷത്തിന്റെ മതസ്വാതന്ത്ര്യത്തെ ഹനിക്കുന്ന യാതൊരു വിധ തീരുമാനങ്ങളും ഉണ്ടാവാൻ പാടില്ലെന്നും മുസ്‌ലിംകൾ ആഗ്രഹിക്കുന്നു. എന്നാൽ മുസ്‌ലിം ഭൂരിപക്ഷരാജ്യമായ സൗദി അറേബ്യയും പാക്കിസ്ഥാനും സെക്കുലരിസം സ്വീകരിക്കേണ്ടതല്ലേ എന്ന കാര്യത്തിൽ വ്യക്തമായ തീരുമാനം അവർ പറയുന്നില്ല. ഏത് അവസരത്തിലും എല്ലാവരോടും തുല്യനീതിയും നിഷ്പക്ഷതയും ഉയർത്തിപിടിക്കാൻ പറഞ്ഞ വിശുദ്ധ ഖുർആന്റെ തത്വങ്ങൾക്ക് നിരക്കുന്ന നിലപാടല്ല ഇത്. ഹിന്ദു ഭൂരി പക്ഷരാജ്യമായ ഇന്ത്യയിൽ ന്യൂനപക്ഷങ്ങൾക്ക് ഭരണഘടനാപരമായി ലഭിക്കുന്ന അവകാശങ്ങൾ മുസ്‌ലിം രാജ്യങ്ങളിൽ അന്യമതസ്ഥർക്ക് വകവെച്ചു കൊടുക്കുന്നുണ്ടോ? ചില മുസ്‌ലിം കക്ഷികൾ മത സ്വാതന്ത്ര്യത്തെ പറ്റിവെച്ചു പുലർത്തുന്ന ധാരണങ്ങൾ അങ്ങേയറ്റം മനുഷ്യത്വ വിരുദ്ധവും പ്രാകൃതവും ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങൾക്ക് എതിരുമാണ്. ആ വിഷയം ഇവിടെ വിടുകയാണ്.

### മതത്തെ രാഷ്ട്രമാക്കി മാറ്റുവാൻ സാധ്യമാണോ?

മതവും രാഷ്ട്രവും തികച്ചും വ്യത്യസ്ത രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. അതിനാൽ മതം രാഷ്ട്രത്തിലും

രാഷ്ട്രം മതത്തിലും ഇടപെടാൻ പാടില്ല എന്നാണ് സെക്കുലർ സങ്കൽപ്പം. ഇതിന്ന് കടകവിരുദ്ധമായാണ് മത രാഷ്ട്ര വാദികൾ പറയുന്നത്. മതത്തെ രാഷ്ട്രീയത്തിൽ നിന്ന് വേർപെടുത്താൻ പാടില്ലെന്നുമാത്രമല്ല മതം തന്നെ ഒരു രാഷ്ട്രീയ വ്യവസ്ഥയാണ് എന്നാണ് വാദം. അധികാരമില്ലെങ്കിൽ മതം പൂർണ്ണമാവില്ല എന്നാണ് അവർ പറയുന്നത്. ഈ വാദം നിഷ്ക്കളങ്കരായ മുസ്‌ലിംകളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നു. രാഷ്ട്രം എന്നത് അധികാരബലത്തിന്റെ കാണപ്പെട്ട രൂപമാണ്. പരമാധികാരമാണ് (Sovereignty) രാഷ്ട്രത്തിന്റെ ഒഴിച്ചുകൂടാനാകാത്ത ഘടകം. പരമാധികാരമാവട്ടെ ഏറെക്കുറെ അമൂർത്തവും നിരവധി വ്യത്യസ്ത നിർവ്വചനങ്ങളുള്ളതുമായ ഒരു ആശയവുമാണ്. സ്വന്തം അധികാര പരിധിക്കുള്ളിൽ കൽപ്പനകൾ നടത്താനും ആ കൽപ്പനകൾ ബലാൽ നടപ്പാക്കാനുമുള്ള പരമമായ അവകാശമാണ് രാഷ്ട്രത്തിന്റെ പരമാധികാരം എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. രാഷ്ട്രം ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നത് മതം ലക്ഷ്യം നേടുന്നത് പോലെയല്ല. ഉപദേശവും അനുനയവും രാഷ്ട്രത്തിന്റെ നിയമാനുസാരമുള്ള പരുക്കൻ കരങ്ങൾക്ക് യോജിച്ചതല്ല. മതം മനുഷ്യ ഹൃദയങ്ങളോടാണ് സംവദിക്കുന്നത്.

രാഷ്ട്രത്തോട് എതിർത്തു നിൽക്കാനോ വിയോജിച്ചു നിൽക്കാനോ രാജ്യത്തിനകത്ത് മറ്റൊരു സ്ഥാപനവുമില്ല. അധികാരത്തോട് ഭ്രാന്തമായ അഭിനിവേശമുള്ള ഫാസിസമാണ് രാഷ്ട്രത്തെ അപകടകരമായ ഒരു സ്ഥാപനമാക്കി മാറ്റുന്നത്. ദൈവത്തെപോലെ ആരാധ്യമായ ഒരു മൂർത്തിയാണ് രാഷ്ട്രമെന്നാണ് ഫാസിസ്റ്റ് സങ്കൽപ്പം. ഫാസിസ്റ്റ് ആദർശത്തിന്ന് പിന്തുണ ലഭിച്ചത് ജർമ്മൻ ആശയ വാദിയായ ഹെഗേലിന്റെ ചിന്തകളിൽ നിന്നാണ്. 'രാഷ്ട്രം എന്നാൽ ഭൂമിയിലെ ദൈവത്തിന്റെ പ്രസ്ഥാനമാണെന്നാണ്' (State is the march of God on earth) അദ്ദേഹം പറഞ്ഞത്. രാഷ്ട്രം നൈതികവും പരമാധികാരിയുമായ ഒരു സ്ഥാപനമാണെന്നും അതിന്റെ സർവ്വവലയിതമായ സ്വത്വം അപ്രമാദിത്വമുള്ളതാണെന്നും രാഷ്ട്രത്തിന്ന് വേണ്ടി മനുഷ്യൻ ബലിയാവണമെന്നും ഹെഗേൽ വാദിച്ചു. ഈ ദർശനം ജർമ്മനിയുടെ പിൽക്കാല ചരിത്രത്തിലുണ്ടാക്കിയ മാരകമായ പ്രത്യാഘാതങ്ങളായിരുന്നു ഹിറ്റ്ലറുടെ നാസിസവും ഇറ്റലിയിലെ ബെന്നറ്റ് മുസ്സോളനിയുടെ ഫാസിസവും. ഫാസിസ്റ്റ് സിദ്ധാന്ത പ്രകാരം രാഷ്ട്രം ഒരു ഒരു അതിമാനുഷ സ്ഥാപനമാണ്. രാഷ്ട്രവും വ്യക്തിയുമായി തട്ടിച്ചുനോക്കുമ്പോൾ വ്യക്തി ഒന്നുമല്ല. രാഷ്ട്രം തന്നെയാണ് സർവ്വസ്വവും. രാഷ്ട്രം എന്നത് ഏതെങ്കിലും ഒരു സാമൂഹിക ലക്ഷ്യം നേടാനുള്ള ഒരു മാർഗ്ഗമല്ല അത് സ്വയം തന്നെ ഒരു ലക്ഷ്യമാണ്. രാഷ്ട്രത്തിന്റെ താൽപര്യങ്ങൾക്കപ്പുറത്ത് വ്യക്തിക്ക് താൽപര്യങ്ങളില്ല. വ്യക്തി ആത്മ സാക്ഷാത്ക്കാരം നേടുന്നത് തന്നെ രാഷ്ട്രത്തിന്ന് സ്വയം സമർപ്പിക്കുമ്പോൾ മാത്രമാണ്. രാഷ്ട്രത്തിന്ന് വെളിയിൽ സ്വകാര്യ താൽപര്യങ്ങളുണ്ടെന്ന ചിന്തപോലും പാടില്ല. അതുണ്ടാകുകയാണെങ്കിൽ ആ വ്യക്തിക്ക് കാര്യമായ ഏന്തെങ്കിലും തകരാറുണ്ടെന്ന് വ്യക്തമാണ്. അങ്ങനെ കരുതുന്ന വ്യക്തി തന്റെ യഥാർത്ഥ സ്വാതന്ത്ര്യം എവിടെ സ്ഥിതി ചെയ്യുന്നുവെന്ന് മനസ്സിലാക്കുന്നില്ല. അത്കൊണ്ട് ചോദ്യം ചെയ്യപ്പെടാതെ രാഷ്ട്രത്തിന്റെ ഇച്ഛക്ക് പൂർണ്ണമായും വിധേയനായി പൗരൻ ജീവിക്കണം. അതുകൊണ്ടാണ് ഹിറ്റ്ലർ പറഞ്ഞത് ആര്യൻ രാഷ്ട്രത്തെ അനുസരി

ഫാസിസ്റ്റ് സിദ്ധാന്ത പ്രകാരം രാഷ്ട്രം ഒരു ഒരു അതിമാനുഷ സ്ഥാപനമാണ്. രാഷ്ട്രവും വ്യക്തിയുമായി തട്ടിച്ചുനോക്കുമ്പോൾ വ്യക്തി ഒന്നുമല്ല. രാഷ്ട്രം തന്നെയാണ് സർവ്വസ്വവും. രാഷ്ട്രം എന്നത് ഏതെങ്കിലും ഒരു സാമൂഹിക ലക്ഷ്യം നേടാനുള്ള ഒരു മാർഗ്ഗമല്ല അത് സ്വയം തന്നെ ഒരു ലക്ഷ്യമാണ്. രാഷ്ട്രത്തിന്റെ താൽപര്യ ങ്ങൾക്കപ്പുറത്ത് വ്യക്തിക്ക് താൽപര്യങ്ങളില്ല. വ്യക്തി ആത്മ സാക്ഷാത്ക്കാരം നേടുന്നത് തന്നെ രാഷ്ട്രത്തിന്ന് സ്വയം സമർപ്പിക്കുമ്പോൾ മാത്രമാണ്. രാഷ്ട്രത്തിന്ന് വെളിയിൽ സ്വകാര്യ താൽപര്യങ്ങളുണ്ടെന്ന ചിന്തപോലും പാടില്ല. അതുണ്ടാകുകയാണെങ്കിൽ ആ വ്യക്തിക്ക് കാര്യമായ ഏന്തെങ്കിലും തകരാറുണ്ടെന്ന് വ്യക്തമാണ്. അങ്ങനെ കരുതുന്ന വ്യക്തി തന്റെ യഥാർത്ഥ സ്വാതന്ത്ര്യം എവിടെ സ്ഥിതി ചെയ്യുന്നുവെന്ന് മനസ്സിലാക്കുന്നില്ല. അത്കൊണ്ട് ചോദ്യം ചെയ്യപ്പെടാതെ രാഷ്ട്രത്തിന്റെ ഇച്ഛക്ക് പൂർണ്ണമായും വിധേയനായി പൗരൻ ജീവിക്കണം. അതുകൊണ്ടാണ് ഹിറ്റ്ലർ പറഞ്ഞത് ആര്യൻ രാഷ്ട്രത്തെ അനുസരിക്കുന്നതിൽ കവിഞ്ഞൊരു ആനന്ദം ജർമ്മൻ പൗരനില്ല എന്ന്. അങ്ങനെയാണ് രാഷ്ട്രം എന്ന അധികാര സ്ഥാപനം അധികാര പൂജകരായ ഫാസിസ്റ്റുകൾക്ക് ദൈവത്തോട് താദാത്മ്യം പ്രാപിക്കുന്ന ഒരു അതിമാനുഷ സ്ഥാപനമായി മാറുന്നത്.

ക്കുന്നതിൽ കവിഞ്ഞൊരു ആനന്ദം ജർമ്മൻ പൗരനില്ല എന്ന്. അങ്ങനെയാണ് രാഷ്ട്രം എന്ന അധികാര സ്ഥാപനം അധികാര പൂജകരായ ഫാസിസ്റ്റുകൾക്ക് ദൈവത്തോട് താദാത്മ്യം പ്രാപിക്കുന്ന ഒരു അതിമാനുഷ സ്ഥാപനമായി മാറുന്നത്.

സ്റ്റേറ്റിനോടുള്ള കമ്മ്യൂണിസ്റ്റ് സമീപനം കൂടി ഈ അവസരത്തിൽ പരാമർശിക്കുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു. ദേശീയത അവസാനം രാഷ്ട്രമായി പരിണമിക്കുമെന്നും അത് പരിപാവനമാണെന്നും ദൈവത്തിന്റെ ഭൂമിയിലെ പ്രകടനമാണെന്നും പറഞ്ഞ ആശയവാദിയായ ഹെഗേലിന്റെ വീക്ഷണത്തിന്ന് വിരുദ്ധമായി സമൂഹത്തിന്റെ വികാസ ദശയിൽ ബൂർഷ്വാസി കണ്ടെത്തിയ ഒരു മർദ്ദനോപാധിയാണ് രാഷ്ട്രം എന്നാണ് മാർക്സ് പറഞ്ഞത്. വർഗ്ഗ രഹിത സമൂഹത്തിന്റെ ആവിർഭാവത്തിന്ന് ശേഷം അത് നിഷ്ക്രമിക്കുമെന്നും അദ്ദേഹം പ്രവചിക്കുകയുണ്ടായി. State will wither away എന്ന മാർക്സിയൻ വചനം പ്രസിദ്ധമാണല്ലോ. വിപ്ലവത്തിന്റെ സംഹാരാത്മകമായ രണഭേരികൾക്ക് നടുവിൽ മുഴങ്ങിയ മാർക്സിസത്തിന്റെ മാനവീയ ദർശനത്തിന്റെ ഉട്ടോപ്യൻ സ്വപ്നമായിരുന്നു അധികാര സ്ഥാപനത്തെക്കുറിച്ച് മാർക്സ് നടത്തിയ ഈ കൊഴിഞ്ഞു പോക്ക് പരാമർശം. പക്ഷേ മാർക്സിയൻ കമ്മ്യൂണിസം റഷ്യയിൽ നടപ്പാക്കിയ സ്റ്റാലിൻ സംസാരിച്ചത് സ്റ്റേറ്റിന്റെ അപ്രതിരോധ്യമായ ശക്തിയേയും ബലത്തേയും വാഴ്ത്തിക്കൊണ്ടായിരുന്നു. രാഷ്ട്രത്തെ അദ്ദേഹം ഇരുമ്പുമറയാക്കി (Iron curtain) മാറ്റി. **'ലക്ഷക്കണക്കിനാളുകളെക്കൊണ്ട് ഉൽപ്പാദനത്തിലും വിതരണത്തിലും ഒരു ഏകീകൃത മാനദണ്ഡം കർശനമായി അനുസരിപ്പിക്കുന്ന ഒരു ആസൂത്രിത ഭരണ സംവിധാനം കൂടാതെ സോഷ്യലിസത്തെ പറ്റി ചിന്തിക്കാനാവില്ലെന്ന് സോവ്യറ്റ് സ്റ്റേറ്റിന്റെ ആദ്യവർഷങ്ങളിൽ തന്നെ ലെനിൻ പ്രഖ്യാപിക്കുകയുണ്ടായി..... കർശനമായ അച്ചടക്കവും ക്രമ പരിപാലനവും കൂടാതെ സോഷ്യലിസ്റ്റ് ജനാധിപത്യം നടപ്പാക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള മൊഴികളുടെ മറപിടിച്ചു കൊണ്ട് രാജ്യതാൽപര്യങ്ങൾക്കും പൗരന്മാരുടെ അവകാശങ്ങൾക്കും സ്വാതന്ത്ര്യങ്ങൾക്കും ദോഷം ചെയ്യാൻ ശ്രമിച്ചാൽ അതനുവദിക്കാൻ സോവ്യറ്റ് സ്റ്റേറ്റിന്ന് നിവർത്തിയില്ല.' (മാർക്സിസ്റ്റ് ലെനിനിസ്റ്റ് സിദ്ധാന്തത്തിന്റെ അടിസ്ഥാന തത്വങ്ങൾ പേ.281,283)** 1939 ലെ റിപ്പോർട്ടിൽ കമ്മ്യൂണിസ്റ്റ് സ്വേച്ഛാധിപതിയായ സ്റ്റാലിൻ പറഞ്ഞത്, മാർസും ഏംഗൽസും പറഞ്ഞ രാഷ്ട്രത്തിന്റെ കൊഴിഞ്ഞു പോക്കിനെ പറ്റിയുള്ള യഥാർത്ഥ അർത്ഥം വിമർശകർക്ക് മനസ്സിലായിട്ടില്ല എന്നാണ്.

മൗലാനാ മൗദൂദി ചിന്തിച്ചു തുടങ്ങിയ രണ്ടാം ലോക മഹായുദ്ധത്തിന് മുമ്പുള്ള കാലഘട്ടത്തിൽ ഫാസിസവും നാസിസവും ആവേശകരമായി മുന്നേറുന്ന ഒരു കാലഘട്ടമായിരുന്നു എന്ന പ്രത്യേകതയുമുണ്ട്. മൗലാന മൗദൂദിയുടെ ചിന്തകളെ രൂപപ്പെടുത്തിയത് കമ്യൂണിസവും ഫാസിസവുമാണെന്ന് പ്രത്യക്ഷത്തിൽ തന്നെ വ്യക്തമാണ്. ഇസ്ലാമിക രാഷ്ട്രം അത്തരത്തിലായിരിക്കുമെന്നത് അദ്ദേഹത്തിന്റെ അവകാശ വാദവുമായിരുന്നു. ഇന്നത്തെ പോലെയുള്ള എതിർപ്പ് ഫാസിസത്തോട് അന്ന് കമ്മ്യൂണിസ്റ്റുകാരും കാണിച്ചിരുന്നില്ല എന്നത് വസ്തുതയാണ്. രണ്ടാം ലോക മഹായുദ്ധകാലത്ത് എതിർ ചേരിയിലായി യുദ്ധം ചെയ്തുവെങ്കിലും അതിന്ന് മുമ്പ് കമ്മ്യൂണിസ്റ്റ് റഷ്യയും ഫാസിസ്റ്റ് ജർമ്മനിയും തമ്മിൽ സഖ്യവും അനാക്രമണ സന്ധിയുമുണ്ടായിരുന്നു. ജർമ്മൻ വിദേശ കാര്യ മന്ത്രിയായിരുന്നു ജൊയാചിൻ വോൺ റിബൺട്രോവും സോവ്യറ്റ് യൂണിയൻ വിദേശകാര്യ ജർമ്മൻ വിദേശ കാര്യ മന്ത്രി വ്യാചസ്‌ലേവ് മൊളോട്ടോവും തമ്മിൽ 23 ആഗസ്റ്റ് 1939 ൽ ഒപ്പുവെച്ച കരാർ പ്രസിദ്ധമാണ്. 22 ജൂൺ 1941 ന്ന് ജർമ്മനി റഷ്യയെ ആക്രമിക്കുന്നത് വരെ ഈ കരാർ നിലനിന്നു. രണ്ടാം ലോക മഹായുദ്ധത്തിൽ ത്രിരാജ്യ സഖ്യത്തിന്നെതിരെ സഖ്യ കക്ഷികളുടെ ഭാഗത്ത്നിന്ന് റഷ്യ യുദ്ധം ആരംഭിച്ചപ്പോഴാണ് കമ്മ്യൂണിസം ഫാസിസത്തിനെതിരാണെന്ന പ്രചാരണത്തിന്ന് ആക്കം കൂടിയത്. അന്ന് ആശയാധിഷ്ഠിത രാഷ്ട്രത്തിന്ന് വേണ്ടി വാദിക്കുന്നവർക്ക് ആവേശം നൽകുന്നതായിരുന്നു ഫാസിസത്തിന്റെയും കമ്മ്യൂണിസത്തിന്റെയും മുന്നേറ്റങ്ങൾ. രണോത്സുകവും രാഷ്ട്രീയ പ്രബുദ്ധവുമായ ഒരു മനസ്സുണ്ടായിരുന്ന മൗലാനാ മൗദൂദി സാഹിബിന്നും ഇത്തരം ഐഡിയോളജിക്കൽ സ്റ്റേറ്റിനോടും ആഭിമുഖ്യമുണ്ടാവുക സ്വാഭാവികം. ഈ സ്വാധീനം സമ്മതിച്ചു കൊണ്ട് തന്നെ മൗദൂദി സാഹിബ് തുറന്നെഴുതുന്നത് കാണുക: **'മേൽ പറഞ്ഞ സ്വഭാവത്തോടുകൂടിയ ഒരു രാഷ്ട്രത്തിന്റെ പ്രവർത്തന വൃത്തം സങ്കുചിതവും പരിമിതവുമായിരിക്കാവതല്ലെന്ന് സ്പഷ്ടം. തീർച്ചയായും അതൊരു സാർവ്വജനീന രാഷ്ട്രമായിരിക്കും. വിശാലമായ മനുഷ്യ ജീവിതമാകമാനമാണ് ഇസ്ലാമിക രാഷ്ട്രത്തിന്റെ പ്രവർത്തന മണ്ഡലം. അത് അതിന്റേതായ സദാചാര സിദ്ധാന്തത്തിന്നും പരിഷ്ക്കരണ പരിപാടിക്കുമൊത്തു നാഗരികതയുടെ ഒരോ വശത്തേയും വാർത്തെടുക്കാനാണ് ഉദ്ദേശിക്കുന്നത്. അതിന്റെ മുമ്പിൽ ആർക്കും തന്നെ ഇത് തന്റെ സ്വകാര്യ ഇടപാടാണെന്ന് പറഞ്ഞ് ഒഴിഞ്ഞു മാറുക സാദ്ധ്യമല്ല. ഈ നിലക്ക് അതിന്ന് ഫാസിസ്റ്റ് കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളോട് ഒരു തരത്തിലുള്ള സാദൃശ്യമുണ്ടെന്ന് പറയാം'(ഇസ്ലാമിലെ രാഷ്ട്രീയ സിദ്ധാന്തം. പേ .44 . ഐ.**

പി എച്. 1992)

മൗലാന മൗദൂദി സാഹിബ് മതത്തെ (ദീൻ) സ്റ്റേറ്റ് അഥവാ രാഷ്ട്രം എന്നാണ് വിളിക്കുന്നത് എന്നതിൽ നിന്ന് തന്നെ അദ്ദേഹം അധികാരത്തിന്ന് കൊടുക്കുന്ന പ്രാധാന്യം വ്യക്തമാണല്ലോ. ഭരണമില്ലാത്ത ദീൻ ഭൂമിയിൽ സ്ഥാപിക്കപ്പെടാത്ത സങ്കൽപ്പ വീടാണെന്ന് അദ്ദേഹം സിദ്ധാന്തിക്കുന്നു. അദ്ദേഹം എഴുതുന്നു: **'ലോകത്ത് നിങ്ങൾ കണ്ടുകൊണ്ടിരിക്കുന്ന സകല ഭരണ ദൂഷ്യങ്ങളുടെയും നാരായ വേര് വാസ്തവത്തിൽ ഭരണദൂഷ്യമാകുന്നു.' (ഖുത്തുബാത്ത്-390)** രാഷ്ട്ര ഭരണവും ദൈവത്തിന്റെ ഭരണവും വിഭജനത്തിന്ന് വിധേയമല്ല എന്ന് പറഞ്ഞു കൊണ്ട് ഏറ്റവും വലിയ അധികാര സ്ഥാപനമായ രഷ്ട്രത്തെ അഥവാ രാഷ്ട്രം കൈയ്യാളുന്ന അധികാരസ്ഥരെ ദൈവത്തെപ്പോലെ അനുസരിക്കുന്ന പൂജ്യരെയും പൂജകരെയും സൃഷ്ടിക്കുകയാണ് അദ്ദേഹം ചെയ്യുന്നത്. തന്റെ ഭരണകൂടത്തിന്ന് ദൈവിക ഭരണം (ഹുകൂമത്തെ ഇലാഹിയ്യ) എന്നാണ് വിളിക്കുന്നത്. ഇങ്ങനെയൊരു വിശേഷണം നൽകുന്നത് കൊണ്ട് ദൈവം നേരിട്ട് വന്ന് പാർലമെന്റിലെത്തി അധികാര പീഠത്തിലിക്കുമെന്ന് ആരും കരുതേണ്ടതില്ല. ദൈവത്തിന് വേണ്ടി അതെല്ലാം ചെയ്യുന്നത് അദ്ദേഹമോ അദ്ദേഹത്തിന്റെ പാർട്ടിയായ ജമാഅത്തെ ഇസ്‌ലാമിയോ ആയിരിക്കും. മറ്റു പ്രജകൾ ഈ ഭരണം ദൈവിക ഭരണമാണെന്ന് വിശ്വസിച്ച് ഈ ആൾ ദൈവങ്ങളെ അനുസരിച്ച് ജീവിക്കുകയാണ് വേണ്ടത്. അദ്ദേഹം എഴുതുന്നു: **'സൃഷ്ടിക്കുക, ആഹാരം നൽകുക, ജീവിപ്പിക്കുക, മരിപ്പിക്കുക, സൂര്യചന്ദ്രന്മാരെ അധീനപ്പെടുത്തുക, രാപ്പകലുകൾ കറക്കുക എന്നിവയും വിധി നിർണ്ണയവും ഭരണാധികാരവും രാജത്വവും ശാസനാധികാരവും നിയമനിർമ്മാണാധികാരവും എല്ലാം തന്നെ ഒയൊരു സമഗ്രാധിപത്യ ഭരണ കർത്തൃത്വത്തിന്റെ വ്യത്യസ്ത വിഭാഗങ്ങളാണ്. ഈ സമഗ്രാധിപത്യ ഭരണകർതൃത്വം വിഭജനത്തിന്ന് വിധേയമല്ല. ഒരാൾ അല്ലാഹുവിന്റെ കൽപ്പന അവലംബിക്കാതെ മറ്റാരുടെയെങ്കിലും കൽപ്പന നിർബന്ധമായും അനുസരിക്കേണ്ടതാണെന്ന് വിശ്വസിക്കുന്നുവെങ്കിൽ അല്ലാഹുവല്ലാത്തവരെ വിളിച്ച് പ്രാർത്ഥിക്കുന്നത് പോലെ ശിർക്കാണ് അദ്ദേഹം ചെയ്യുന്നത്.' (ഇലാഹ് റബ്ബ് ഇബാദത്ത് ദീൻ പേ 40)** അധികാര പൂജകരായ ഫാസിസറ്റുകളുടെ ആചാര്യനായ ഹെഗേൽ രാഷ്ട്രത്തെ ദൈവവുമായി തദാത്മ്യം ചെയ്തു കൊണ്ട് പറഞ്ഞത് ഓർക്കുക. വാസ്തവത്തിൽ സ്റ്റേറ്റ് (State) അഥവാ രാഷ്ട്രം എന്ന അർത്ഥത്തിൽ വിശുദ്ധ ഖുർആനിൽ ഒരൊറ്റപദവുമില്ല. സ്റ്റേറ്റ് എന്ന ആ പദം താരതമ്യേന അധുനിക കാലത്ത് ദേശരാഷ്ട്രങ്ങളുടെ വളർച്ചയുമായി ബന്ധപ്പെട്ട് യൂറോപ്യൻ ഭാഷയിൽ നിന്ന് രാഷ്ട്രതന്ത്ര വിജ്ഞാനീയത്തിക്കേ് കയറി വന്ന ഒരു പദമാണ്. യൂറോപ്പിൽ റോമൻ നിയമങ്ങൾ നിലവിലുണ്ടായിരുന്ന മദ്ധ്യകാലത്തെ ക്രിസ്തു മത രാഷ്ട്രങ്ങളിൽ വ്യക്തികളുടെ രാഷ്ട്രീയ സ്ഥാനങ്ങൾ സൂചിപ്പിക്കാനാണ് സ്റ്റേറ്റ് എന്ന പദം വ്യഹരിച്ചിരുന്നത്. മദ്ധ്യകാല യൂറോപ്പിൽ എസ്റ്റേറ്റ് ഓഫ് റിലം (Estates of the realm) എന്ന പേരിൽ പൗരന്മാരെ പുരോഹിതന്മാർ (Clerics- ഒന്നാം എസ്റ്റേറ്റ്) പ്രഭുക്കന്മാർ ( Nobles- രണ്ടാം എസ്റ്റേറ്റ്) സാധാരണക്കാർ (Commons- മൂന്നാം എസ്റ്റേറ്റ്) എന്നിങ്ങ

---

മതം എന്ന നിലക്ക് രാഷ്ര്ട്ത്തിന്റേത് പോലെ അധികാരത്തിന്റെ ഏന്തെങ്കിലും സമ്മർദ്ദങ്ങൾ ചെലുത്താൻ ആഹ്വാനം ചെയ്യുന്ന ഒരു വചനം പോലും ഖുർആനിലില്ല എന്ന് മാത്രമല്ല മതത്തിന്റെ പേരിൽ അധികാരം ചെലുത്തുന്നത് അനിസ്‌ലാമികവും പാപവുമാണെന്നും വിശുദ്ധ ഖുർആൻ പറയുന്നു. അധികാര പരാഗങ്ങൾ ഒട്ടുമില്ലാത്ത ഒരു ആത്മീയ നിവേദനമായാണ് ഇസ്‌ലാം സമർപ്പിക്കപ്പെട്ടിട്ടുള്ളത്. വിശുദ്ധ ഖുർആൻ പറയുന്നു: **'മതത്തിൽ യാതൊരു വിധ അധി കാരബല പ്രയോഗവുമില്ല.'(2:257)** ഖുർആന്റെ ഈ ഉജ്ജ്വല പ്രഖ്യാപ നം ഇസ്‌ലാമിനെ രാഷ്ട്രമാക്കി മാറ്റാനുള്ള എല്ലാ ശ്രമങ്ങളുടെയും സാധ്യതയും സാധുതയും എക്കാല ത്തും ഇല്ലാതാക്കിയിരിക്കുകയാണ്. വളരെയേറെ ഉദ്ദരിക്കപ്പെടുന്ന ഈ സൂക്തം അഗാധമായ അർത്ഥങ്ങളുള്ള ഒരു വചനമാണ്. ഇസ്‌ലാം മനുഷ്യ ഹൃദയത്തെയാണ് അഭിസംബോധന ചെയ്യുന്നത് എന്ന് ഈ വചനം പ്രഖ്യാപിക്കുന്നു. ഖുർആ ന്റെ മറ്റൊരു വചനം നോക്കൂ: **'നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നു വെങ്കിൽ ഭൂതലത്തിലുള്ള എല്ലാവ രും വിശ്വസിച്ചേനെ, എന്നിരിക്കെ ആളുകൾ വിശ്വാസികളായി തീരു ന്നതിന്ന് നീ അവർക്ക് നേരെ ബലം പ്രയോഗിക്കുമോ? '** (10:10)

നെ മൂന്ന് എസ്റ്റേറ്റു കളായിട്ടാണ് അഥവാ വിഭാഗങ്ങളായിട്ടായിന്നു തിരിച്ചിരുന്നത്. രാഷ്ട്രീയാർത്ഥ ത്തിൽ ആ പദത്തിന്റെ ആദ്യ ഉപയോഗം ഇത്തരത്തിലാണ്. ആധുനികമായി രാഷ്ട്രം എന്ന അർത്ഥത്തിൽ സ്റ്റേറ്റ് എന്ന പദം ഉപയോഗിച്ചത് പ്രശസ്ത ഇറ്റാലിയൻ രാഷ്ട്രതന്ത്ര വിജ്ഞാനിയായിരുന്ന മാക്കി യവല്ലി(Machiavelli) തന്റെ പ്രിൻസ് (The Prince) എന്ന് പുസ്തകത്തിലാണ്.

സമഷ്ടി എന്ന അർത്ഥത്തിൽ ഖുർആൻ പ്രയോഗിച്ച പദം നാസ്, ഉമ്മത്ത്, ഖൗം എന്നീ പദങ്ങൾ ജനസമൂഹം എന്ന അർത്ഥത്തി ലാണ്. അതുകൊണ്ടാണ് അതിന്ന് മുമ്പൊരിക്കലും രാഷ്ട്രം എന്ന അർത്ഥത്തിൽ ഉപയോഗിച്ചിട്ടില്ലാത്ത **'ദീൻ'** എന്ന പദം അനേകം വ്യാഖ്യാന കസറത്തുകൾ നടത്തി രാഷ്ട്രം എന്ന അർത്ഥം അതിൽ കൃത്രിമമായി അദ്ധ്യാരോപിക്കാൻ മൗലാനാ മൗദൂദി ധൃഷ്ടനായത്. ചുരുക്കത്തിൽ മതത്തെ രാഷ്ട്രമാ ക്കി മാറ്റാൻ ഒരിക്കലും ഇസ്‌ലാം അനുവദിക്കുന്നില്ല.

മതം എന്ന നിലക്ക് രാഷ്ട്രത്തി ന്റേത് പോലെ അധികാരത്തിന്റെ ഏതെങ്കിലും സമ്മർദ്ദങ്ങൾ ചെലു ത്താൻ ആഹ്വാനം ചെയ്യുന്ന ഒരു വചനം പോലും ഖുർആനിലില്ല എന്ന് മാത്രമല്ല മതത്തിന്റെ പേരിൽ അധികാരം ചെലുത്തുന്നത് അനിസ്‌ലാമികവും പാപവുമാണെ ന്നും വിശുദ്ധ ഖുർആൻ പറയുന്നു. അധികാര പരാഗങ്ങൾ ഒട്ടുമില്ലാത്ത ഒരു ആത്മീയ നിവേദനമായാണ് ഇസ്‌ലാം സമർപ്പിക്കപ്പെട്ടിട്ടുള്ളത്. വിശുദ്ധ ഖുർആൻ പറയുന്നു: **'മതത്തിൽ യാതൊരു വിധ അധി കാരബല പ്രയോഗവുമില്ല.'(2:257)** ഖുർആന്റെ ഈ ഉജ്ജ്വല പ്രഖ്യാപ നം ഇസ്‌ലാമിനെ രാഷ്ട്രമാക്കി മാറ്റാനുള്ള എല്ലാ ശ്രമങ്ങളുടെയും സാധ്യതയും സാധുതയും എക്കാല ത്തും ഇല്ലാതാക്കിയിരിക്കുകയാണ്. വളരെയേറെ ഉദ്ധരിക്കപ്പെടുന്ന ഈ സൂക്തം അഗാധമായ അർത്ഥങ്ങളു ള്ള ഒരു വചനമാണ്. ഇസ്‌ലാം മനുഷ്യ ഹൃദയത്തെയാണ് അഭിസം ബോധന ചെയ്യുന്നത് എന്ന് ഈ വചനം പ്രഖ്യാപിക്കുന്നു. ഖുർആ ന്റെ മറ്റൊരു വചനം നോക്കൂ: **'നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നു വെങ്കിൽ ഭൂതലത്തിലുള്ള എല്ലാവ രും വിശ്വസിച്ചേനെ, എന്നിരിക്കെ ആളുകൾ വിശ്വാസികളായി തീരു ന്നതിന്ന് നീ അവർക്ക് നേരെ ബലം പ്രയോഗിക്കുമോ? ' (10:10)**

സ്വാതന്ത്ര്യ പ്രേമികളെ ആവേശഭരിതരാക്കുന്ന വിശുദ്ധ ഖുർആന്റെ ഇത്തരം നിരവധി വചനങ്ങൾക്ക് കടകവിരുദ്ധമായി അധികാര സ്ഥാനങ്ങൾ ബലം പ്രയോഗിച്ച് കയ്യേൽക്കാൻ ആഹ്വാ നം ചെയ്യുന്ന മൗലാനാ മൗദൂദിയുടെ ഈ ഉദ്ദരണി ശ്രദ്ധിക്കുക: **'അതു കൊണ്ട് മുന്നോട്ട് കടന്ന് വന്ന് അല്ലാഹുവിനെ ധിക്കരിക്കുകയും അവന്റെ ഭൂമിയിൽ രാജ്യദ്രോഹി കളായി വർത്തിക്കുകയും ചെയ്യു ന്നവരുടെ കൈകൾ പിടിച്ചു നിർത്തുകയും അല്ലാഹുവിന്റെ പ്രാതിനിധ്യമാകുന്ന അധികാരം സ്വയംകയ്യേൽക്കുകയും ചെയ്യു ക... മനുഷ്യന്റെ മേൽ മനുഷ്യന്റെ സ്വേച്ഛാധിപത്യം ഉന്മൂലനം ചെയ്ത് അല്ലാഹുവിന്റെ മാത്രം ദിവ്യത്വവും ആധിപത്യവും സ്ഥാപിക്കുക.' (ഖുതുബാത്ത് പേ.390)** ഖുർആൻ വീണ്ടും പറയുന്നു: **'പറയുക ഇത് നിന്റെ നാഥനിൽ നിന്നുള്ള സത്യ സന്ദേശ മാകുന്നു ഇഷ്ടമുള്ളവൻ വിശ്വസി ച്ചു കൊള്ളട്ടെ ഇഷ്ടമില്ലാത്തവൻ അവിശ്വസിക്കുകയും ചെയ്യട്ടെ'** (18:30) പറയുക: **'അല്ലയോ ജനങ്ങ ളെ! നിങ്ങളുടെ നാഥനിൽ നിന്ന് ഇപ്പോളിതാ സത്യം നിങ്ങളിൽ വന്നെത്തിയിരിക്കുന്നു. ആകയാൽ ആർ സന്മാർഗത്തിൽ ചരിക്കുന്നു വോ അത് അവന്റെ ആത്മാവിന് വേണ്ടി മാത്രം, ആർ വഴിതെറ്റുന്നു വോ അത് അതിന്റെ നഷ്ടത്തിലേ ക്കും. ഞാൻ നിങ്ങളുടെ മേൽ ഒരു സൂക്ഷിപ്പുകാരനായി നിയോഗിക്ക പ്പെട്ടിട്ടില്ല. നിനക്ക് വെളിപ്പെട്ടതിനെ നീ പിന്തുടരുക. അല്ലാഹു വിധി കൽപ്പിക്കുന്നത് വരെ ഉറച്ച് നിൽക്കുകയും ചെയ്യുക. അവൻ വിധികർത്താക്കളിൽ ഉത്തമനാണ്.'** (10: 109– 110). ഇസ്‌ലാം മതത്തിൽ വിശ്വസിക്കാത്തവരെ യോർത്ത് കഠിനമായ ഹൃദയവ്യഥ അനുഭവിച്ച തിരുമേനിയെ ആശ്വസിപ്പിച്ചു കൊണ്ട് ഖുർആൻ നൽകിയ സാന്ത്വനം ശ്രദ്ധിക്കുക:**'അവർ ഈ സന്ദേശത്തിൽ വിശ്വസിക്കാത്ത പക്ഷം അവർ ഹേതുവായി ദുഃഖം നിമിത്തം നിന്റെ ജീവനെ നീ നശിപ്പിച്ചേക്കുമോ?'(18: 7)**

അതുകൊണ്ട് ഇസ്‌ലാം ഒരിക്ക ലും തന്നെ അധികാരമൂർത്തമായ മതരാഷ്ട്ര വാദം മുന്നോട്ട് വെക്കുന്നില്ല. ഇസ് ലാം മതത്തെ മതരാഷ്ട്രമാക്കി മാറ്റാനും സാദ്ധ്യ മല്ല. സ്നേഹ സംസക്തി കൊണ്ടാ ണ് പ്രവാചക തിരുമേനി (സ) ഇസ്‌ലാമിക സമൂഹം നിർമ്മിച്ചത്. അവിടുന്ന് രാഷ്ട്രം സ്ഥാപിച്ച് അതിന്റെ ശക്തിയിലാണ് ഇസ്‌ലാമി ക സമൂഹത്തെ നിർമ്മിച്ചതെന്നും വാളിന്റെ ബലം കൊണ്ടാണ് ഇസ്‌ലാമിക രാജ്യം വികസിപ്പിച്ചതെ ന്നും വാദിക്കുന്ന അധികാര കാമുകന്മാർ ഈ ഖുർആൻ വാക്യം ഒന്നോർക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഈ ലേഖനം ഉപസംഹരി ക്കട്ടെ. **'അല്ലാഹുവിന്റെ മഹത്താ യ കാരുണ്യം കൊണ്ട് തന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷസ്വഭാ വിയും കഠിന ഹൃദയനുമായിരു ന്നെങ്കിൽ അവർ നിന്റെ ചുറ്റിലും നിന്ന് ചിതറിപോയിക്കളയുമായിരു ന്നു. അതിനാൽ അവർക്ക് മാപ്പു നൽകുകുകയും പാപമോചനത്തി ന്ന് വേണ്ടി പ്രാർത്ഥിക്കുകയും പ്രധാനമായ കാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുക യും ചെയ്യുക. കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ നീ അല്ലാഹുവിനെ ഭരമേൽപ്പിക്കുക.തീർച്ചയായും അല്ലാഹു ഭരമേൽപ്പിക്കുന്നവരെ ഇഷ്ടപ്പെടുന്നു.' (3:160)**
(അവസാനിച്ചു)

# ഔഷധങ്ങളെക്കുറിച്ചുള്ള അറിവ്

രോഗശമനത്തിനുള്ള ഔഷധങ്ങളെപറ്റി മനുഷ്യനെ പഠിപ്പിച്ചത് ദൈവമാണ് എന്നത് യുക്തി സഹമായ ഒരു വസ്തുതയാണ്. രോഗശമനത്തിന് ചികിത്സയോടൊപ്പം വിശ്വാസികൾ പ്രാർത്ഥനയും നിർവ്വഹിക്കണം എന്നാണ് റസൂൽ തിരുമേനി (സ) യുടെ അദ്ധ്യാപനം

ഖലീൽ അഹ്മദ്

ശാസ്ത്ര സാങ്കേതിക മുന്നേറ്റത്തിന്റെ ഈ ആധുനിക യുഗത്തിൽ രോഗശമനൗഷധങ്ങളുടെ കണ്ടുപിടുത്തങ്ങൾ മനുഷ്യ പ്രയത്ന ഫലമാണെന്ന് പൊതുവേ മനസ്സിലാക്കപ്പെടുന്നു. എന്നാൽ ഇക്കാര്യത്തെക്കുറിച്ച് ഗൗരവപൂർവ്വം വിചിന്തനം നടത്തിയ ചിലർക്കെങ്കിലും ഈ വീക്ഷണം ശരിയല്ലെന്ന് മനസ്സിലായിട്ടുണ്ടാവും. ഭൂമി എന്ന ഗ്രഹത്തിൽ ആദ്യമായി കാൽ കുത്തിയ ദമ്പതിമാർക്ക് വിഷാദ ജനകവും രോഗഗ്രസ്തവുമായ അവസ്ഥയെ അതിജീവിക്കണമായിരുന്നുവെങ്കിൽ തുടക്കം മുതലേ ഔഷധച്ചെടികളെ സംബന്ധിച്ച് അവയുടെ രോഗശമന ഗുണത്തെപ്പറ്റി ബാഹ്യമായ അറിവെങ്കിലും ആർജ്ജിക്കാതെ നിവൃത്തിയുണ്ടാകുമായിരുന്നില്ല എന്ന വസ്തുതയാണ് ഔഷധങ്ങളുടെ കണ്ടുപിടുത്തം മനുഷ്യ പ്രയത്നം മുഖേനയാണെന്ന വാദങ്ങൾക്കെതിരെയുള്ള ഒന്നാമത്തെ ന്യായം.

ഇക്കാര്യം സ്ഥാപിക്കാനായി മനുഷ്യകുലത്തിന്റെ മുൻഗാമികളായ ആദിമ ദമ്പതിമാർക്ക്, അവരെ നമുക്ക് ആദം എന്നും ഹവ്വ എന്നും വിളിക്കാം. കൊതുകു കടി മൂലം മാരകമായ മലേരിയ എന്ന രോഗം ബാധിച്ചതായി സങ്കൽപ്പിക്കാം. ഹോമോ സാപ്പിയൻസ് എന്ന് വിളിക്കപ്പെടുന്ന മനുഷ്യനാണ് ഭൂമി എന്ന ഗ്രഹത്തിൽ അവസാനമായി സൃഷ്ടിക്കപ്പെട്ടത് എന്ന കാര്യം ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതാണ്. അതിനാൽ മാനുഷ്യന് മുമ്പ് തന്നെ മലേരിയ എന്ന രോഗവും അതിന്റെ അണുക്കളെ വഹിക്കുന്ന കൊതുകുകളും ഉണ്ടായിരുന്നുവെന്ന് സിദ്ധിക്കുന്നു. അവക്ക് പെറ്റുപെരുകാൻ കെട്ടിനിൽക്കുന്ന വെള്ളമുണ്ടായിരുന്നു. ഈ ഘട്ടത്തിൽ ഒരു മാസക്കാലം നിരന്തരമായി കടിയേറ്റ ഈ ദമ്പതികൾക്ക് മലേരിയയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയെന്നു സങ്കൽപ്പിക്കാം. ഈ രോഗ ശമനത്തിനായി എന്തെങ്കിലും ഔഷധച്ചെടികൾ ഉപയോഗിക്കാനായി അവർക്ക് ആന്തരിക പ്രചോദനമുണ്ടായെന്നും നമുക്ക് അനുമാനിക്കാവുന്നതാണ്.

തങ്ങളുടെ ചുറ്റും കാണുന്ന ലക്ഷക്കണക്കിന് ഔഷധച്ചെടികളിൽ തങ്ങളുടെ രോഗശമനത്തിനാവശ്യമായ പ്രത്യേക ചെടി അഥവാ മരം ഏതാണെന്നതായിരിക്കും ഈ ദമ്പതികളെ അഭിമുഖീകരിച്ചിരിക്കാവുന്ന ഏറ്റവും പ്രധാന പ്രശ്നം. ലക്ഷക്കണക്കിന് ചെടികളിൽ നിന്ന് അനുയോജ്യമായ ഒന്ന് തിരഞ്ഞെടുക്കാനുള്ള സാദ്ധ്യത തുലോം വിരളമാണ്. അവരുടെ പെട്ടെന്നുള്ള മരണത്തിന് കാരണമായേക്കാവുന്ന എന്തെങ്കിലും ഒരു വിഷച്ചെടി ചിലപ്പോൾ തിരഞ്ഞെടുക്കപ്പെട്ടേക്കാം എന്ന വസ്തുത അവഗണിച്ചാൽ തന്നെ ഓരോ ദിവസവും ഓരോ ചെടി പരീക്ഷിച്ചു കൊണ്ട് മരണത്തെ അതിജീവിക്കുക എന്നത് അസാദ്ധ്യമാണ്.

### രോഗങ്ങൾ

ഇതിനിടയിൽ രോഗം മൂർച്ചിക്കുന്നതിനാൽ എണ്ണപ്പെട്ട ദിനങ്ങൾ മാത്രമേ അവർ ജീവിക്കുകയുള്ളു. മലേറിയ എന്ന രോഗം ഉദാഹരണമായെടുത്താൽ അതിനുള്ള ചികിത്സ കണ്ടെത്തുന്നതിന് മുമ്പ് തന്നെ ആ ദമ്പതികൾ മരണപ്പെടുമെന്ന കാര്യം ഗ്രഹിക്കാൻ അഗാധമായി ചിന്തിക്കേണ്ടതൊന്നുമില്ല.

രോഗത്തെ അതിജീവിക്കാൻ ഔഷധച്ചെടികളെക്കുറിച്ചും അവയുടെ രോഗശമന ഗുണങ്ങളെ കുറിച്ചുമുള്ള അറിവ് അവർക്കാർക്കെങ്കിലും വെളിപ്പെടുത്തിക്കൊടുത്തിട്ടുണ്ടാവണം.

ചില രോഗങ്ങൾ ശമിപ്പിക്കാനുള്ള ഔഷധ വീര്യം ചില

ചെടികൾക്കുണ്ടാവുമെന്ന വസ്തുത കണ്ടെത്തിയത് ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ദത്തിലാണ്. ഇക്കാര്യത്തിൽ ഗവേഷണങ്ങൾ ഇപ്പോഴും തുടരുന്നു. ചില ഗവേഷണങ്ങൾ വഴി ചില രോഗങ്ങൾക്കുള്ള മരുന്നു കണ്ടെത്താനുള്ള വഴി നാം മനസ്സിലാക്കുന്നു. അപ്പോൾ ശാസ്ത്രീയ സിദ്ധാന്തമനുസരിച്ച് പുരാതന മനുഷ്യൻ രോഗശമനൗഷധങ്ങൾ എളുപ്പത്തിൽ കണ്ടെത്തിയിരിക്കുന്നു എന്ന് അനുമാനിക്കാനാവില്ല.

ഔഷധ വിജ്ഞാനിയിൽ (Herbalist) നിന്ന് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഔഷധ സസ്യങ്ങളിൽ നിന്ന് സജീവമായ ഘടകങ്ങളെ ശാസ്ത്രീയ രീതിയിൽ വേർതിരിച്ചെടുത്തുകൊണ്ടാണ് ആധുനിക ശാസ്ത്രത്തിൽ ഇന്ന് കാണുന്ന നേട്ടങ്ങളും ഔഷധങ്ങളും കൈവരിക്കാനയത് എന്ന കാര്യത്തിൽ തർക്കമില്ല. ഉദാഹരണമയി രക്തചംക്രമണം മൂലമുണ്ടാകുന്ന ഹൃദയാഘാതത്തെ പ്രതിരോധിക്കാനുതകുന്ന ഡിജിറ്റാലിസ് എന്ന ഔഷധം വില്യം വിതറിംങ്ങ് കണ്ടുപിടിച്ചത് ഇംഗ്ലണ്ടിലെ ഹേറാഫഷ്യറിലെ ഒരു വൃദ്ധ ഉപയോഗിച്ചിരുന്ന പച്ചമരുന്നിൽ നിന്നാണ്.

### വിജ്ഞാനം

വേട്ടമൃഗങ്ങളെ മരവിപ്പിക്കാൻ തെക്കെ അമേരിക്കയിലെ ഇന്ത്യക്കാർ അമ്പുകളിൽ വിഷമായി പുരട്ടിയിരുന്ന കുറയർ (Curare) എന്ന പച്ച മരുന്ന് 1576 ൽ പീറ്റർ അങ്കേരിയസ് ശസ്ത്രക്രിയാ വേളയിൽ രോഗികളുടെ പേശികളിൽ അയവ് വരുത്തുവാൻ ഉപയോഗിച്ചിരുന്നു.

ഇത്തരം മർമ്മ പ്രധാനമായ അറിവുകളെ കൂടാതെ പുരാതന മനുഷ്യനെപ്പോലെ ആധുനിക ശാസ്ത്രവും പ്രതിസന്ധി നേരിടുമായിരുന്നു. ഈ ഔഷധ വിജ്ഞാനികൾക്ക് ചെടികളുടെ ഔഷധ വിജ്ഞാനങ്ങളെക്കുറിച്ചുള്ള അറിവ് ആരിൽ നിന്നാണ് ലഭിച്ചത് എന്നതാണ് അടുത്ത ചോദ്യം. കാലത്തിന്റെ ഒരു പ്രത്യേക ബിന്ദുവിൽ നിന്നും വംശാവലിയുടെ ഉത്ഭവമന്വേഷിച്ച് നാം പിറകോട്ട് പോകുകയാണെങ്കിൽ എപ്രകാരം നാം ആദ്യ ദമ്പതികളിൽ ചെന്നെത്തുന്നുവോ അതുപോലെ തന്നെ ഇത്തരം വിജ്ഞാനങ്ങളുടെ ഉത്ഭവം തേടി നാം പിന്നോട്ട് സഞ്ചരിച്ചാലും നാം ചെന്നെത്തുന്നത് അതേ ആദ്യ ദമ്പതികളിലാണ്. രോഗശമനത്തെക്കുറിച്ചുള്ള ജ്ഞാനത്തിന്റെ ഉത്ഭവം ഈ ദമ്പതികളിലാണ് എത്തുന്നത് എന്ന് നാം സമ്മതിക്കേണ്ടിവരുമ്പോൾ ആ ജ്ഞാനം അവർക്ക് പകർന്ന് കൊടുക്കുന്നത് ദൈവമാണെന്ന നിഗമനത്തിൽ നാം എത്തിച്ചേരുന്നു.

ഔഷധങ്ങളെക്കുറിച്ചുള്ള അറിവിന്റെ ദൈവികോത്ഭവത്തെ കുറിച്ചുള്ള വാദഗതിയുടെ ആകെത്തുക 1500 വർഷങ്ങൾക്ക് മുമ്പ് നബി (സ) ശക്തമായ രീതിയിൽ പ്രഖ്യാപിച്ച കാര്യം തന്നെയാണ്. അതായത് ഒരു പകർച്ചവ്യാധിയും തന്നെ ദൈവികാനുമതി കൂടാതെ മറ്റുള്ളവരിലേക്ക് പകരുന്നില്ല.

### ശമനം

ആരോഗ്യമുള്ള ഒട്ടകകൂട്ടങ്ങൾക്കിടയിൽ രോഗമുള്ള ഒരു ഒട്ടകം മുഖേനയാണ് രോഗം പകരുന്നത് എന്ന് ബദവിയായ ഒരു അറബി തിരുമേനി (സ)യോട് തടസ്സവാദമുന്നയിച്ചു. ആ വാദം പരിപൂർണ്ണമായും ശരിയാണെന്ന് സമ്മതിച്ചു കൊടുത്ത തിരുനബി (സ) ഇങ്ങനെ ചോദിച്ചു. മറ്റു ഒട്ടകങ്ങൾക്ക് രോഗം പകരുന്നതിന് കാരണമായ ആദ്യത്തെ ഒട്ടകത്തിന് രോഗം നൽകിയതാരാണ്? (ബുഖാരി) അപ്പോൾ ആ ബദവി ഉത്തരം മുട്ടി. അയാൾ സ്ഥലം വിട്ടു.

ഫലത്തിൽ ഈ വാദഗതിമൂലം നബി (സ) ഉദ്ദേശിച്ചതെന്തന്നാൽ ആദ്യ ഒട്ടകത്തിന് രോഗം പിടിക്കപ്പെട്ടത് മറ്റൊരട്ടകത്തിൽ നിന്നല്ല. ദൈവ സൃഷ്ടിയായ രോഗാണുക്കളിൽ നിന്നാണ്. അതിനാൽ ആ പകർച്ചവ്യാധിയുടെ മൂലകാരണക്കാരൻ ദൈവമാണ്.

മറ്റൊരിക്കൽ നബി (സ) ഇപ്രകാരം പറഞ്ഞു. അല്ലാഹു പ്രതിവിധി നിശ്ചയിക്കാത്ത ഒരു രോഗവുമില്ല. (ബുഖാരി) മറ്റൊരു വിധത്തിൽ പറഞ്ഞാൽ ആദിമ മനുഷ്യന് ബാധിച്ച രോഗശമനത്തിന്റെ മൂലകാരണക്കാരൻ ദൈവമാണെങ്കിലും പ്രസ്താവം കൊണ്ടുദ്ദേശിക്കപ്പെട്ടതെന്തെന്നാൽ ആ രോഗത്തിനുള്ള ശമനവും അതിനെക്കുറിച്ചുള്ള അറിവും മനുഷ്യന് വെളിപ്പെടുത്തിക്കൊടുത്തതും ദൈവം തന്നെയാണ് എന്നാണ്.

സ്വമേധയാ ഉണ്ടാവുന്ന രോഗാണുക്കളാണ് രോഗകാരണമെന്ന സിദ്ധാന്തത്തിന് നിലനിൽപ്പില്ലെന്ന കാര്യം അംഗീകരിക്കപ്പെട്ട ഈ യുഗത്തിലെന്നപോലെ ഇസ്‌ലാമിന്റെ ആദ്യകാലത്ത് നബി തിരുമേനി(സ) ഇക്കാര്യത്തെക്കുറിച്ച് വെളിപാട് മുഖേന ബോധവാനായിരുന്നുവെന്നാണ് മേൽ പ്രസ്താവനയിൽ നിന്ന് മനസ്സിലാവുന്നത്.

### ഉദാഹരണങ്ങൾ

രണ്ട് ഉദാഹരണങ്ങൾ നമുക്കെടുക്കാം. ഒരു നായ നാം ഉപയോഗിക്കുന്ന പാത്രത്തിൽ തലയിട്ടാൽ ആ പാത്രം വീണ്ടും ഉപയോഗിക്കുന്നതിന്ന് മുമ്പ് ഏഴ് പ്രാവശ്യം ചെമ്മണ്ണ് തേച്ച് കഴുകണമെന്നാണ് നബി(സ) പറഞ്ഞിരിക്കുന്നത്. അതാവട്ടെ ആധുനിക ശാസ്ത്രം സ്ഥിരീകരിച്ചതുമാണ്.

മറ്റൊരിക്കൽ നബി (സ) പറഞ്ഞു: ഈച്ചയുടെ ഒരു ചിറകിൽ രോഗവും മറ്റെ ചിറകിൽ അതിനുള്ള രോഗശമനവുമുണ്ട്.

നബി തിരുമേനി (സ) എഴുത്തും വായനയും അറിഞ്ഞുകൂടായിരുന്നു. അദ്ദേഹം അവകാശപ്പെട്ടത് പോലെ ദൈവികമായ അറിയിപ്പനുസരിച്ചല്ലാതെ ഇത്തരം ജ്ഞാനങ്ങൾ അദ്ദേഹത്തിന് എവിടെ നിന്ന് കിട്ടി? പ്രത്യേകിച്ച്

ഔഷധങ്ങളുടെ ദൈവികോത്പത്തിക്ക് അനുകൂലമായ തെളിവുകൾ ചില പദങ്ങളിൽ നിന്ന് ലഭിക്കുന്നു. അവയുടെ അർത്ഥവും സാരവും മാനുഷികമായ ഉറവിടങ്ങളിൽ നിന്ന് വ്യുൽപന്നമായതല്ല. ഉദാഹരണമായി അറബി ഭാഷയിലെ അശ്ശാഫി എന്ന പദം. അതിന്റെ അർത്ഥം ദൈവമാണ് ആത്മീയവും ശാരീരികവുമായ രോഗങ്ങളെ ഭേദമാക്കുന്നവൻ എന്നാണ്. അത് ദൈവിക ഗുണങ്ങളിൽ ഒന്നാണ്. അതെന്നും അവന്റെ അസ്തിത്വത്തിന്റെ ഭാഗവുമാണ്.

മറ്റൊരു പദം അർറഹ്മാൻ എന്നാണ്. അല്ലാഹു കാരുണ്യവാനാണ്. അത് അവന്റെ അനന്തമായ കാരുണ്യത്തിന്റെ അർത്ഥങ്ങൾ മുഴുവൻ ഉൾക്കൊള്ളുന്നു. മനുഷ്യന്റെ ഉപജീവനത്തിനും പുരോഗതിക്കും ആവശ്യമായ എല്ലാ മാർഗ്ഗങ്ങളും അവൻ നൽകിയിരിക്കുന്നു. അവനെ ആരാധിച്ചു കൊണ്ട് അവനോട് കൃതജ്ഞത കാണിക്കണമെന്ന മുൻ ഉപാധികളൊന്നും ഈ കാരുണ്യത്തിനില്ല.

മനുഷ്യൻ സൃഷ്ടിക്കപ്പെടുന്നതിന് എത്രയോ മുമ്പ് തന്നെ മനുഷ്യന്റെ രോഗശമനമനത്തിനുള്ള ഔഷധങ്ങൾ ഉദ്പ്പാദിപ്പിക്കാനും സംഭരിക്കാനുമുള്ള ക്രിയാത്മകമായ ശക്തി ദൈവം തന്റെ ജ്ഞാനവും കാരുണ്യവും കൊണ്ട് വ്യക്തികൾക്ക് നൽകിയിരുന്നു എന്നത് ഇതിന് തെളിവാണ്. ചിന്തിക്കുന്നവർക്ക് ഇതിലും ഒരു ദൃഷ്ടാന്തമുണ്ട്.

## പ്രാർത്ഥനയുടെ ഫലദായകത്വം

അറിവും കഴിവുമടക്കമുള്ള എല്ലാ കാര്യങ്ങളിലും മനുഷ്യൻ പരിമിതനാണ്. അവന്റെ എല്ലാ ആവശ്യങ്ങളും ആഗ്രഹങ്ങളും അല്ലാഹു നൽകിയ ഭൗതിക മാർഗ്ഗങ്ങൾ കൊണ്ടു മാത്രം പൂർത്തിയാക്കാൻ അവനു കഴിയില്ല. അതിനാൽ അവൻ തന്റെ

ശേഷം പേജ് 43 ൽ

സാങ്കേതിക പ്രയോഗമനുസരിച്ച് അല്ലാഹു സൃഷ്ടിച്ച വസ്തുക്കളുടെ നാമങ്ങൾ ആദമിന് പഠിപ്പിച്ചു കൊടുത്തതായിട്ടാണ് വിവരിച്ചിരിക്കുന്നത്. ആദ്യത്തെ ദൈവിക ഭാഷയായ അറബിയിലെ മൂല പദങ്ങളും നാമങ്ങളും (പേരുകൾ) തമ്മിലുള്ള പരസ്പര ബന്ധം മുഖേനയാണ് ഇത് സാദ്ധ്യമാക്കിയത്.

മറ്റു വാക്കുകളിൽ പറഞ്ഞാൽ ഈ പ്രപഞ്ചത്തിൽ ദൈവം സൃഷ്ടിച്ച ഓരോ വസ്തുവിലും അന്തർലീനമായ അർത്ഥങ്ങളും സാരങ്ങളും അതിൽ ഉപയോഗിച്ച അറബി ഭാഷയിലെ മൂല പദങ്ങളിൽ കണ്ടെത്താവുന്നതാണ്. അത് അറബി ഭാഷക്ക് ഭാഷകളുടെ മാതാവ് എന്ന ബഹുമതി നൽകുന്നു.

## വെളിപാട്

***ഔഷധങ്ങളുടെ ദൈവികോൽപത്തി തെളിയിക്കുന്ന മറ്റൊരു ഖുർആൻ വാക്യം ഇതാണ്. “നിന്റെ നാഥൻ തേനീച്ചകൾക്ക് ബോധനം നൽകി.” (16:69)***

തേനീച്ചക്കുണ്ടായ വെളിപാട് അതിന് തേനീച്ച കൂടും തേനും ഉണ്ടാക്കാനുള്ള ദൈവിക പദ്ധതിയനുസരിച്ച് നൽകപ്പെട്ട പ്രചോദനമാണ്.

പിന്നെയും അടുത്ത വാക്യത്തിൽ അല്ലാഹു പറയുന്നു: അവയുടെ വയറുകളിൽ നിന്ന് വിവിധ വർണ്ണങ്ങളോടു കൂടിയ ഒരു പാനീയം പുറത്തു വരുന്നു. അതിൽ മനുഷ്യർക്ക് രോഗശമനമുണ്ട്. നിശ്ചയമായും ചിന്തിക്കുന്ന ജനങ്ങൾക്ക് അതിലൊരു ദൃഷ്ടാന്തമുണ്ട്. (16:70)

മനുഷ്യ ശരീരത്തിന്റെ ആരോഗ്യകരമായ പരിരക്ഷണത്തിനാവശ്യമായ എല്ലാ ഘടകകങ്ങളും അടങ്ങിയ തേൻ പ്രകൃതിദത്തമായ ശമനൗഷധമാണെന്ന് ഇന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിരിക്കുന്നു. .

സൂക്ഷ്മ ജീവികളെക്കുറിച്ച് പഠനം നടത്താൻ മൈക്രോസ്കോപ്പ് കണ്ടു പിടിക്കുന്നതിന് എത്രയോ നൂറ്റാണ്ടുകൾക്ക് മുമ്പാണിതെന്ന കാര്യം നാം ഓർക്കണം. തീർച്ചയായും ചിന്തിക്കുന്നവർക്ക് ഇതിൽ വലിയ ദൃഷ്ടാന്തം ഉണ്ട്.

ഇനി നമുക്ക് ചർച്ചയിലേക്ക് തിരിക്കാം. ഔഷധങ്ങളുടെ ദൈവികമായ ഉദ്പത്തിയെക്കുറിച്ച് വ്യക്തമായ തെളിവ് താഴെക്കൊടുക്കുന്ന വിശുദ്ധ ഖുർആൻ വാക്യങ്ങളിലടങ്ങിയിരിക്കുന്നു.

***“അവൻ ആദമിന് എല്ലാ വസ്തുക്കളുടെയും നാമങ്ങൾ പഠിപ്പിച്ചു കൊടുത്തു. അനന്തരം അവയെ മലക്കുകളുടെ മുമ്പിൽ വെച്ചു കാട്ടി. എന്നിട്ടവൻ പറഞ്ഞു: നിങ്ങൾ സത്യം പറയുന്ന വരാണെങ്കിൽ ഇവയുടെ നാമങ്ങൾ എന്തെന്ന് എന്നോട് പറയുക.***

***അവർ പറഞ്ഞു: നീ പരിശുദ്ധനാണ്. ഞങ്ങൾക്ക് നീ പഠിപ്പിച്ചു തന്നതല്ലാതെ യാതൊരറിവും ഇല്ല. നിശ്ചയമായും സർവ്വജ്ഞനും യുക്തിജ്ഞനും നീ തന്നെയാകുന്നു.***

***(അപ്പോൾ) അവൻ (അല്ലാഹു) പറഞ്ഞു: ആദം നീ അവയുടെ നാമങ്ങൾ അവർക്ക് അറിയിച്ചു കൊടുക്കുക. അപ്രകാരം അദ്ദേഹം അവയുടെ നാമങ്ങൾ അവർക്ക് അറിയിച്ചുകൊടുത്തപ്പോൾ അവൻ (അല്ലാഹു) പറഞ്ഞു: നിശ്ചയമായും ആകാശങ്ങളിലേയും ഭൂമിയിലേയും അദൃശ്യ കാര്യങ്ങൾ എനിക്കറിയാമെന്നും നിങ്ങൾ വെളിപ്പെടുത്തുന്നതും മറച്ചുവെക്കുന്നതും ഞാനറിയുന്നുവെന്നും നിങ്ങളോട് ഞാൻ പറഞ്ഞിരുന്നല്ലോ? ”(2:32 34)***

അതിനാൽ ദൈവം ഈ വാക്യങ്ങളനുസരിച്ച് രോഗശമനങ്ങളെക്കുറിച്ചുള്ള ചില മർമ്മ പ്രധാനമായ ജ്ഞാനവും ആദമിന്റെ നില നിൽപ്പിനായി വെളിപ്പെടുത്തി കൊടുത്തുവെന്നാണ് മനസ്സിലാകുന്നത്. വിശുദ്ധ ഖുർആന്റെ

# യു എ ഇ – ഇസ്രയേൽ സമാധാന കരാർ

മുസാഫിർ

2020 ആഗസ്ത് 13 ന് ഒരു സംയുക്ത പ്രസ്താവനയിലൂടെ പുറത്ത് വന്ന അബ്രഹാം കരാർ എന്ന് വിശേഷിപ്പിക്കപ്പെടുന്ന യു എ ഇ – ഇസ്രയേൽ സമാധാന കരാർ മുസ്ലിം ലോകത്തും അന്താരാഷ്ട്ര രംഗത്തും സമ്മിശ്ര പ്രതികരണങ്ങൾക്കും ചർച്ചകൾക്കും വഴിയൊരുക്കിയിരിക്കുന്നു. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ കാർമികത്വത്തിൽ നടന്ന കരാർ വൻ വിജയമായി അമേരിക്കയും ഇസ്രയേലും വിശേഷിപ്പിക്കുമ്പോൾ തുർക്കിയും ഇറാനും കരാറിനെ തുറന്നെതിർക്കുകയാണ്. ഒരു സ്വതന്ത്ര രാഷ്ട്രം സ്വപ്നം കണ്ട്കൊണ്ട് കഴിഞ്ഞ ഏഴ്പതിറ്റാണ്ടിലേറെ കാലമായി അരക്ഷിതാവസ്ഥയിൽ കഴിയുന്ന ഫലസ്തീൻ ജനത കരാറിനെ രൂക്ഷമായെതിർക്കുകയാണ്. തങ്ങൾക്കിത് പിന്നിൽ നിന്നേറ്റ കുത്താണെന്ന് പറഞ്ഞാണ് ഫലസ്തീനികൾ കരാറിനെതിരെ പ്രതികരിച്ചത്. ഇസ്റയേലുമായി മുസ്ലിം ലോകത്തിന്നും അന്താരാഷ്ട്ര സമൂഹത്തിന്നുമുള്ള ഇപ്പോഴുള്ള മുഖ്യ വിയോജിപ്പ് ഫലസ്തീൻ ജനത തിങ്ങിപാർക്കുന്ന ജെറുസലേം മേഖലയിൽ ഇസ്റയേൽ നടത്തുന്ന അന്യായമായ അധിനിവേശവും പാർപ്പിട നിർമ്മാണവുമാണ്. കരാർ പ്രഖ്യാപനത്തിൽ അധിനിവേശം തൽക്കാലം നിർത്തിവെക്കും എന്നല്ലാതെ ശാശ്വതമായി ഉപേക്ഷിക്കും എന്ന് പറയുന്നില്ല. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ കാർമികത്വത്തിലാണ് ഈ കരാർ ധാരണയിലെത്തിയത്. അമേരിക്കയുടെ നേതൃത്വത്തിൽ ഫലസ്തീൻ രാജ്യ രൂപീകരണവുമായി ബന്ധപ്പെട്ട് ഇസ്രയേലുമായുണ്ടാക്കിയ 1993ലെ ഓസ്ലോ കരാറും 2000 ക്യാമ്പ് ഡേവിഡ് കരാറും നടപ്പാക്കിയെങ്കിൽ സമാധാനം ഇതിന് മുമ്പ് തന്നെ നടപ്പാകുമായിരുന്നു. യുഎഇയും സഊദിയുമടക്കമുള്ള അംഗങ്ങൾ 2002 ൽ ബയ്റൂത്തിൽ ചേർന്ന അറബ് ലീഗ് ഉച്ചകോടിയിൽഫലസ്തീനികൾക്ക് സ്വതന്ത്ര രാജ്യം അംഗീകരിക്കുന്ന പ്രമേയം പാസാക്കിയതാണ്. അതിനെ പറ്റിയും കരാർ മൗനം പാലിക്കുന്നു. അതിന്ന് പകരം ഇസ്രയേൽ യു എ ഇ കരാറിന്ന് ശേഷവും അധിനിവേശം തുടരുമെന്ന സൂചനയാണ് സമാധാന കരാറിനെ സംശയഗ്രസ്ഥമാക്കുന്നത്.

1971 ലാണ് യു എ ഇ രൂപം കൊള്ളുന്നത്. അതിന് മുമ്പ് ആ മേഖല ബ്രിട്ടീഷ് സംരക്ഷിത പ്രദേശമായിരുന്നു. അബൂദാബി ഭരണാധികാരി ഷെയ്ഖ് സായിദ് ബിൻ സുൽത്താൻ അൽ നഹ്യാന്റെ നേതൃത്വത്തിൽ അബുദാബി, ദുബൈ, ഷാർജ, ഫുജൈറ, അജ്മാൻ, ഉം അൽ കുവൈൻ, റാസ് അൽ ഖൈമ, എന്നിങ്ങനെ 7 എമിറേറ്റ്സുകൾ (അമീർ ഭരണ പ്രദേശങ്ങൾ) ചേർന്ന് ഒരു ഫെഡറേഷനായി യു എ ഇ രൂപം കൊള്ളുകയായിരുന്നു. അബുദാബിയാണ് തലസ്ഥാനം. 83,600 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഒരു കൊച്ചു പരമാധികാര രാജ്യമായ യുഎഇയുടെ രാജ്യാതിർത്തികൾ പലയിടത്തും സങ്കീർണ്ണമാണ്. സഊദി കഴിഞ്ഞാൽ അറബ് മേഖലയിലെ ഏറ്റവും വലിയ സാമ്പത്തിക ശക്തിയായ യുഎഇ തീരങ്ങളിൽ ഇനിയും ഖനനം ചെയ്യപ്പെടാത്ത വൻ എണ്ണശേഖരമുണ്ട്. യു എ ഇ ജനസംഖ്യ 92 ലക്ഷമാണ്. 2013ൽ ലോകത്ത് ഏറ്റവും കൂടുതൽ കുടിയേറ്റ തൊഴിലാളികളുള്ള 5-ാമത്തെ രാജ്യമാണ് യു എ ഇ. 7.8 ദശലക്ഷമാണ് കുടിയേറ്റ തൊഴിലാളികൾ. തദ്ദേശീയ ജനസംഖ്യ 9.2 ദശലക്ഷം. അതായത് കുടിയേറ്റക്കാർ ജനസംഖ്യയുടെ 80 ശതമാനം വരും.

മറ്റ് നാടുകൾ കുടിയേറ്റ ജനതയോട് അസഹിഷ്ണുത കാട്ടുമ്പോൾ ഈ കൊച്ചു രാജ്യത്തെ നീതിമാന്മാരും സൗമ്യശീലരുമായ ഭരണാധികാരികൾ ദരിദ്രനാടുകളോട് കാണിക്കുന്ന ഔദാര്യം ശ്ലാഘനീയമാണ്. ഇന്ത്യ, ബംഗ്ലാദേശ്, പാകിസ്താൻ എന്നീ രാജ്യങ്ങളിൽ നിന്നുള്ളവരാണ് അധികവും. യുഎഇയിലുണ്ടാകുന്ന ഏതൊരു ചെറുചലനവും നമ്മുടെ കേരളത്തിലെ സാധാരണ ജനജീവിതത്തെ സാരമായി ബാധിക്കും എന്നതിനാൽ ഈ പ്രദേശത്തെ ആശങ്കകൾ നമ്മുടെ ആശങ്കകൾ കൂടിയാണ്. കൊവിഡിന്റെ തിക്തയാഥാർത്ഥ്യങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന കേരളീയർ ഗൾഫിൽ നല്ല നാളുകൾക്ക് വേണ്ടി കാത്തിരിക്കുകയാണ്. ഈ കരാർ അതിന്ന് ഉതകുമാറാകട്ടെ.

1979ൽ ഈജിപ്തിനും 1994 ൽ ജോർദ്ദാനും ശേഷം ഇസ്രയേലുമായി നയതന്ത്രബന്ധം സ്ഥാപിക്കുന്ന മൂന്നാമത്തെ മുസ്‌ലിം രാജ്യമാണ് യു എ ഇ. അമേരിക്കൻ പ്രസിഡന്റ് സ്ഥാനത്ത് അനുയോജ്യനല്ലാത്ത വ്യക്തി എന്ന് നിരവധി തവണ തെളിയിച്ച പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് സെപ്തംബറിൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ ജയിച്ചു കയറാൻ ബുദ്ധിമുട്ടാണെന്ന് കണ്ട് സമാധാന ദൂതന്റെ വേഷം അണിയാനാണ് ഈ സമാധാന കരാറിന്ന് മുൻ കൈ എടുത്തതെന്ന് പറയപ്പെടുന്നു. അമേരിക്കൻ തിരഞ്ഞെടുപ്പ് ആസന്നമായാൽ നിലവിലെ അമേരിക്കൻ പ്രസിഡന്റിന്റെയും അമേരിക്കയുടെയും വീര്യം പ്രദർശിപ്പിക്കാനും അമേരിക്കയിലെ യഹൂദ വോട്ടർമാരെ പ്രീണിപ്പിക്കാനും പശ്ചിമേഷ്യയിൽ ഒരു ആക്രമണം സംഘടിപ്പിക്കുക എന്നതായിരുന്നു ഇത്‌വരെയുള്ള രീതി. കോവിഡ് രോഗം ആ ശൈലിയിൽ മാറ്റം വരുത്തിയിരിക്കുന്നു. യുദ്ധവും അക്രമവും രോഗത്താൽ വിവശരായ അമേരിക്കൻ ജനതയെ ഉത്തേജിപ്പിക്കുന്നില്ല. പകരം സമാധാനം ആഗ്രഹിക്കുന്നു എന്നതാണ് സൂചന. അതുകൊണ്ടാണ് ട്രംപും അദ്ദേഹത്തിന്റെ യഹൂദനായ മരുമകൻ ജരീദ് കുശ്നറും ചേർന്ന് ഈ സമാധാന കരാർ തന്ത്രം ആവിഷ്ക്കരിച്ചതെന്നും വിലയിരുത്തപ്പെടുന്നു. സമാധാന കരാറിനെ അമേരിക്കൻ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്ന ഡെമോക്രാറ്റിക് സ്ഥാനാർത്ഥി ജോ ബൈഡൻ സർവ്വാത്മനാ സ്വാഗതം ചെയ്തെങ്കിലും ഫലസ്തീൻ പ്രദേശങ്ങൾ ഇസ്റയേലിനോട് കൂട്ടിചേർക്കുന്നതിനെ ജോബൈഡൻ നിശിതമായി വിമർശിക്കുകയുണ്ടായി. മേലിലും താനതിനെ എതിർക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്.

കരാറിലെ മറ്റൊരു കക്ഷിയായ ഇസ്രയേലിൽ അഞ്ചാം തവണയും പ്രധാനമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ട നെതന്യാഹുവിന്റെ സ്ഥിതിയും അങ്ങേയറ്റം പരുങ്ങലിലാണ്. നെതന്യാഹുവിനെതിരെ മൂന്ന് അഴിമതികേസുകളിൽ ക്രിമിനൽ കുറ്റം ചുമത്തിയതായി ഇസ്രയേൽ അറ്റോർണി ജനൽ പ്രഖ്യാപിച്ചിരിക്കയാണ്. അതിന്ന് ശേഷം പ്രധാനമന്ത്രിയുടെ രാജി ആവശ്യപ്പെട്ട് 'ക്രൈം മിനിസ്റ്റർ ഗോ എവേ' എന്ന മുദ്രാവാക്യം വിളിച്ച് രണ്ട് മാസത്തോളമായി ഇസ്രയേലിലുടനീളം വൻ പ്രക്ഷോഭങ്ങൾ നടന്നു വരികയാണ്. കോടതി കുറ്റം ചുമത്തിയാലും വിചാരണ ഒഴിവാക്കാൻ പ്രധാന മന്ത്രിക്ക് പാർലമെന്റിനോട് അപേക്ഷിക്കാം. പക്ഷേ പാർലമെന്റിൽ ആർക്കും ഭൂരിപക്ഷമില്ല. ബഹുകക്ഷി സംവിധാനമുള്ള ഇസ്രയേലിൽ നടന്ന തിരഞ്ഞെടുപ്പുകളിൽ ഒരുപാർട്ടിക്കും ഭൂരിപക്ഷം ഇല്ലാത്തതിനാൽ മൂന്നാമത്തെ തവണയാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. എന്നിട്ടും ആർക്കും ഭൂരിപക്ഷം ഇല്ലാത്തതിനാൽ നെതന്യാഹുവിന്റെ ലിക്കുഡ് പാർട്ടി എതിരാളിയായി മത്സരിച്ച മുൻ സൈനിക മേധാവി ബെന്നി ഗാന്റ്സിന്റെ ബ്ലൂ ആന്റ് വൈറ്റ് പാർട്ടിയുമായി സഖ്യമുണ്ടാക്കിയാണ് ത്രിശങ്കു മന്ത്രിസഭ രൂപീകരിച്ചത്. ഒന്നര വർഷം കഴിഞ്ഞാൽ ഇപ്പോൾ പ്രതിരോധ മന്ത്രിയായ ബെന്നി ഗാന്റ്സിന്ന് നൽകി നെതന്യാഹു പ്രധാനമന്ത്രി സ്ഥാനം ഒഴിയണം. ഈ ഘട്ടത്തിലാണ് അഴിമതികുറ്റം ചുമത്തി കൊണ്ടുള്ള കോടതി ഉത്തരവ് വന്നത്. ഈ പ്രതിസന്ധിയിൽ നിന്നും കരകയറാനാണ് യുഎഇ കരാർ എന്നാണ് വിലയിരുത്തൽ.

ഇറാനെ ഒറ്റപ്പെടുത്തി സഊദി നേതൃത്വത്തിൽ പശ്ചിമേഷ്യയിൽ നടക്കുന്ന മുസ്‌ലിം രാജ്യങ്ങൾക്കിടയിലെ വിഭജനത്തിൽ ഇസ്റയേലിന്റെയും അമേരിക്കയുടെയും പങ്കാളിത്തം വ്യക്തമാണ്. സമാധാന കരാർ തീർച്ചയായും സ്വാഗതാർഹമാണ്. എന്നാൽ ഇറാൻ, തുർക്കി, ഖത്തർ എന്നീ രാജ്യങ്ങൾ ഒരു വശത്തും സഊദിയുടെ നേതൃത്വത്തിലുള്ള മുസ്‌ലിം രാജ്യങ്ങൾ മറുവശത്തുമായി മുസ്‌ലിം ലോകം ധ്രുവീകരിക്കപ്പെട്ട പാശ്ചാത്തലത്തിൽ യു എ ഇ ഇസ്റയേൽ കരാർ സമാധാനത്തിലേക്കോ അതല്ല സംഘർഷത്തിലേക്കോ പോകുക എന്ന ആശങ്കകളുയർത്തുന്നു. പശ്ചിമേഷ്യയിലെ ഇറാഖ്, സിറിയ, ലിബിയ എന്നീ ശക്തരായ മുസ്‌ലിം രാജ്യങ്ങൾ കഴിഞ്ഞ ദശകങ്ങളിൽ യുദ്ധങ്ങളാലും അഭ്യന്തരകലാപങ്ങളാലും നശിപ്പിക്കപ്പെട്ട സാഹചര്യത്തിൽ മേഖലയിലെ ശക്തമായ മറ്റൊരു രാജ്യമായ ഇറാനെതിരാണോ സഖ്യത്തിന്റെ അന്തിമ ലക്ഷ്യം എന്ന സംശയവും മുസ്‌ലിം ലോകത്ത് ഉയരുന്നുണ്ട്. ബറാക് ഒബാമയുടെ കാലത്ത് നിലവിൽ വന്ന ഇറാൻ അമേരിക്ക ന്യൂക്ലിയർ കരാറിനെതിരെ രൂക്ഷമായി പ്രതികരിച്ചത് ഇസ്റയേലും സഊദി അറേബ്യയുമായിരുന്നു. ഇറാനുമായുള്ള ആ കരാർ ട്രംപ് റദ്ദാക്കുക മാത്രമല്ല ഇറാനെതിരെ ഉപരോധം പ്രഖ്യാപിക്കുകയും ചെയ്തിരിക്കുകയാണ്. മാത്രമല്ല അറബ് വസന്തം പോലെയുള്ള പൊതുജന




പ്രക്ഷോഭങ്ങൾ പശ്ചിമേഷ്യയിലെ ഭരണരൂപം ക്രമേണ മാറ്റുമോ എന്ന ഭയവും സഊദി അറേബ്യക്കും മറ്റു രാജഭരണങ്ങൾക്കുമുണ്ട്. ഇറാനുമായി സൈനികമായി ഏറ്റുമുട്ടാൻ ഏറ്റവും അടുത്ത പ്രദേശം യുഎഇ ആണ്. ഈ സൗകര്യം ഉപയോഗപ്പെടുത്തലാണോ ഇസ്രയേലിന്റെ അന്തിമ ലക്ഷ്യമെന്നും സംശയിക്കുന്നവരുണ്ട്.

ഏതായാലും കരാർ വ്യാപാര സഹകരണം,സുരക്ഷ, നിക്ഷേപം, ടൂറിസം, നേരിട്ടുള്ള വിമാന സർവീസ്, ശാസ്ത്ര സഹകരണം അംബാസഡർ നിലവാരത്തിലുള്ള നയതന്ത്ര ബന്ധം, ആരോഗ്യം, പരിസ്ഥിതി സംസ്ക്കാരം എന്നീ മേഖലയിൽ സഹകരിക്കാനാണ് കരാറിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇസ്രയേലുമായി പരോക്ഷ ബന്ധം യു എ ഇ എത്രയോ വർഷമായി നിലനിർത്തിപോരുന്നുണ്ട്. ശാസ്ത്ര സാങ്കേതിക രംഗത്ത് വൻ പുരോഗതി നേടിയ രാജ്യമാണ് ഇസ്രയേൽ. അവരുമായി ആ രംഗത്തുള്ള സഹകരണം തീർച്ചയായും എത്രയോ പിന്നോക്കം നിൽക്കുന്ന യു എ ഇക്ക് ഗുണകരമാകും. 2015 ൽ ഇസ്രയേൽ അബുദാബിയിൽ അന്തർ ദേശീയ റിന്യൂവബിൾ എനർജിയുമായി ബന്ധപ്പെട്ട് ഒരു ഒരു നയതന്ത്ര ഓഫീസ് തുറക്കുകയും 2016 ജനുവരിയിൽ ഇസ്രയേൽ ഊർജ്ജ മന്ത്രി യുഎഇ സന്ദർശിക്കുകയും ചെയ്തിരുന്നു. പല ജൂത കമ്പനികളും പരോക്ഷമായി പലപേരുകളിലും യുഎഇയിൽ ബിസിനസ് നടത്തിവരുകയും അവരുടെ ഉത്പന്നങ്ങൾ നിർബാധം ഗൾഫിൽ വിറ്റഴിക്കുന്നുമുണ്ട്. 2016 ൽ അമേരിക്കയിലെ നെവേദയിൽ ഇസ്രയേൽ യു എ ഇ, പാകിസ്താൻ സ്പെയിൻ എന്നീ രാജ്യങ്ങളിലെ പൈലറ്റുമാർ പങ്കെടുത്ത സംയുക്ത സൈനിക പരിശീലനം ഉണ്ടായിരുന്നു. 2017 ലും ഇത്പോലെ ഇസ്രയേലി യു എ ഇ പൈലറ്റുമാർ പങ്കെടുത്ത ഒരു വ്യോമ പരിശീലനം ഗ്രീസിലും നടന്നിരുന്നു. യു എ ഇ യിൽ വെച്ച് നടന്ന റീജനൽ കായിക മത്സരങ്ങളിൽ ഇസ്രയേലി അത്‌ലറ്റുകൾ പങ്കെടുക്കുകയുണ്ടായി. 2020 ൽ ദുബായിൽ നടക്കേണ്ടിയിരുന്ന ദുബായ് വേൾഡ് എക്സ്പോയിൽ ഇസ്രയേൽ പങ്കെടുക്കേണ്ടതായിരുന്നു കൊറോണ കാരണം അത് 2021 ലേക്ക് മാറ്റിയിട്ടുണ്ട്. കോവിഡ് വാക്സിൻ രംഗത്ത് ഇസ്രയേലിലെ നിരവധി കമ്പനികളുമായി യു എ ഇ ഇതിനകം ഒപ്പുവെച്ചു കഴിഞ്ഞു. ഇങ്ങനെ നിരവധി മേഖലകളിൽ ഇസ്രയേലുമായി ദശാബ്ദങ്ങളുടെ പ്രച്ഛന്ന ബന്ധം യുഎഇക്കുണ്ട്. സദുദ്ദേശപരമാണെങ്കിൽ കരാർ ശാസ്ത്ര സാങ്കേതിക രംഗത്ത് പിന്നോക്കം നിൽക്കുന്ന യുഎഇക്ക് തീർച്ചയായും ഗുണകരമാണ്.

യുഎഇക്ക് ശേഷം ബഹറൈനും ഒമാനും മൊറോക്കോയും സുഡാനും ഇസ്റയേലുമായി ഭാവിയിൽ കരാറിൽ ഏർപ്പെടാൻ സാദ്ധ്യതയുണ്ടെന്ന് സൂചനയുണ്ട്. കരാറിനെ സംബന്ധിച്ച് അറബ് രാജ്യങ്ങളുടെ നേതൃസ്ഥാനത്തുള്ള സഊദി അറേബ്യ തന്ത്രപരമായ മൗനം പാലിക്കുകയാണ്. ഫലസ്തീനികളുടെ പ്രശ്നത്തിൽ ആശങ്ക പ്രകടിപ്പിച്ചുവെങ്കിലും അമേരിക്കയുമായി ഉറ്റബന്ധമുള്ള സഊദി രാജകുമാരൻ മുഹമ്മദ് ബിൻ സൽമാൻ മനസ്സാ കരാറിനെ അനുകൂലിക്കുന്നു എന്ന കാര്യം വ്യാപകമായി അംഗീകരിക്കപ്പെട്ടതാണ്.

തീർച്ചയായും സമാധാനത്തിലേക്ക് വിളിക്കപ്പെട്ടാൽ ഏത് ഘട്ടത്തിലായാലും അതിലേക്ക് ചായണമെന്നാണ് സമാധാനം എന്ന് അർത്ഥമുള്ള ഇസ്ലാമിന്റെ അദ്ധ്യാപനം. എന്ത് വില നൽകേണ്ടി വന്നാലും എത്ര ത്യാഗങ്ങളും നഷ്ടങ്ങളും സഹിക്കേണ്ടി വന്നാലും സമാധാനം സ്വായത്തമാക്കേണ്ട അമൂല്യ സമ്പത്താണ്. രാജ്യത്ത് സമാധാനം ഉണ്ടെങ്കിൽ മാത്രമേ സമൂഹത്തിന്ന് പുരോഗതി കൈവരിക്കാൻ സാധ്യമാവൂ. ഇസ്റയേൽ ഒരു യാഥാർത്ഥ്യമായിരിക്കേ ആ രാജ്യവുമായും സമാധാനത്തിൽ വർത്തിക്കുകയാ

ണ് ഏറ്റവും അഭികാമ്യം.ഭാവികാലം മുഴുവൻ നാം ഭൂതകാലത്ത് സംഭവിച്ച തെറ്റുകളുടെയും ശത്രുതയുടെയും തടവുകാരായി ഇരുന്നു കൂടാ. വിട്ടുവീഴ്ചകാട്ടിയും മറന്നും പൊറുത്തും സൗഹൃദത്തിന്റെ പുതിയ ചരിത്രം രചിക്കാൻ നാം തയ്യാറാകണം. സ്നേഹത്തിന്റെ പുതിയ തലമുറയെ സൃഷ്ടിക്കണം. അതോടൊപ്പം തീർച്ചയായും ഫലസ്തീനികൾക്ക് എല്ലാ അർത്ഥത്തിലും ഒരു രാഷ്ട്രമായി ജീവിക്കാനുള്ള അവകാശം സ്ഥാപിച്ചു കിട്ടണം. ഇത് ഫലസ്തീനികളുടെ അവകാശം മാത്രമല്ല അന്താരാഷ്ട്രാ സമൂഹത്തിന്റൊ ധാർമിക ബാദ്ധ്യതകൂടിയാണ്സമാധാസനത്തിന്റെ ആലയം എന്ന് പേരുള്ള ജെറുസലേം നഗരം ഈ അബ്രഹാം സമാധാന കരാറിലൂടെ യഥാർത്ഥ ശാന്തിയുടെ ആലയമായിത്തീരട്ടെ എന്ന് നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം. വിശുദ്ധ ഖുർആന്റെ മഹത്തായ ഒരു വചനം ഓർക്കുക.

**'അവരെ നേരിടാൻ വേണ്ടി നിങ്ങളാൽ കഴിയുന്ന ശക്തി സംഭരിക്കുകകയും അതിർത്തിയിൽ കുതിരപ്പടയെ സജ്ജമാക്കി നിർത്തുകയും ചെയ്യുക....... അവർ സമാധാനത്തിലേക്ക് ചായുന്നുവെങ്കിൽ നീയും അതിലേക്ക് ചായുക. അല്ലാഹുവിങ്കൽ ഭരമേൽപ്പിക്കുകയും ചെയ്യുക. തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമാകുന്നു. അവർ നിന്നെ വഞ്ചിക്കാനാനുദ്ദേശിക്കുന്നുവെങ്കിൽ തീർച്ചയായും അല്ലാഹു നിനക്കു മതി. തന്റെ സഹായം കൊണ്ടും സത്യ വിശ്വാസികളെ കൊണ്ടും നിനക്ക് പിൻബലം നൽകിയവനാണവൻ'(വി. ഖുർആൻ അൻഫാൽ. 8: 61– 63).**

www.alislam.org

**പേജ് 39 ൽ നിന്ന് തുടർച്ച**

പ്രശ്നപരിഹാരത്തിനായുള്ള അന്വേഷണത്തിന്റെ അനുബന്ധമായി ദൈവിക സഹായം അർത്ഥിക്കുകയും വേണം. പ്രാർത്ഥന എന്ന വാക്കിന്റെ പൂർണ്ണമായ അർത്ഥത്തിൽ പ്രാർത്ഥനയോടൊപ്പം പരിശ്രമവും കൂടി ചേരണം. ഇസ്ലാമിക പ്രവാചകന്റെ ജീവിതത്തിൽ ഇത് പ്രത്യക്ഷത്തിൽ പ്രകടമായിരുന്നു. അദ്ദേഹം രോഗശമനത്തിനായി പ്രതിവിധികൾ നിർദ്ദേശിക്കുന്നതോടൊപ്പം രോഗശമനത്തിനായി പ്രാർത്ഥിച്ചിരുന്നു.

അല്ലയോ ജനങ്ങളുടെ നാഥാ, ഈ വിഷമം നീ അകറ്റിത്തരേണമെ, യഥാർത്ഥ സൗഖ്യം നിന്റെ ഹസ്തങ്ങളിലാണ്. നീയല്ലാതെ ദുരിതമകറ്റാൻ മറ്റാരും തന്നെയില്ല. (ബുഖാരി)

പ്രാർത്ഥന മുഖേന തിരുനബി (സ) രോഗം ഭേദമാക്കിയ ഉദാഹരണങ്ങൾ ചരിത്രത്തിൽ രേഖപ്പെട്ടു കിടക്കുന്നു. ഉന്മാദം ബാധിച്ച ഒരു കുട്ടിക്ക് വേണ്ടി അദ്ദേഹം പ്രാർത്ഥിക്കുകയും പിന്നെ അവന്റെ നെഞ്ചിൽ അടിക്കുകയും ചെയ്തു. അപ്പോൾ ആ കുട്ടി കറുത്ത നിറത്തിലുള്ള ഒരു വസ്തു ഛർദ്ദിക്കുകയുണ്ടായി അതോടെ ഉന്മാദം അപ്രത്യക്ഷമാവുകയും. അതുപോലെ ഈ കാലഘട്ടത്തിലും വാഗ്ദത്തമസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) പേപ്പട്ടി വിഷം ബാധിച്ച അബ്ദുൾ കരീം എന്ന കുട്ടിക്ക് വേണ്ടി പ്രാർത്ഥിക്കുകയും ഹൈഡ്രോഫോബിയയുടെ ഘട്ടത്തിലെത്തിയിട്ടു പോലും ആ കുട്ടി സുഖം പ്രാപിക്കുകയും ചെയ്തു. ഹൈഡ്രോഫോബിയ എന്ന രോഗാവസ്ഥക്ക് ഇപ്പോഴും പ്രതിവിധികണ്ടു പിടിക്കപ്പെട്ടിട്ടില്ല. മനുഷ്യൻ പരാജയപ്പെടുന്നിടത്ത് സർവ്വശക്തനായ അല്ലാഹു അവനെ സഹായിക്കാനെത്തുന്നു.

*വിവ: കെ. വി ഹസ്സൻകോയ*
*കോഴിക്കോട്*

## വാർത്തകൾ

# ഉന്നത വിജയം



അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് പാലക്കാട് സോണിലെ ആളൂർ ജമാഅത്ത് അംഗം **അർഫാൻ സാഹിബ്** എല്ലാ വിഷയത്തിലും A+ നേടി SSLC പരീക്ഷ വിജയിച്ചിരിക്കുന്നു. ആളൂർ ജമാഅത്തിലെ ബി.എം. താജുദ്ദീൻ സാഹിബിന്റെയും സബീനാ സാഹിബയുടെയും പുത്രനാണ് മിടുക്കനായ ഈ വിദ്യാർത്ഥി.



Published on 07.09.2020

Pages 44

Vol: 92 Issue. 09

Price Rs. 30/-

RNI No. 3332/1957, Registered KL/EKM/726/2018-20

Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment

The Sathyadoothan Monthly



mta INTERNATIONAL

*Muslim Television Ahmadiyya International*



mta INTERNATIONAL
www.mta.tv

YouTube | mta INTERNATIONAL
www.youtube.com/mtaonline1

www.alislam.org